ഭ ഗ വ ദ്ദൂ ത്

(ഭാഷാനാടകം)

"Arya Vaidyan"
K. G. Menon,
GOVT. CERTIFIED PHYSICIAN POISON SPECIAL
Nemmara.

ഗ്രന്ഥകർത്താവ്

നടുവത്ത് അച്ഛൻനമ്പൂതിരി

Publishers:
THE MANGALODAYAM LIMITED
TRICHUR.

1124

പ്രസ്താവന

ശരച്ചന്ദ്രികാധവളമായ മനോഹരകാന്തിയാലും, തങ്ങ ളുകാല കീർത്തിവിശേഷത്താലും, അക്ലിഷ്ടവും അനർഗ്ഗളമധുരമായ കാവ്യാമൃതപ്രവാഹത്താലും, ഒന്നുപോലെ ഒരു കാലത്തു മലയാളസാഹിത്യനഭോമണ്ഡലത്തെ പ്രകാശിതവും പ്രമോദിതവുമാക്കിച്ചെയ്തു ഒരു ദ്വിജപ്രവരനായിരുന്നു നടുവത്തു അച്ഛൻനമ്പൂതിരി തിരുമനസ്സുകൊണ്ടു്. തീരെ തിരോധാനം ചെയ്തുകഴിഞ്ഞു എന്നു പറയുക വയ്യെങ്കിലും, മിക്കവാറും പിൻവലിഞ്ഞുകഴിഞ്ഞിട്ടുള്ള ഒരു കവിതാപ്രസ്ഥാനത്തിന്റെ—വെണ്മണിപ്രസ്ഥാനമെന്നു് ഇച്ചിടയ്ക്കു പ്രകീർത്തിക്കപ്പെട്ട പ്രസ്ഥാനത്തിന്റെ—പ്രാമാണികന്മാരായ പ്രണേതാക്കളുടെ പ്രൌഢപരമ്പരയിൽ നടുനായകസ്ഥാനംതന്നെയാണു് ആ തിരുമനസ്സിലേയ്ക്കുണ്ടായിരുന്നതു്. സുചരിതനും സുപ്രസിദ്ധനുമായിരുന്ന ആ സുകവിയുടെ പ്രധാനകൃതിയായ 'ഭഗവദ്ദൂതി'ന്റെ നവീനമായ ഈ നവമപ്പതിപ്പിന്നു് ഒരു പുതിയ പ്രസ്താവന കൂടിയേ കഴിയൂ എന്നും, അതിന്റെ കർത്തൃത്വം ഞാൻ കയ്യേല്ക്കണമെന്നും നിശ്ചയിച്ച പ്രസാധകൻ, നടുവത്തില്ലത്തെ ഇന്നത്തെ കാരണവരും സഹൃദയനുമായ പരമേശ്വരൻ നമ്പൂതിരി അവർകളുടെ, ഔചിത്യബോധത്തെക്കുറിച്ചു തീർച്ചയായും രണ്ടഭിപ്രായം ഉണ്ടായേയ്ക്കാവുന്നതും, രണ്ടാമത്തെ തീരുമാനത്തെസ്സംബന്ധിച്ചു് ആക്ഷേപംതന്നെ സംഭവിച്ചേയ്ക്കാവുന്നതുമാണു്. വരുന്ന കേസ്സുകളൊക്കെ വിചാരണചെയ്തു വിധി കല്പിക്കേണ്ട

തായ ഒരു ചുമതലയിൽപ്പെട്ടു കിടക്കുന്ന എനിക്ക് "ഈ കേസ്സ് എന്തിനാണിവിടെ" എന്നുള്ള പ്രശ്നത്തിന്ന് അധികാരമില്ലാത്തതുകൊണ്ടു മാത്രം ഈ കൃത്യം ഞാൻ സ്വീകരിച്ചിട്ടുള്ളതാകുന്നു.

മലയാളത്തിലെ സ്വതന്ത്രനാടകങ്ങളിൽ ഏറക്കുറെ ആദ്യത്തേതുതന്നെയായ ഭഗവദ്ദൂതിന്റെ രണ്ടാമത്തെ അവതാരാവസരത്തിൽ ഇത്തരം ഒരു ചടങ്ങ് ആവശ്യമുണ്ടെന്നുതന്നെ എനിക്കു പക്ഷമില്ല. "ഒന്നാമത്തേയും രണ്ടാമത്തേയും അനുഭവസ്ഥനാക്ക് എന്താ ഭേദം" എന്നു പറഞ്ഞുകൊണ്ടു പ്രസാധകൻ എന്നെ പ്രേരിപ്പിച്ചപ്പോൾ ഈ ബഹുമതി എനിക്കു ലഭിച്ചതിൽ ഞാൻ അത്യന്തം അഭിമാനിതനാകാതിരുന്നുമില്ല. പ്രാമാണികത്വം പ്രയാസം കൂടാതെ പ്രകടീകൃതമാക്കാനുള്ള പ്രധാനപ്പെട്ട വഴികളിൽ പ്രസാധകത്വവും പ്രസ്താവനയും ഉൾപ്പെട്ടു കണ്ടിട്ടുള്ളതുകൊണ്ടും, "കിടച്ചതു കല്യാണം" എന്നൊന്നു ഞെളിയുകയും ചെയ്തു.

പുണ്യശ്ലോകനായ മഹാകവി നടുവത്തച്ഛൻനമ്പൂതിരി തിരുമനസ്സിലെ ഞാൻ ഒരു തവണ മാത്രമേ കണ്ടിട്ടുണ്ടു. അതു ഞാൻ ഇൻറർമീഡിയററുക്ലാസ്സിൽ ചേൎന്ന കൊല്ലം മേടമാസത്തിൽ തൃശ്ശൂരുവെച്ചു സമ്മേളിച്ച 'ഭാരതവിലാസം മഹാസഭ'യുടെ കൂട്ടത്തിരക്കിൽവെച്ചാണ്. ദൂരെനിന്ന് ഒന്നു കണ്ടു കൈകൂപ്പിയതല്ലാതെ അതിൽക്കവിഞ്ഞ് ഒരു സാമീപ്യസമ്പൎക്കത്തിന്നുള്ള ഭാഗ്യം എനിക്ക് കൈവന്നില്ല. അന്നു കണ്ട ആ മനോഹരരൂപം—"മന്ദസ്മിതാൎദ്രമായ അവിടത്തെ പ്രസന്നവദനവും

കാരുണ്യാമൃതപരിപൂർണ്ണങ്ങളായ അനവധി തത്ത്വവാക്കുകളും ശരച്ചന്ദ്രികാധവളമായ അതിലത്തെ ദേഹകാന്തിയും” അതിനെ പതിന്മടങ്ങു സംശുദ്ധവും സമ്പൂജ്യവുമാക്കിത്തീർത്ത ചിത്രമാലയും എൻെറ സ്മൃതിപഥത്തിൽനിന്ന് ഇന്നും അല്പംപോലും മാഞ്ഞുപോയിട്ടില്ല.

മലയാളസാഹിത്യത്തിൽ ഞാൻ ഒന്നാമതായി വായിച്ചു പഠിച്ച സൽഗ്രന്ഥം ഭഗവദ്ദൂതാണെന്നും, അതിലെ ആദ്യശ്ലോകമായ “ചന്ദ്രാനനായാമരണമാംശമനാത്മജന്നു” എന്നു തുടങ്ങുന്ന പദ്യമാണ് ഞാൻ ഇദംപ്രഥമമായി മനഃപാഠമാക്കിയ ഒന്നാമത്തെ ശ്ലോകമെന്നും, അന്നൊരിക്കൽ എൻെറ ബാല്യകാലത്തു ഞങ്ങളുടെ വില്ലേജിൽ ചിലർ ചേർന്നു ഭഗവദ്ദൂത് അഭിനയിച്ചപ്പോൾ ഉത്സാഹഭരിതനായി ഞാനും അതിൽ ഒരു നടനായി ചേർന്നിരുന്നു എന്നും, ഇന്നും എനിക്ക് ആ നാടകത്തിലെ മിക്ക പദ്യങ്ങളും ഹൃദിസ്ഥമാണെന്നും മറ്റുമുള്ള സംഗതികൾ ഈ പുതിയ എഴുന്നള്ളത്തിൽ അകമ്പടി സേവിക്കുന്നതിന്ന് എന്നെ അർഹനും അധികാരിയുമാക്കുമെങ്കിൽ, അതൊന്നുംതന്നെ അറിയാതെ ഇതിലേയ്ക്ക് എന്നെ സമീപിച്ച പ്രസാധകൻ പരമേശ്വരൻനമ്പൂതിരി അവർകളുടെ പ്രവൃത്തി, അജ്ഞാതമായ ഏതോ ഒരു അദൃശ്യശക്തിയുടെ പ്രേരണയാണെന്നു വിശ്വസിച്ച് അദ്ദേഹത്തിന്നും എനിക്കും ഒരുപോലെ ആശ്വാസംകൊള്ളാവുന്നതാണ്.

രസികാഗ്രഗണ്യനായിരുന്ന കട്ടുവിൽ കുഞ്ഞികൃഷ്ണമേനോൻ അവർകളുടെ മനോഹരവും ജീവചരിത്രസംയുക്തവുമായ ഒരു അവതാരികകൊണ്ട് മുമ്പുതന്നെ ഭ

ഗവദ്ഗീതയ്ക്ക് അലംകൃതമാകയാൽ, ഈ പുതിയ പതിപ്പ് ഒ ന്ധതാമത്തെയാണെന്ന് ഒന്ന് ഉറക്കെ വിളിച്ചുപറകയും, സന്തോഷസൂചകമായി ഒന്ന് ആർപ്പുവിളിക്കുകയും മാത്ര മേ ഞാൻ ഇവിടെ ചെയ്യേണ്ടതായിട്ടുള്ളു. ഭഗവദ്ഗീതി ന്റെ ആവിർഭാവത്തിന്നുശേഷം കാവ്യശില്പത്തിന്നു പൊ തുവേയും നാടകസാഹിത്യത്തിന്നു പ്രത്യേകിച്ചും പല പ ല പരിണാമങ്ങളും പരിഷ്കാരങ്ങളും വന്നിട്ടുണ്ടെങ്കിലും, ഈ സൽഗ്രന്ഥത്തിന്ന് എന്നും എവിടേയും സ്വാഗത വും സംപൂജ്യതയും സിദ്ധിക്കാതിരിക്കയില്ലെന്നാണ് എ ന്റെ വിശ്വാസം. എത്ര ദൂരത്ത് എത്തിച്ചേന്നാലും, ഒന്നു പിന്തിരിഞ്ഞു, പുറപ്പെട്ട സ്ഥാനത്തെ എത്തിനോ ക്കുന്നത്, പ്രത്യേകിച്ചും അനിർദ്ദിഷ്ടസങ്കേതരായ ഇന്ന ത്തെ യാത്രക്കാക്ക് കൗതുകാവഹം മാത്രമല്ല, ഉത്സാഹജ നകവും, വിജ്ഞാനപ്രദവുംകൂടിയായിരിക്കുമെന്ന് എനി ക്കു തോന്നുന്നു.

അച്ഛൻനമ്പൂതിരി തിരുമനസ്സിലേയ്ക്കു ഗൂഢാത്മ ങ്ങൾ അകത്തുമില്ല, പുറത്തുമില്ല. അച്ഛവും സ്വച്ഛവു മായിരുന്നു അവിടുത്തെ വൃത്തിയും പ്രവൃത്തിയും; മതിയും കൃതിയും. മുങ്ങിത്തപ്പി വീപ്പുമുട്ടുകയോ, വെട്ടിപ്പൊളിച്ചു വിയത്തൊലിക്കുകയോ, തപ്പിത്തടഞ്ഞു കമഴ്ന്നു വീഴുക യോ, കഷ്ടംവെച്ചു കയ്യൊഴിക്കുകയോ ഒന്നുംകൂടാതെ അ വിടുത്തെ കൃതികളിൽക്കൂടി നമുക്ക് അവിടുത്തെ ഹൃദയ ത്തിലേയ്ക്കു പ്രവേശിക്കാം; അവിടെ ഉള്ളതൊക്കെ യഥേ ഷ്ടം, യഥാവസരം ക്ലേശംവിനാ വിനിയോഗിക്കാം. അ വിടുത്തെ കവിതയിൽ അവിടുന്ന് ഇല്ലാത്തത് ഉണ്ടെ ന്നു നടിച്ചോ ഉള്ളതിനെ ഒളിപ്പിച്ചുവെച്ചോ ഊററക്കാ

രെ ഉഴിഞ്ഞാലാടിച്ചോ, ആരേയും പരിഭ്രമിപ്പിക്കുകയോ, പരിതപിപ്പിക്കുകയോ ചെയ്യിട്ടില്ല. കവിയുടെ സ്വഭാവം കവിതയിൽ കാണുമെങ്കിൽ ഭഗവദ്ദൂതാണ് അച്ഛൻനമ്പൂതിരി തിരുമനസ്സുകൊണ്ടു്; അവിടുന്നാണ് ഭഗവദ്ദൂത്. പരിഷ്കാരം വൎദ്ധിച്ച മനുഷ്യൻ എന്തെല്ലാം തരം പാനീയങ്ങളെ കൃത്രിമമായി നിൎമ്മിച്ചാലും എല്ലാററിൻേറയും അടിസ്ഥാനം പച്ചവെള്ളവും, ദാഹശമനത്തിന്നു് എന്നും ഏററവും പൎയ്യാപ്തമായതു് "ധാതാവാദൈവ ചമച്ചീടിനൊരുദകം" മാത്രവുമായിരിക്കും.

പ്രസാധകത്വം പ്രയാസമേറിയ സംഗതിയായ ഇക്കാലത്തു് ഈ രമ്പതാംപതിപ്പിൻെറ പ്രസിദ്ധീകരണത്തിന്നു പ്രയത്നിച്ച നടുവത്തു പരമേശ്വരൻനമ്പൂരി അവർകളെ സഹൃദയലോകം സസന്തോഷം കൃതജ്ഞതാപുരസ്സരം കൊണ്ടാടാതിരിക്കയില്ല. ഈ പതിപ്പിന്നും ഞാൻ സൎവ്വ മംഗളങ്ങളും പ്രാൎത്ഥിക്കയും മൂന്നു പതിററാണ്ടിന്നു മുമ്പുണ്ടായ ചില മധുരസ്മരണകളെ പുതുക്കുന്നതിന്നും, അനശ്വരകീൎത്തിമാനായ അച്ഛൻനമ്പൂതിരി തിരുമനസ്സിലെക്കു് ഒരു പുഷ്പാഞ്ജലി നടത്തുന്നതിന്നും എനിക്കു സന്ദൎഭവും സംഗതിയും ഉണ്ടാക്കിത്തന്നതിന്നു പ്രസാധകനോടു് എനിക്കുള്ള കടപ്പാടിനെ ഇവിടെ രേഖപ്പെടുത്തുകയും ചെയ്യുന്നു.

"സാന്ദ്രപ്രമോദമുളവാക്കുവതിന്നുവേണ്ടി
നന്ദാത്മജൻ കരുണയാ തുണയായ്വരട്ടെ."

എറണാകുളം,
23-7-1120.

പുത്തേഴത്തു രാമൻമേനോൻ.

പ്രസാധകക്കുറിപ്പ്

എന്റെ വന്ദ്യപിതാമഹൻ നടുവത്തച്ഛൻ നമ്പൂ
തിരിയും അച്ഛൻ മഹൻനമ്പൂതിരിയും കൈരളീക്ഷേത്ര
ത്തിലെ കെടാവിളക്കുകളും അവരുടെ കീർത്തിസ്തംഭമായ
ഭഗവദ്ദൂത് ഭാഷാനാടകം, ഭാഷാദേവിയുടെ മണിപ്പതക്ക
വുമായി എന്നെന്നും പ്രശോഭിക്കുമെന്നു സഹൃദയസമ്മതി
ലഭിച്ചിട്ടുള്ള സ്ഥിതിക്ക് ഈ ഗ്രന്ഥത്തെക്കുറിച്ചോ ഗ്ര
ന്ഥകാരനെക്കുറിച്ചോ ഇവിടെ ഞാൻ എന്തെങ്കിലും പ
റവാൻ ഉദ്യമിക്കുന്നതു് അനുചിതവും അതിപ്രസംഗവു
മായിരിക്കും. എന്നാൽ ഈ ഗ്രന്ഥത്തിന്റെ പ്രസിദ്ധീ
കരണത്തെക്കുറിച്ചു രണ്ടു വാക്കു പറയാതെ നിവൃത്തിയി
ല്ല. ഇതിന്റെ ഏഴും എട്ടും പതിപ്പുകൾ അച്ഛന്റെ നി
ർദ്ദേശമനുസരിച്ചു ഞാൻതന്നെയാണു് അച്ചടിപ്പിച്ചതു്.
പ്രസ്തുതഗ്രന്ഥത്തിന്റെ ഈ നവോദയം കണ്ടു കൺകുളി
ർപ്പിക്കാനുള്ള ഭാഗ്യം ലഭിക്കാതെ സാഹിത്യാരാമത്തിലെ
ആ മനോഹരകുസുമം വിധിയാൽ അപഹൃതമായതു്
എനിക്കു മാത്രമല്ല മലയാളഭാഷയ്ക്കും ഭാഷാപ്രണയികൾ
ക്കും വലിയൊരു തീരാനഷ്ടമായിട്ടുണ്ടു്. അച്ഛന്റെ വി
യോഗത്താലും കടലാസ്സിന്നും മററും വന്നുചേർന്നിട്ടുള്ള
ദൗർല്ലഭ്യത്താലും പ്രസിദ്ധീകരണം ക്ലേശഭൂയിഷ്ഠമായ
ഈ സന്ദർഭത്തിലും ഇതിന്റെ പുതിയ പതിപ്പു് അച്ചടി
ക്കാൻ പുറപ്പെട്ടതു വലിയ സാഹസമായിരിക്കാം. എ
ങ്കിലും മേൽപ്പറഞ്ഞ എന്റെ ഗുരുക്കന്മാരുടെ അനുഗ്ര
ഹത്താലും വിശിഷ്യ പുത്തേഴത്തു രാമൻമേനോൻ ദേശ

മംഗലത്തു വാസുദേവൻനമ്പൂതിരിപ്പാട് എന്നിവരുടെ സഹായസഹകരണങ്ങളാലും ഈ ഒമ്പതാംപതിപ്പു സഹൃദയസമക്ഷം അവതരിപ്പിക്കുവാൻ സാധിച്ചതിൽ എനിക്ക് അതിയായ സന്തോഷവും കൃതജ്ഞതയും തോന്നുന്നുണ്ട്.

നടുവത്തുമന,
ചാലക്കുടി
28—7—1120.

നടുവത്തു
ചരമേശ്വരൻനമ്പൂതിരി.

നടുവത്ത്

അച്ഛൻ നമ്പൂതിരി

ഇക്കഴിഞ്ഞ അൎദ്ധശതവൎഷത്തിൽ മലയാളഭൂമിയിൽ ഉണ്ടായിട്ടുള്ള അനവധി കവികളുടെ ശേഖരത്തിൽ ഒരു മാന്യസ്ഥാനത്തിന്നവകാശിയായ നടുവത്തു് അച്ഛൻനമ്പൂതിരി തിരുമനസ്സിലെ പേരു കേൾക്കാതെ മലയാളഭാഷയിൽ അക്ഷരജ്ഞാനമുള്ളവർ ആരുംതന്നെ ഉണ്ടായിരിക്കുമെന്നു തോന്നുന്നില്ല. എന്നാൽ അവിടുത്തെ ജനനത്താൽ പരിഷ്കൃതമാക്കിച്ചെയ്യപ്പെട്ട പ്രദേശവും സംവത്സരവും ഏതാണെന്നും അവിടുത്തെ ബാല്യസ്ഥിതി എന്തായിരുന്നു എന്നും വിദ്യാഭ്യാസം ഏതുപ്രകാരമായിരുന്നു എന്നും അവിടുത്തെ ജനനശേഷം ഇല്ലത്തേയ്ക്കു വല്ല ഭേദഗതിയും വന്നിട്ടുണ്ടോ എന്നും അവിടുത്തെ വൃത്തിയുടെ സ്വഭാവമെന്താണെന്നും മറ്റുമുള്ള വിവരങ്ങൾ ആ തിരുമനസ്സിലെ കവിതാമാധുൎയ്യം അനുഭവിച്ചു സുഖിക്കുന്ന അനേകായിരം ജനങ്ങളിൽ ചുരുക്കം പേൎക്കു മാത്രമേ അറിവുണ്ടായിരിക്കയുള്ളു. കാളിദാസൻ, ഭവഭൂതി മുതലായ പ്രാചീനസംസ്കൃതകവികളേയും, എന്നു വേണ്ട, ചുരുങ്ങിയ ശതവൎഷങ്ങൾക്കിപ്പുറം ജീവിച്ചിരുന്ന തുഞ്ചത്തെഴുത്തച്ഛൻ, കുഞ്ചൻനമ്പ്യാർ മുതലായ മലയാളകവികളേയും സംബന്ധിച്ചു, മേൽപ്പറഞ്ഞപ്രകാരം പൂൎണ്ണമായ വിവരങ്ങൾ വേണമെന്നില്ല. നിരാക്ഷേപമായി കലാനിൎണ്ണയം ചെയ്യത്തക്കവിധമുള്ള വിവരംപോലും കുറിച്ചിട

വാൻ തോന്നാത്ത അവരുടെ സമാനകാലീനന്മാരെ നാം ചില സന്ദർഭങ്ങളിൽ മനസ്സറിയാതെ ശപിക്കുമാറുണ്ട്. നമ്മുടെ പിൻഗാമികൾക്കു നമ്മെ അപ്രകാരം ശപിക്കുവാൻ ഇടകൊടുക്കാതിരിക്കേണ്ടതു നമ്മുടെ ചുമതലയാണ്. എന്നാൽ ഈ മഹത്തായ കൃത്യത്തെ ഞാൻ ചെയ്യുന്നതിനേക്കാൾ പതിന്മടങ്ങു ഭംഗിയായി നിർവ്വഹിക്കത്തക്ക അനവധി യോഗ്യർ ഇപ്പോഴുണ്ടെന്ന് എനിക്കു പൂർണ്ണബോദ്ധ്യമുണ്ടെങ്കിലും, അച്ഛൻനമ്പൂതിരി തിരുമനസ്സിലേയ്ക്ക് ഈയുള്ളവനിലുള്ള അതിരററ വാത്സല്യത്തിൻെറ ശക്തിയാൽ ഇതു ഞാനായാൽ മതി എന്ന് അവിടുന്ന് അരുളിച്ചെയ്കയും, അവിടുത്തെക്കുറിച്ച് ഈയുള്ളവനുള്ള അതിരററ ഭക്തിബഹുമാനങ്ങളുടെ ശക്തിയാൽ ആ തിരുമനസ്സിലെ ജീവചരിത്രസംഗ്രഹം ഞാൻതന്നെ എഴുതേണ്ടതാണെന്ന് എനിക്കു തോന്നുകയും ചെയ്കയാൽ ഇതിന്നു പുറപ്പെട്ടതാണെന്നു മഹാജനങ്ങളെ അറിയിച്ചുകൊള്ളുന്നു.

നടുവത്ത് അച്ഛൻനമ്പൂരി തിരുമനസ്സുകൊണ്ടു 1016-ാമാണ്ടു മീനമാസത്തിൽ മകം നക്ഷത്രത്തിൽ, 'ചാലെ മാടമഹീപതി പാലിച്ചീടുന്ന കൊച്ചിരാജ്യത്തു ചാലക്കുടി' എന്ന ദിക്കിൽ ജനിച്ചു. ഭക്തികൊണ്ടും വിരക്തികൊണ്ടും ദാരിദ്ര്യംകൊണ്ടും കുചേലബ്രാഹ്മണനോടുപമിക്കാവുന്ന അവിടുത്തെ അച്ഛൻ, മഹാനായ ഈ ഉണ്ണിയുടെ മുഖദർശനത്താലുള്ള സുഖം അനുഭവിപ്പാൻ നില്ക്കാതേയും ഉണ്ണിക്കു പിതൃലാളനസുഖം അനുഭവിപ്പാൻ ഇടകൊടുക്കാതേയും, ഗർഭസ്ഥനായ കുമാരനു നാലുമാസം പ്രായമാ

യ കാലത്തു തന്റെ നാല്പതാം വയസ്സിൽ സ്വർഗ്ഗപ്രാപ്ത നായി. രണ്ടു പേർ ജ്യേഷ്ഠന്മാർ ഉണ്ടായിരുന്നവരിൽ ഒന്നാമൻ ഉപനീയനായിരിക്കുമ്പോഴും, മറ്റെ ആൾ 1051-ാമാണ്ടിലും അന്തരിച്ചു. ഇപ്പോഴുള്ള ഇല്ലത്തെ ഗൃഹസ്ഥൻ ഈ രണ്ടാമതു പറഞ്ഞ ജ്യേഷ്ഠന്റെ മകനാണ്.

അച്ഛൻനമ്പൂരി തിരുമനസ്സിലേക്കു പുരുഷപ്രാപ്തിയാകുന്നതുവരെ അമ്മതന്നെ ഗൃഹഭരണം ചെയ്തു. എന്തു ഭരണമാണെന്നു ഈശ്വരനുതന്നെ അറിയാം. ഭർത്താവിന്റെ അകാലത്തിലുള്ള ദേഹവിയോഗം, അതിനെ സംബന്ധിച്ചു തനിക്കുള്ള ദുസ്സഹമായ വ്യസനം, തങ്ങളെത്തന്നെ പോററുവാൻ കഴിവില്ലാത്ത രണ്ടുമൂന്നു ഇളം കിടാങ്ങൾ, താൻ ഏകാകിനി, ഇല്ലത്തു യാതൊരുവകയും ഇല്ല, മററു വർഗ്ഗക്കാർ ചെയ്യാവുന്നവിധം ഭിക്ഷാടനം ചെയ്തു ഉപജീവിക്കുവാൻ സ്വാതന്ത്ര്യം ഇല്ലാത്ത ഒരന്തർജ്ജനം. എന്താണ് ഇതിൽപരമായി ഒന്നു വരുവാനുള്ളതു! ഇതെല്ലാം സഹിച്ചുംകൊണ്ടു ഏതാനും പശുക്കൾ ഉണ്ടായിരുന്നവയെ കറന്നു, കാച്ചി, തൈരുണ്ടാക്കി വിററു അതിൽനിന്നുണ്ടാകുന്ന ആദായംകൊണ്ടു, ഭരണനിപുണയായ ആ സാധ്വി തന്റെ സാമർത്ഥ്യത്താൽ പട്ടിണികൂടാതെ നിത്യവൃത്തി കഴിച്ചുകൂട്ടി. 'ആവട്ടത്തു തിരിക്കും പുരഹരഭഗവാനുള്ള നല്ലുത്സവത്തെ' എന്നു ഭഗവദ്ദൂതിലെ സൂത്രധാരൻ ചൊല്ലിയ ശ്ലോകംവഴി നമുക്കെല്ലാം പരിചയമായിട്ടുള്ള 'ആവട്ടത്തൂർ' എന്ന ദിക്കിൽ 'കൂടപ്പിള്ളി' എന്ന ഇല്ലപ്പേരുള്ള തന്റെ അമ്മാത്തുവെച്ചായിരുന്നു അച്ഛൻനമ്പൂരിയുടെ പ്രാഥമികവിദ്യാഭ്യാ

[illegible]

[illegible]

[illegible] '[illegible]' ശീലം വിട്ടിടില്ലെന്നുള്ള [illegible]' [illegible]' [illegible] ഭഗവദ്ദൂതിലും [illegible] തുള്ളൽകൃതികളിൽ ബാല്യകാല [illegible] അവയിലെ ശുദ്ധ [illegible] പ്രയോഗങ്ങൾ മനസ്സിൽ പ [illegible] പിന്നീട് അവിടത്തെ കവിതയിൽ [illegible]സാധാരണമായി കണ്ടുവരുന്ന സാരള്യത്തിന്നും സുഗമത്വത്തിന്നും അതിഹേതുവായിത്തീൎന്നതു് എന്നു് ഊഹിപ്പാൻ ന്യായമുണ്ടു്. രണ്ടായാലും തുള്ളൽ വായിച്ചതോടുകൂടി പഠിപ്പാനുള്ള വാസന തുടങ്ങി. ഒരു മഹാബുദ്ധിമാനും ജ്യോതിശ്ശാസ്ത്രജ്ഞനുമായ മരത്തോമ്പിള്ളി തെക്കേ പുഷ്പകത്തു വാസുനമ്പ്യാരുടെ അടുക്കൽ ശ്രീകൃഷ്ണവിലാസംവരെ പഠിച്ചു. ഇക്കാലത്തുതന്നെ കവിതയിൽ ഉത്സാഹം തുടങ്ങി. സ്വഗൃഹത്തിൽ കാലക്ഷേപത്തിന്നുള്ള ബുദ്ധിമുട്ടു പഠിപ്പിന്നും കവനനിൎമ്മാണത്തിന്നും ശല്യമായി തീൎന്നുകൊണ്ടു പഠിപ്പിന്റെ പരിപൂൎത്തിക്കായി 1081, 82 ഈ യിടയ്ക്കു തൃപ്പൂണിത്തുറയ്ക്കു പോകയും ജഗൽപ്രസിദ്ധനും രാജഗുരുവുമായ പാലപ്പുറത്തു പുതിയേടത്തു ഗോവിന്ദൻ നമ്പ്യാരുടെ ശിഷ്യത്വം സ്വീകരിച്ചു ബാക്കി പഠിപ്പു് അവിടെവെച്ചു നിവൃത്തിക്കുകയും ചെയ്തു. പ്രസിദ്ധനായ കൈക്കുളങ്ങരെ വാരിയത്തു രാമവാരിയർ സബ്രഹ്മചാരിയും മരത്തോമ്പിള്ളി പരമേശ്വരൻ നമ്പൂരി സഹപാഠിയും ആയിരുന്നു. തൃപ്പൂണിത്തുറെയുള്ള വാസത്തിൽവെച്ചു തമ്പുരാക്കന്മാരുടെ പ്രീതി സമ്പാദിക്കുവാൻ സൌകൎയ്യം കിട്ടുകയും അതുവഴിയായി ഊണു്

തേച്ചുകുളി മുതലായവയ്ക്കു മുമ്പുണ്ടായിരുന്ന കഷ്ടപ്പാട് മി
ക്കവാറും നീങ്ങുകയും ചെയ്തു. സാധാരണ വിദ്യാർത്ഥികൾ
ഗുരുനാഥൻ സ്വദേശത്തേയ്ക്കു പോകുമ്പോൾ ദീൎഘമായ
അനദ്ധ്യായം കിട്ടിയതിൽ സന്തോഷിച്ചു കളിച്ചു നടക്ക
യാണല്ലോ പതിവു്. എന്നാൽ ബുദ്ധിമാനും ഉത്സാഹി
യുമായ നമ്മുടെ വിദ്യാർത്ഥിയാകട്ടെ, ഗുരുനാഥനായ ന
മ്പ്യാർ കാറല്പ്പാലത്തിനു സമീപമുള്ള സ്വഗ്രാമമായ പാ
ലപ്പുറത്തേയ്ക്കു പോകുമ്പോൾ കൂടെപ്പോകയാണു് പതി
വു്. പോകുന്ന സമയം കൊച്ചിയിൽനിന്നു കുറെ ജഗ
ന്നാഥൻ വാങ്ങി അവിടങ്ങളിൽ കൊണ്ടുപോയി വില്ക്കുക
യും ആ സംഖ്യകൊണ്ടു് 'കുത്താമ്പുള്ളി'പ്പാവു വാങ്ങി തൃ
പ്പൂണിത്തുറെ കൊണ്ടുചെന്നു വില്ക്കുകയും അതിൽനിന്നു
ണ്ടാവുന്ന ആദായംകൊണ്ടു ലോഭംകൂടാതെ മുണ്ടു ചിറാ
ലും മറ്റുള്ള ചില്ലറ ചിലവുകളും നിവൃത്തിക്കുകയും ചെ
യ്തുവന്നു. തൃപ്പൂണിത്തുറെ താമസിക്കുന്ന കാലത്തു പ്രസിദ്ധ
കവിയായ പൂന്തോട്ടത്തു നമ്പൂരിക്കു നമ്മുടെ കൊച്ചുനമ്പൂ
രിയിൽ അതിയായ വാത്സല്യം ജനിക്കുകയും കവിതാവി
ഷയത്തിൽ പല ഉപദേശങ്ങളും ശുഷ്കാന്തിയോടുകൂടി
ചെയ്തുകൊടുത്തതിനുപുറമെ അന്നന്നുണ്ടാക്കുന്ന കവിത
കൾ പരിശോധിച്ചു ഗുണാഗുണങ്ങൾ ചൂണ്ടിക്കാണിച്ചു
കൊടുക്കുകയും ചെയ്തിട്ടുണ്ടു്. നമ്പ്യാരുടെ കീഴിൽ 1038
വരെ പഠിച്ചു. അപ്പോഴയ്ക്കും കാവ്യാലങ്കാരനാടകങ്ങളി
ലും തൎക്കശാസ്ത്രത്തിലും കുലങ്കഷമായ വ്യുല്പത്തിയെ സ
മ്പാദിച്ചു. നമ്പ്യാർ 1089 മകരത്തിൽ അന്തരിച്ചു. എ
ങ്കിലും തമ്പുരാക്കന്മാൎക്കുണ്ടായിരുന്ന പ്രീതിയുടെ ശക്തി

യാൽ കുറെക്കാലംകൂടി തൃപ്പൂണിത്തുറെത്തന്നെ താമസിച്ചു.

ജ്യേഷ്ഠൻ വേളികഴിച്ച് അതിൽ സന്താനങ്ങളായിരുന്ന സ്ഥിതിക്ക് അനുജനായ നമ്മുടെ തിരുമനസ്സിലേക്കു മലയാളബ്രാഹ്മണരുടെ സമ്പ്രദായപ്രകാരം വേളികഴിപ്പാൻ ആവശ്യമുണ്ടായിരുന്നില്ലെങ്കിലും ചാലക്കുടിക്കടുത്തു വടക്കാഞ്ചേരി എന്ന ഇല്ലത്തു പുരുഷന്മാരില്ലായ്കയാൽ ആ ഇല്ലം നിലനിൎത്തുന്നതിനുവേണ്ടി വേളി കഴിക്കയും 'നടുവത്തു് അപ്പൻനമ്പൂരി' എന്നു പേരു കേൾക്കുമാറായിരുന്ന അവിടുന്ന് 'അച്ഛൻനമ്പൂരി'യാകുവാനും ഭാഷാകവികളുടെ ശേഖരത്തിൽ 'നടുവത്തു മഹൻനമ്പൂരി' എന്നൊരാൾകൂടി ഉണ്ടായിത്തീരുവാനും ഇടവരികയും ചെയ്തു. വേളികഴിച്ച ഇല്ലംവക അമ്പതിനായിരം രൂപ വിലയ്ക്കു വരുന്ന സ്വത്തുക്കൾ അനുഭവിച്ചുകൊള്ളുവാൻ അന്നത്തെ മഹാരാജാവു തിരുമനസ്സുകൊണ്ടു കല്പിച്ചു തീട്ടൂരം കൊടുത്തു. 'നല്ലകാലമൊരുവനു വരുമ്പോളില്ലൊരേടവുമവനു മുടക്കം' എന്നു പറഞ്ഞിട്ടുള്ളതുപോലെ ദൈവാധീനത്തിന്റെ ശക്തിയാൽ ദാരിദ്ര്യത്തിന്റെ നിവാരണത്തിന്നെന്നുമാത്രമല്ല കുടുംബത്തിന്നു ഒരു മാതിരി സൌഖ്യമായി കാലക്ഷേപം ചെയ്യത്തക്കവണ്ണംതന്നെ ഉള്ള മുതൽ മേൽപ്രകാരം സിദ്ധിച്ച ഉടനെ, ഇരിങ്ങാലക്കുടക്കു സമീപം 'തത്തമ്പിള്ളി' 'നെടുമ്പിള്ളി' എന്ന അന്യംവന്ന രണ്ടു ഇല്ലങ്ങൾ വക അത്രയും രൂപ വിലയ്ക്കുള്ള സ്വത്തുക്കൾകൂടി അനുഭവിച്ചുകൊള്ളുവാൻ മഹാരാജാവു തിരുമനസ്സിലെ തീട്ടൂരം കിട്ടി. ത

മ്പുരാക്കന്മാൎക്കും രാജ്യരക്ഷണാധികാരികൾക്കും അവിടത്തെപ്പേരിലുള്ള അനല്പമായ പ്രീതിക്ക് ഇതിലധികമായ തെളിവ് ആവശ്യമില്ലല്ലോ.

1040-ൽ, വേളികഴിച്ച അന്തൎജ്ജനത്തിന്നു രക്തസ്രാവം തുടങ്ങി വളരെ കലശലായി. അതിന്നു ചികിത്സിക്കാനായി എളേടത്തു തൈക്കാട്ടു നാരായണൻ മൂസ്സിനെ വരുത്തി. പൂൎണ്ണസുഖം സിദ്ധിപ്പാൻ പത്തിരുപതു ദിവസം താമസിക്കേണ്ടിവന്നു. 'ഒരു നമ്പൂരിയെ വൈദ്യം പഠിപ്പിച്ചാൽ കൊള്ളാമെന്നുണ്ട്' എന്നു മൂസ്സ് ഒരു ദിവസം സന്ദൎഭവശാൽ പ്രസ്താവിച്ചപ്പോൾ, വിദ്യാതല്പരനായ നമ്മുടെനമ്പൂരി താൻതന്നെ ശിഷ്യനായിക്കൊള്ളാമെന്നു സമ്മതിച്ചു വൈദ്യം പഠിപ്പാനാരംഭിച്ചു. എന്നാൽ പഠിപ്പു തുടങ്ങിയ ഉടനെതന്നെ ചികിത്സിപ്പാനും അയച്ചുതുടങ്ങിയതിനാൽ പഠിപ്പിന്നു താമസം വന്നു. രണ്ടു കൊല്ലംകൊണ്ട് അഷ്ടാംഗഹൃദയം 80 അദ്ധ്യായം പഠിച്ചു. അപ്പോഴക്കും ഗുരുനാഥൻ മരിച്ചു. ബാക്കി ഭാഗം അദ്ദേഹത്തിന്റെ അനുജനായ മഹാപ്രസിദ്ധനായ 'ഇട്ടീരിമൂസ്സാ'ണ് പഠിപ്പിച്ചതു്. മുൻപറഞ്ഞപ്രകാരം തിട്ടൂരങ്ങളാൽ സിദ്ധിച്ചിട്ടുള്ള മുതലിന്നു പുറമെ വൈദ്യവിഷയത്തിലും അനവധി സമ്പാദ്യമുണ്ടായിട്ടുണ്ട്.

ഉപ്പുവെള്ളം നിറഞ്ഞിട്ടുള്ള സമുദ്രത്തിൽ ശുദ്ധജലമായ ഉറവുകൾ അവിടെയവിടെയായി കാണാറുള്ളതുപോലെയും, അടിച്ചുതള്ളിയ ചവറിൽനിന്ന് അനവധി ഫലങ്ങൾ ഉണ്ടാകുന്ന ഒരു മത്തത്തയ്യോ, കുമ്പളത്തയ്യോ, മുളച്ചു പൊന്തുന്നതുപോലെയും, ഭാഗ്യമുള്ള കാല

ത്തു ദോഷത്തിൽനിന്നു ഗുണം ഉത്ഭവിക്കുന്നു എന്നുള്ള തത്വത്തിന്നു് ഉദാഹരണമായിട്ടും, ആണ് അച്ഛൻ നമ്പൂരിക്ക് അന്തർജ്ജനത്തിൻെറ രോഗബാധയിൽനിന്നു വൈദ്യശാസ്ത്രപരിശീലനത്തിന്നും അതുമാർഗ്ഗമായി അനല്പമായ സമ്പാദ്യത്തിന്നും യോഗമുണ്ടായത്. തമ്പുരാക്കന്മാർക്ക് ധാരാളം തിരുവുള്ളമുണ്ടു്. പ്രധാനപ്പെട്ട ഉദ്യോഗസ്ഥന്മാർക്കെല്ലാം വളരെ പത്ഥ്യമാണ്. തീട്ടൂരപ്രകാരം സിദ്ധിച്ച വസ്തുക്കങ്ങളിൽനിന്നു് ആദായം വന്നുതുടങ്ങി. വൈദ്യത്തിൽ ധാരാളം സമ്പാദ്യമായി. ഇങ്ങിനെയുള്ള കാലത്തു് അന്യജന്മികളുടെ ഏതാനും നിലം, പുരയിടം മുതലായതു കാണം, പണയം, മുതലായ അവകാശങ്ങളായും ചില വസ്തു അട്ടിപ്പേറായിട്ടുതന്നെയും കൈവശപ്പെടുവാൻ സംഗതിയായി.

1051-ാമാണ്ടു് അച്ഛൻനമ്പൂരിക്ക് ഒരു ഗ്രഹപ്പിഴക്കാലമായിരുന്നു. അക്കൊല്ലത്തെ കന്നിമാസത്തിൽ ജ്യേഷ്ഠനും, തുലാമാസത്തിൽ ജ്യേഷ്ഠൻെറ മകനും മരിക്കുകയും മീനത്തിൽ ഇല്ലം കത്തുകയും ചെയ്തു. ഇല്ലം കത്തിയതിൻെറ ഭവിഷ്യൽഫലം വിചാരിച്ചാൽ അതൊരു ഗ്രഹപ്പിഴയുടെ കൂട്ടത്തിൽ കൂട്ടിക്കൂട. എന്തെന്നാൽ മീനത്തിൽ കത്തിയ ഗൃഹം, ആ ഇടവത്തിൽ വഷം കൂടുന്നതിന്നുമുമ്പായി പൂവ്വാധികം മോടിയോടുകൂടിയും രണ്ടുകെട്ടു മാളികയായും, പറയത്തക്ക ചിലവു കയ്യിൽനിന്നു പററാതെയും പുതുതായി പണി കഴിക്കുവാൻ സാധിച്ചാൽ അതൊരു ഗ്രഹപ്പിഴയാണെന്നോ? കൊച്ചുണ്ണിത്തമ്പുരാനെന്ന പ്രസിദ്ധനായ ശക്തൻ 'വീരകേരളതമ്പുരാൻ' തിരു

മനസ്സിലേയ്ക്കു, പണ്ടേതന്നെ അവിടുത്തെ സേവനായിരുന്ന അച്ഛൻനമ്പൂരി, ഇല്ലംപണിയെ സംബന്ധിച്ചു, താഴെ കാണുന്നപ്രകാരം രണ്ടു ശ്ലോകങ്ങൾ അടിയറവെയ്ക്കുകയും, തിരുമനസ്സുകൊണ്ടു സന്തോഷിച്ചു 800 രൂപ സമ്മാനം കൊടുക്കുകയും അന്നത്തെ വലിയതമ്പുരാൻ തിരുമനസ്സിലെ അടുക്കൽ പറഞ്ഞു് ഇല്ലംപണി വകയ്ക്കു് അറുപത്തു കണ്ടി തേക്കുമരം കൊടുപ്പിക്കുകയും ഉണ്ടായി.

ജ്യേഷ്ഠൻ മരിച്ചു, മകനും തദനന്തരം ഹാ!
കഷ്ടം ഗമിച്ചു ജനകാന്തിക,മത്രയല്ല
കഷ്ടം ദഹിച്ചു പുരമന്നിയതിങ്കൽ വെച്ചു,
നഷ്ടം ഭവിച്ചു പലതും ക്ഷിതിപാലമൌലേ! ൧
ഇല്ലംപണിക്കവിടെനിന്നു മനസ്സുവെച്ചു
തെല്ലെങ്കിലും വകതരേണമെനിക്കിദാനീം
വല്ലാതെകണ്ടു വലയുന്നു, ഭവൽകടാക്ഷ-
മല്ലാതെയില്ല ശരണം കരുണാപയോധേ! 2

"തോട്ടക്കാട്ടമതും മഹാസുകൃതിയാം ഗോവിന്ദമേനോൻ" എന്നു ശ്ലോകത്രയേണയും, 'ഭോഷ്കറിയാത്തൊരു മാധവവാരിയരും ചേഷ്ടാർ' എന്നു തുള്ളൽവഴിക്കും വെണ്മണി നമ്പൂതിരിപ്പാടു മലയാളത്തിലുള്ളവർക്കെല്ലാം പരിചയപ്പെടുത്തിക്കൊടുത്തിട്ടുള്ള ആ രണ്ടു പ്രമാണപ്പെട്ട ഉദ്യോഗസ്ഥന്മാരും അച്ഛൻനമ്പൂരിയെ വളരെ സ്നേഹമായിരുന്നതുകൊണ്ടു് അവർ ഇല്ലംപണിക്കും മററും വളരെ വിലയേറിയ സഹായങ്ങൾ ചെയ്തു.

1066-ൽ കൊച്ചിസർക്കാരിൻെറ മേനേജ്മെണ്ടിൻ കീഴിൽ ഇരുന്നിരുന്ന കോടശ്ശേരി കർത്താവു് എന്നു പ്രസി

ധജന്മിയുടെ കാര്യസ്ഥനായി. ഇതു ദിവാൻജിയുടേയും മേലുദ്യോഗസ്ഥന്മാരുടേയും പ്രീതിയുടെ ഫലങ്ങളിൽ ഒന്നായി ഗണിക്കാവുന്നതാണ്. വളരെ കുഴപ്പത്തിൽ കിടന്നിരുന്ന ആ സ്വരൂപത്തിലെ കാര്യങ്ങൾ നന്നാക്കുകയും ക്ഷേത്രംപണി മുതലായ സല്ക്കർമ്മങ്ങൾ ചെയ്യുകയും ചെയ്തു. 64 ധനുവരെ ആ കാര്യം നോക്കി. അപ്പോഴേയ്ക്കും 'മൂത്രകൃച്ഛ്രം' എന്ന രോഗം പിടിപെടുകയാൽ കാര്യസ്ഥത ഉപേക്ഷിച്ച് ഇല്ലത്തു വന്നു ഭഗവൽസേവചെയ്ത് ഇരിപ്പായി. ഒരു കൊല്ലത്തോളം ദീനം അതികഠിനമായിരുന്നു. ഇതിനിടയിൽ അന്ന് ഇളയതമ്പുരാനായിരുന്ന ഇപ്പോഴത്തെ കൊച്ചി വലിയ തമ്പുരാൻ തിരുമനസ്സുകൊണ്ടു തൃപ്പൂണിത്തുറെ താമസിപ്പിച്ചു വാത്സല്യപൂർവ്വം ചികിത്സിപ്പിച്ചു. എന്നാൽ ദീനത്തിന് ആശ്വാസംകിട്ടിയതു്, പ്രസിദ്ധകവിയായ കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ തിരുമനസ്സിലെ ചികിത്സകൊണ്ടാണെന്ന് അക്കാലത്തെ 'മനോരമ' വായനക്കാർക്കും ഭഗവദ്ദൂതിന്റെ പ്രസ്താവന വായിച്ചിട്ടുള്ളവർക്കും അറിയാവുന്നതാണ്. രോഗം വീണ്ടും ശക്തിയായി ബാധിക്കാതിരിക്കുവാൻവേണ്ടി ദിനചര്യയിൽ പല നിഷ്കർഷകളും ചെയ്തു.

മഹാദാരിദ്ര്യത്തിന്റെ ശക്തിയാൽ താൻ അളവില്ലാത്ത മനഃക്ലേശവും കായക്ലേശവും പെട്ടു വളർത്തി ഉണ്ടാക്കിയ ഈ ഉണ്ണിയുടെ യൌവനപ്രാപ്തിയോടുകൂടി, ശ്രീകൃഷ്ണനെ കാണുവാൻ കുചേലബ്രാഹ്മണൻ ദ്വാരകയിലേയ്ക്കു പോയ കാലത്ത് അദ്ദേഹത്തിന്റെ ഗൃഹത്തിൽ ഉണ്ടായ മാററംപോലെ, സർവ്വപ്രകാരേണയുള്ള സമൃദ്ധിക

ളും വന്നുകൂടി, യഥേഷ്ടം സുഖമനുഭവിച്ച്, പുത്രനാലും പൌത്രനാലും സശ്രദ്ധം ശുശ്രൂഷിതയായി മകൻ്റെ പലവിധങ്ങളായ ശ്രേയസ്സുകളെ കണ്ടും കേട്ടും ആനന്ദിച്ച്, ആ മകൻ അമ്പതാം വയസ്സിൽ കാലുവെക്കുന്ന കൊല്ലമായ 1067_ൽ ഭാഗ്യശാലിനിയായ അമ്മ, അനവധി വർഷം ഭൂമിയെ അലങ്കരിച്ചതിന്നു ശേഷം, സ്വർഗ്ഗത്തിൽ കുടിയേറി. അമ്മയുടെ അനുഗ്രഹശക്തിയാൽ ദീനമായിരുന്നാലും ദീക്ഷ നിർവ്വിഘ്നമായിത്തന്നെ കഴിഞ്ഞു. അച്ഛൻനമ്പൂരിയുടെ കീർത്തിസ്തംഭമായ ഭഗവദ്ദൂതു പ്രസിദ്ധപ്പെടുത്തിയതും 67_ൽ തന്നെയാണ്. അംബോപദേശവും ഭഗവൽസ്തുതിയും 1061_ൽ ഉണ്ടാക്കി. കഥകളിക്കു ശൃംഗാരമയമായ ഒരു രംഗം ഒഴിച്ചുകൂടാത്ത ഒരു ഇനമായി കാണുന്നപോലെ, അച്ഛൻനമ്പൂരിയുടെ ചെറുപ്പകാലത്തു കവിയാകേണമെങ്കിൽ, ഒരംബോപദേശശതകം ഉണ്ടാക്കണം എന്നൊരു സമ്പ്രദായം ഈ പ്രദേശത്തു് ഉണ്ടായിരുന്നതിനെ അനുസരിച്ച മാത്രമാണ് സദ്വൃത്തനായ അവിടുന്നു വിഫലമായ 'അംബോപദേശം' ഉണ്ടാക്കുവാൻ ഇടയായതു്. 'പട്ടിയുടെ വേഷംകെട്ടിയ സ്ഥിതിക്കു കുരക്കുവാൻ മടിക്കേണ്ട' എന്നു പറഞ്ഞതുപോലെ അംബോപദേശം ഉണ്ടാക്കുവാൻ പുറപ്പെട്ടപ്പോൾ ആ ജാതിക്കു വേണ്ട ചമല്ക്കാരമെല്ലാം വരുത്തിക്കൂട്ടുകയും, വെണ്മണി മകൻ നമ്പൂതിരിപ്പാട്ടിലെ അംബോപദേശത്തെക്കാൾ മെച്ചമാണ് അവിടത്തേതെന്നു പല വിദ്വജ്ജനങ്ങൾക്കും ബോദ്ധ്യമാകുകയും ചെയ്തു. മനമല്ലാമനസ്സോടുകൂടിയാണ് അംബോപദേശം കൃതിച്ചതു് എന്ന്, അ

തിന്നു പരിഹാരമായി ഭഗവൽസ്തുതി ഉണ്ടാക്കി ഒന്നുംകൂട്ടി ഭജിച്ച് അച്ചടിപ്പിച്ചതുകൊണ്ടുതന്നെ തീർച്ചപ്പെടുത്താവുന്നതാണല്ലോ. മേൽപറഞ്ഞ കൃതികൾക്കു പുറമെ ഈയിടെ ഉണ്ടാക്കി പ്രസിദ്ധപ്പെടുത്തിയ രാമേശ്വരയാത്രയും ശൃംഗേരിയാത്രയും കൂടെ എഴുതിവെച്ചിരിക്കുന്ന 'അക്രൂരഗോപാലം' നാടകവും അല്ലാതെ അവിടുന്നു സംഗ്രഹിച്ചുള്ള വല്ല കൃതികളും ഉണ്ടാക്കിയതായി അറിവില്ല.

“അല്ലേ ഞാനൊന്നു വേട്ട പുരത്തിലുളവായ് മക്കളായ് രണ്ടുപേരും കല്യാണം ചെയ്തയച്ചുള്ളോരു സൗഖ്യമെന്നിസ്സിതിന്നേ വർത്തമാനം” .എന്നു പറഞ്ഞിരിക്കുന്ന മലയാളമനോരമയിൽ അവിടുന്നു പ്രസിദ്ധപ്പെടുത്തിയിരുന്നുവല്ലോ. 'നടുവത്തു മഹൻനമ്പൂരി' എന്നു പ്രസിദ്ധനായ സീമന്തപുത്രൻ 1043_ലും, പുത്രി 1047_ലും, രണ്ടാമത്തെ പുത്രൻ 1052_ലും ജനിച്ചു. ഇളയ മകൻ 15 വയസ്സായപ്പോഴേയ്ക്കും വൈദ്യം വൈദുഷ്യം സമ്പാദിക്കുകയും ഗൃഹഭരണത്തിൽ മിടുക്കനാവുകയും തന്നിമിത്തം 'മിടുക്കൻ' എന്ന പേര് സിദ്ധിക്കുകയും ചെയ്തു. അനിവാര്യമായ കർമ്മശക്തിയാൽ ഈ മകൻ അനവധി ജനങ്ങളെ വ്യസനത്തിന്നധീനന്മാരാക്കി, 1075_മാണ്ടിൽ തന്റെ 28_ാമത്തെ വയസ്സിൽ ഇഹലോകവാസം വിട്ടുപോയി. ഈ ദുസ്സഹസംഭവത്തെ സംബന്ധിച്ച് അച്ഛൻതന്നെ അക്കാലത്തു കേരളചന്ദ്രികയ്ക്കും, മലയാളമനോരമയ്ക്കും അയച്ച ശ്ലോകങ്ങൾ അങ്ങിനെതന്നെ പകർത്തി എഴുതുന്നതായാൽ ഇതിനെപ്പറ്റി പിന്നെ ഒന്നും പറയേണ്ട ആവശ്യമില്ലാത്തതുകൊണ്ട് അപ്രകാരം ചെയ്യുന്നു.

കേരളചന്ദ്രികയ്ക്ക്

ഖിന്നാശയന്റെ സന്ധ്യതനെയും തോന്നും പൂണെ
മന്നാശ്ലേഷമുറ്റതിനായ് തന്ദസരതിയ്
ഖന്നാശരംകൊണ്ടന്നാദി ശംബിച്ചിടാതെ
നിന്നാശ്ലിഷ്ടനേഖൽ, കേരളചന്ദ്രികേ! കേൾ. ൧

എന്നാണറിയുന്നധികമോഹദം സന്തതിയുള്ളി,
ലെന്നാലും കേരളം, നിന്നെയും, ഭയമെന്നിതെല്ലാം
കന്നിച്ചിരുന്ന തനയൻ ശിവി ലോകമോത
യെന്നാൽ പ്രയാസമതിനെന്തിനോ ചിന്തിതം കേൾ ൨

കഷ്ടം! മദീയമകനോടെ വിശദിരുന്നാൾ-
ലിഷ്ടം ചെയ്തൊരു വൃന്ദാവൻ വൃന്ദാവനശോഭി
ഖദ്ദേശ്ചപോയിയിനിയൊപ്പാനായതോത്തു
പൊട്ടുന്ന മനനമെന്നിസ്സിനിയമൊ പാരിൽ. ൩

ഇന്നും മുദാ ജനനാഭ്യാസയിൽ ഖന്ദകാണ്ഡം
നന്ദിച്ചു ചെയ്തു മമ കണ്ടുകൊണ്ടുതന്നെ
ഖന്നാക്കമാരനെകശ്രീയ ചെയ്തുവരുന്നു
ചന്ദ്രാതസംഗതിയെന്തിക്കുമെപ്പുക്കുടം. ൪

ഉള്ളം തെളിഞ്ഞിവനെയും, തന്നാശ്ലിഷ്ടപ്പം-
മുള്ളോരു വസ്തുവിനെയും പരിരക്ഷചെയ്യാൻ
കൊള്ളാം കുമാരനിവനെന്നു നിനച്ചിരുന്നു-
വല്ലോ ചതിച്ചു വിധി സംഗതിയാകെ നീക്കം. ൫

കാണാതെ കാൽക്ഷണമശിശ്ശുകിലാലപ്പുറമരെ-
കണ്ണീരണിഞ്ഞിനയിരുന്ന കുമാരനിപ്പോൾ

പുത്രൻ വെടിഞ്ഞു പരലോകമണഞ്ഞു; ഞാനോ
ഞാനൊന്നു വിങ്ങിക്കിടന്നു കിടന്നിടുന്നു. 6

പുത്രാർത്തിമൂലമധികം കൃശമായലഞ്ഞു
കുത്രാപി വാണു ശിവരാമ! ഹരേ! മുരാരേ!
ഇത്യാദി നാമജപമാർന്നമരുന്ന ജായാ-
വൃത്താന്തമെങ്ങിനെ പറഞ്ഞറിയിച്ചിടേണ്ടു. 7

എന്നല്ല ദൃശ്യമഖിലം സമയം നിറച്ചു
നിന്നീടുമെന്മകളെയും കണ്ടിടുമ്പോൾ
കണ്ണോക്കുമുണ്ണിചരിതം മനതാരതിങ്കൽ
പിന്നത്തെ വാർത്തയിനി ഞാൻ പറയേണ്ടതുണ്ടോ. 8

തന്നമ്മ പഞ്ജരമതിൽ പരിചോടിരുന്നു
പുത്രന്റെ നാമമധുനാപി വിളിച്ചിടുന്നു.
അത്തല്ലിലന്നിയതിലശ്രുമൊഴിച്ചു വീശി-
ക്കത്തിച്ചിടുന്നപടി മന്മനമാളിടുന്നു. 9

‘ഇവ്വന്ന വമ്പനി ശമിക്കുകയില്ല ജീവൻ-
പോവാനടുത്തു ജനകൻ വ്യസനിച്ചിടൊല്ലേ’
ആവമ്പനായ മകനെന്നെ വിളിച്ചിരുന്നി-
ട്ടേവം പറഞ്ഞ കഥയെങ്ങിനെ ഞാൻ മറക്കും! 10

മനോരമയ്ക്ക്

ധാതാവു ചെയ്ത കഠിനക്രിയമൂലമിന്നും
ചേതസ്സു കത്തിയെരിയുന്നവനെങ്കിലും ഞാൻ
ചേതോരമേ! ഭവതിയോടതുതന്നെയല്ല-
മോതുന്നതുണ്ടഴൽ തൊഴികിലൊഴിക്കുമല്ലോ 1

തഞ്ചത്തിലീയിടവമാസമതിൽ കലന്നു-
ള്ളഞ്ചാംദിനത്തിലമലൻ തയൻ ദ്വിതീയൻ
ചഞ്ചത്വമെൻെറ ശിവനേ! പറയാൻ പ്രയാസം
നെഞ്ചിപ്പൊഴും കിടുകിടെന്നു വിറച്ചിടുന്നു. 2

എപ്പോഴുമെന്നരികിലങ്ങിനെ വാണു വേണ്ട-
തെപ്പേരുമാസ്ഥയൊടു ചെയ്തുവരും കുമാരൻ
പൊയ്പ്പോയതോർക്കിലതിലപ്പുറമായ ദണ്ഡ-
മിപ്പോളിനിക്കു വരുവാനിനിയൊന്നുമില്ല. 3

സത്യം, ദമം, സമത, സാത്വികവൃത്തിതന്നി-
ലത്യന്തസക്തി,യലിവാർദ്രി,ലാത്മബോധം;
ഇത്യാദി വേണ്ട ഗുണമാസകലം തികഞ്ഞ
പുത്രൻെറയീ വിരഹമെങ്ങിനെ ഞാൻ സഹിക്കും! 4

കൃത്യങ്ങൾ വേണ്ടതനുവാസരമോതുവാനായ്
പ്രത്യേകമോർത്തരികിലുണ്ണിയെ ഞാൻ വിളിച്ചാൽ
അത്തവ്വിലോർത്ത പണി തീർത്തു തെളിഞ്ഞു ചാര-
ത്തെത്തുന്നൊരെൻെറ മകനെന്നെ വെടിഞ്ഞു
കഷ്ടം! 5

'ഇന്നിന്നതൊക്കെയിവിടെശ്ശരിയാക്കി നാളെ-
ക്കിന്നിന്നതാണു പണിയങ്ങിനെതന്നെയല്ലേ'
എന്നെന്നൊടോതിയരികത്തു വിനീതനായി
നിന്നീടുമുണ്ണി ശിവനേ! ശിവരാമ! രാമ! 6

ദീനത്തിൽ ഞാനിവിടെ വീണമുതൽക്കു കാര്യോ-
ന്ധാനം വഹിച്ച വലുതായ കുടുംബഭാരം

താനേറ്റുനോക്കി വളരെഗ്ഗുണമാക്കിയിട്ടപ്പോ-
ളാനന്ദിചെയ്യു മകനിങ്ങിനെ ചെയ്തുവല്ലോ! 7

വയ്യാതെകണ്ടു വലായുമ്പൊഴുതെന്റെ കാര്യം
കഷ്ടം തിരുമ്പിയഴലാററിവരും കുമാരൻ
ചെയ്യേണ്ടതായൊരുദകക്രിയ ഹന്ത! ഞാന്താൻ
ചെയ്യേണ്ടിവന്നു ശിവനേ! തകരുന്നു ചിത്തം. 8

ദീനത്തിലായി ജനകൻ പരിരക്ഷചെയ്വാൻ
താനാണു വേണ്ടതിനിയെന്നു തനിച്ചുറച്ചു
വാണോരു മത്തനയനാഴി വെടിഞ്ഞശേഷം
ഞാനെന്തിനിങ്ങിനെ ചടഞ്ഞു കിടന്നിടുന്നു! 9

നേരായ്നിനക്കുലിതുപോലെ ഹിതം നടത്തി-
പ്പോരാനൊരാളുവരുവാൻ വളരെ പ്രയാസം
നാരായണൻ തുണയിനിക്കിനിമേലിലല്ലാ-
താരാണൊരാളു പറവാനറിയുന്നതില്ല. 10

അതേ, നാരായണൻതന്നെ തുണ. താൻ സർവ്വദാ മനസ്സിൽ ധ്യാനിച്ചുപോരുന്ന സച്ചിദാനന്ദമൂർത്തിയായ ശ്രീ നാരായണസ്വാമിയും, തനിക്ക് ഇനി ശേഷിച്ചിട്ടുള്ള മകനായ 'നാരായണൻ' നമ്പൂരിയും, തന്നെ തുണ!

നെല്ലായിക്കുന്നത്തു മനയ്ക്കലേയ്ക്കു വേളികഴിച്ചു കൊടുത്തിരുന്നതും കുഞ്ഞുണ്ണിയുടേയും മൂന്നു പുത്രികളുടേയും മാതാവായി ഭവിച്ചതും ആയ അവിടത്തെ പുത്രിയും 1080 ധനു 7-ാംനു- പുഴയിൽ വീണ് അന്തരിച്ചുപോയി. "ശിരസി ലിഖിതമാക്കും ശിവശിവ! നീക്കിടാമോ!"

അച്ഛൻനമ്പൂരി' തിരുമനസ്സിലേയ്ക്കു പ്രാമാണപ്പെട്ട അനവധി സ്നേഹിതന്മാരുണ്ടെങ്കിലും വലിയ കോയിത്ത

അച്ഛൻനമ്പൂരി തിരുമനസ്സിലെ ദിനചൎയ്യയെപ്പററി കുറച്ചു പറയാതെ മനസ്സു സമ്മതിക്കുന്നില്ല. വെളുപ്പാൻകാലത്തു മൂന്നു മണിക്കു പതിവായി കുളി, സഹസ്രാവൃത്തി, ആദിത്യനമസ്കാരം, ഭഗവൽഗീത ദേവീമാഹാത്മ്യം (സപ്തശതി) ഇതുകൾ മുഴവൻ പാരായണം, 8½ മണിക്കു് ഇതെല്ലാം കഴിച്ചു മനസ്സൂൽ വന്നു ഭാഗവതം ഏകാദശം പാരായണം, സാളഗ്രാമപുഷ്പാഞ്ജലി, ആ സമയം നിവേദിക്കുന്ന പായസം മാത്രം (കോതമ്പരി ഇട്ടുണ്ടാക്കുന്ന പഞ്ചസാരപ്പായസം) ഭക്ഷണം, 10 മണിക്കു് ഇതെല്ലാം കഴിച്ചു രണ്ടു മണിക്കൂറു വൎത്തമാനക്കടലാസ്സുകൾ, വരുന്ന എഴുത്തുകൾ മുതലായതു വായിക്കുക, പിന്നെ പതിവായി നടന്നുവരുന്ന മാത്രാവസ്തി, ഇത്രയും കഴിഞ്ഞാൽ കുറച്ചു നേരം കിടക്കും. പിന്നെ ഭാഗവതം, ഭാരതം (ഇപ്പോൾ ലോകോപകാരിയായ കുഞ്ഞിക്കുട്ടൻ തമ്പുരാൻ തിരുമനസ്സിലെ ഭാഷ) മുതലായ പുസ്തകങ്ങൾ നോക്കിയും നാമം ജപിച്ചും വരുന്ന രോഗികൾക്കു ചികിത്സകൾ നിശ്ചയിച്ചും 5½ മണിയാകും. അനന്തരം തേച്ചുകുളി, 7 മണിക്കു് ഊണു് (സാധാരണ ശാല്യന്നം ഉപകരണങ്ങളോടുകൂടി ഭക്ഷിക്കും)—9 മണിയോടുകൂടി കിടക്കും.

മേൽ വിവരിച്ചപ്രകാരമുള്ള ദിനചൎയ്യയ്ക്കു പറയത്തക്കതായ ഭേദഗതി വന്നതു് 1083-ാമാണ്ടിലാണു്. ആ കൊല്ലത്തിൽ അദ്ദേഹത്തിന്നു കഠിനമായ ഭഗന്ദരരോഗം പിടിച്ചു. എന്നാൽ അതിന്റെ കാഠിന്യം മുഴവൻ അനുഭവിപ്പാൻ ഇടയായില്ല. അക്കാലത്തു ചാലക്കുടിയിൽ

ആസ്പത്രികളിലായിരുന്നു വൈദ്യശാസ്ത്രത്തിൽ വളരെ സാമർത്ഥ്യവും പരിചയവും ഉള്ള മിസ്റ്റർ സി. എം. ജോസഫ് ആയിരുന്നു. അദ്ദേഹത്തിന്റെ ശസ്ത്രക്രിയാനൈപുണ്യംകൊണ്ട് അച്ഛൻനമ്പൂരി തിരുമനസ്സിലെ സുഖക്കേട് സ്വല്പകാലത്തിനുള്ളിൽ തീരെ ഭേദമായി. മിസ്റ്റർ ജോസഫിന്റെ ശുശ്രൂഷയായിരുന്നതും പല വൈദ്യന്മാർ കയ്യൊഴിച്ചതും ആയ ഒരു ദുർഘടമായ സുഖക്കേട് അച്ഛൻനമ്പൂരി തിരുമനസ്സുകൊണ്ട് ഇതിനു മുമ്പിൽക്കണ്ടാൽ ചികിത്സിച്ച് അത്ഭുതകരമാംവണ്ണം ആശ്വാസപ്പെടുത്തീട്ടുണ്ടായിരുന്നതുകൊണ്ട് അതിനു പ്രത്യുപകാരം ചെയ്യാൻ കിട്ടിയ അവസരത്തെ മിസ്റ്റർ ജോസഫ് സസന്തോഷം അംഗീകരിച്ചു എന്നു പറയേണ്ടതില്ലല്ലോ.

1066-ലാണ് അവിടേക്കു പ്രസിദ്ധമായ പാദരോഗം പിടിപെട്ടത്. ചെരിപ്പിട്ടു നടന്നപ്പോൾ കാലിന്റെ പെരുവിരലിൽ ചെറുതായ ഒരു പൊട്ടു പൊട്ടി. അതു ക്രമേണ വർദ്ധിച്ചു വർദ്ധിച്ചു കാലു മുഴുവൻ പഴുത്തു. പലവിധ ചികിത്സകൾ ചെയ്തിട്ടും പഴുപ്പു വർദ്ധിച്ചതേ ഉള്ളൂ. ഒടുവിൽ വിഷവൈദ്യത്തിൽ അദ്വിതീയനും സൌജന്യസമുദ്രവും കൊച്ചിരാജവംശാലങ്കാരവുമായ കൊച്ചുണ്ണിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു നടവത്തില്ലത്ത് എഴുന്നള്ളി വിഷസംബന്ധമായ ബാധയെ നീക്കുകയും അഷ്ടവൈദ്യന്മാരിൽ പ്രമാണിയായ എളേടത്തു തൈക്കാട്ടു നാരായണൻ മൂസ്സ് നിഷ്കർഷയായി ചികിത്സിച്ചു പഴുപ്പ് ഉണക്കുകയും ചെയ്തു. ഈ രോഗം ആശ്വാസപ്പെട്ടതു

വൈദ്യപുംഗവന്മാരുടെ ചികിത്സാസാമൎത്ഥ്യംകൊണ്ടോ അച്ഛൻനമ്പൂരി തിരുമനസ്സിലെ നിഷ്കളങ്കഭക്തിവിലാസംകൊണ്ടോ 'ആരോഗ്യസ്തവ'ത്രുപേണ കേരളത്തിലുള്ള പ്രമാണപ്പെട്ട മിക്ക കവികളും കൂടിച്ചേൎന്നു ചെയ്ത മനഃപൂൎവ്വമായ പ്രാൎത്ഥനയുടെ ശക്തികൊണ്ടോ ഇതെല്ലാം കൊണ്ടോ എന്നു തീൎച്ചപറവാൻ പ്രയാസമാണു്.

1086-മുതല്ക്കു ക്ഷീണാധിക്യം നിമിത്തം ഒരു ശ്വാസത്തിന്റെ ഉപദ്രവം തുടങ്ങി. അതുകൊണ്ടു ദിനചൎയ്യയിൽ പല ഭേദഗതികളും വരുത്തേണ്ടിവന്നു.

നമ്മുടെ ചരിത്രനായകന്റെ അഭാവത്താൽ കേരളഭൂമിക്കുണ്ടായ ദുസ്സഹസങ്കടാവസ്ഥയെ കാണുവാനുള്ള ദുൎയ്യോഗം വന്നതു 'മഹൈനൈക്യ'സംവത്സരമായ 1088-ാമാണ്ടിനാണു്. പരലോകനിൎയ്യാണത്തിന്നു പറയത്തക്ക ദീനമൊന്നും ഉണ്ടായില്ല. എണ്ണ കഴിയുമ്പോൾ തിരി കെടുന്നതുപോലെ ഓജസ്സു കറഞ്ഞു പ്രപഞ്ചത്തിരശ്ശീലയ്ക്കുള്ളിൽ മറയുകയാണു് ഉണ്ടായതു്. നിൎയ്യാണകാലത്തെപ്പറ്റി തനിക്കുള്ള നിശ്ചയം നിമിത്തമായിരിക്കണം ഒരു സപ്താഹം ആരംഭിച്ചതു്. സപ്താഹം അവസാനിച്ചതിന്റെ മൂന്നാംദിവസം, അതായതു വൃശ്ചികം 28-ാംനു-യാണു് അന്തരിച്ചതു്. ചുരുക്കിപ്പറകയാണെങ്കിൽ മേൽഗതിക്കു വേണ്ടതായ അനവധി സല്കൎമ്മങ്ങൾ സാധിപ്പാൻ യോഗം വന്നിട്ടുണ്ടു്. അതുകൊണ്ടു് അവിടത്തെ ആത്മാവിന്റെ സുഖസ്ഥിതിയെപ്പററി ശങ്കിപ്പാൻപോലും നമുക്കു് അവകാശമില്ല.

'അവ്യാധിഗാത്രമനുകൂലതരം കളത്രം
വേശ്മ പ്രശസ്തവിഭവം വിശദാ ച വിദ്യാ
ശ്ലാഘ്യം കുലം ചരമകാലഗതിസ്സമർത്ഥാ
ശർമ്മോഃ കടാക്ഷപരിണാമവിഭൂതിരേഷാ'

എന്നു പറഞ്ഞിട്ടുള്ളത് അവിടുത്തെസ്സംബന്ധിച്ചേടത്തോളം മിക്കവാറും ശരിയായിട്ടാണ് കഴിഞ്ഞിട്ടുള്ളത്. എങ്കിലും സർവ്വഗുണസമ്പന്നനായ അവിടുത്തെ ദേഹവിയോഗം കേരളഭൂമിക്ക് അപരിഹാര്യമായ നഷ്ടമാണെന്നുള്ളതിന്നു സംശയമില്ല. 'നമ്മൾക്കു പോയ നിധി പോയതുതന്നെയല്ലോ' എന്ന് ഉള്ളൂർ പരമേശ്വരയ്യരവർകളും, 'ഒരു സൽപ്രഭുവും കവീന്ദ്രനും വിരുതേറുന്നൊരു വൈദ്യമുഖ്യനും ഒരുമിച്ചു നമുക്കു നഷ്ടരായ് ഗുരുസദ്വൃത്തനൊരുത്രഴിദേവനും' എന്നു വള്ളത്തോൾ നാരായണമേനോൻ അവർകളും പറഞ്ഞിട്ടുള്ളതു വളരെ ശരിയായിട്ടുള്ളതാണ്. മന്ദസ്മിതാർദ്രമായ അവിടുത്തെ മുഖവും കാരുണ്യാമൃതപരിപൂർണ്ണങ്ങളായ വാക്കുകളും, ശരച്ചന്ദ്രികാധവളമായ ദേഹകാന്തിയും ഒരു കാലത്തും ഓർമ്മയിൽനിന്നു വിട്ടുപോകുന്നതല്ല.

ഒടുവിൽ കുഞ്ഞികൃഷ്ണമേനോൻ, ബി. എ.



സമർപ്പണം

തൈക്കാട്ടിട്ടീരിമൂസ്സെന്നഖിലദിശി പുകഴ്-
ന്നോരു വൈദ്യേശ്വരൻ ത-
ന്നുൾക്കാമ്പൊത്തുള്ള ശിഷ്യൻ നടുവധരണിഗീ-
ർവ്വാണനത്യന്തശാന്തൻ
തൽക്കാരുണ്യാൽച്ചമച്ചുള്ളൊരു കൃതി ഭഗവ-
ദ്ദൂതതാം നാടകത്തെ-
ച്ചിക്കെന്നാചാര്യപാദങ്ങളിലമിതരസ-
ത്താൽസ്സമർപ്പിച്ചിടുന്നു.

ഗ്രന്ഥകർത്താവ്

ഭഗവദ്ദൂത്

(സംഗീതനാടകം)

ഒന്നാമങ്കം

ഹരിഃ ശ്രീ ഗണപതയേ നമഃ

അവിഘ്നമസ്തു.

ചന്ദ്രാന്വയാഭരണമാം ശമനാത്മജന്നു
സാമ്രാജ്യമോദമേളുവാക്കുവതിന്നുവേണ്ടി
നന്ദിച്ചു ദൂതു പറവാനെഴുന്നള്ളിയോരു
നന്ദാത്മജൻ കരുണയാം തുണയായ്‌വരട്ടെ. 1

അത്രതന്നെയല്ല,

ആടും പാമ്പസ്ഥിജാലം ഗിരിസുതയൊഴുകും
വെള്ളമേറെ പ്രകാശം
തേടും തീക്കട്ട തിങ്കൾക്കല കഠിനവിഷം
തുമ്പ ചാരം കഠാരം
ചാടും മാൻകുട്ടി ശൂലം മണിജട തല തോ-
ലെന്നിതെല്ലാം നിദാനം
കൂടും മോദാൽ ധരിക്കും പുരരിപുഭഗവാൻ
നിങ്ങളെത്താങ്ങിടട്ടേ. 2

അത്രതന്നെയല്ല,

തൽക്കാലം പലരൊത്തുകൂടി ഹിമവൽ-
പുത്രീവിവാഹോത്സവം
സൽക്കാലത്തു കഴിച്ചുകൊണ്ടവർ പിരി-
ഞ്ഞുള്ളൊരവസ്ഥാന്തരേ
മുക്കണ്ണൻ തിരുമേനിതന്റെ തിരുമൈ
കണ്ടീടുവാൻ ദേവിതൻ
തൃക്കണ്ണിൻമുനകൊണ്ടു പണ്ടു കൃതമാം
നോക്കാണു നോക്കാശ്രയം. 3

(നാന്ദ്യന്തത്തിൽ സൂത്രധാരൻ പ്രവേശിക്കുന്നു.)

സൂത്രധാരൻ — (നേരെ നോക്കി സന്തോഷത്തോടുകൂടീട്ട്)

ഗുണജ്ഞരായുള്ള സദസ്യരെക്കൊ-
ണ്ടണിഞ്ഞ രംഗത്തിനൊഴും പ്രഭാവം
ഗണിപ്പതിന്നാർക്കെളുപ്പമല്ലെൻ-
കണിപ്പലം നോക്കുകിലെത്ര ചിത്രം! 4

(സൂക്ഷിച്ചുനോക്കീട്ട്)

ശൃംഗാരസാരമൊഴുകുന്നൊരു നല്ല മട്ടു
നങ്ങ്യാരു പാരമഴകോടു സഭാതലത്തിൽ
സംഗീതതാളമിടചേർന്നു തകർത്തിടുന്നു
രംഗ്യാ മിഴാവിനെഴുമീധ്വനിയും മനോജ്ഞം. 5

(കുറച്ചു കോപത്തോടുകൂടി അണിയറയിലേക്കു നോക്കീട്ട്)

എത്ര നേരമായി വട്ടംകൂട്ടിത്തുടങ്ങീട്ട്? ഇങ്ങോട്ടുവരുന്നതേ?

നടി—(വന്നിട്ട്) ഇവിടത്തെ താനായി സമ്മാനത്ത് ഒരു എഴുത്തു തന്നിരുന്നു. അതു വെച്ച സ്ഥലം മറന്നുപോയി. അതുകൊണ്ടാണ് കുറച്ചു താമസം വന്നുപോയത്. ഇപ്പോൾ കിട്ടി (എന്നു കൊടുക്കുന്നു)

സൂത്ര—(വാങ്ങി വായിക്കുന്നു)

"ഉദ്യോഗക്കാടൽ കൂടാതെകൊണ്ടു പരിപാ-
ലിച്ചുകൊണ്ടുമിപ്പൊ-
ഴുതവർക്കുള്ളിലെല്ലാം പ്രമോദമേകുവാ-
നുള്ള നല്ലസ്വഭാവത്തെ
സേവിപ്പാൻ വന്ന വാഴും ധരണീസുരവര-
ന്മാരെയുമിന്ന കണ്ടാ-
നാവിലക്കാതെ നാരായണനടതിലകൻ
കാണുവാനാണുതാനും 6

ആടണം ഭഗവദ്ദൂതാം നാടകം വേഗമായിട്ട്
കേടകന്ന ഭവാൻതന്നെ മോടിയോടു നടത്തണം" 7

നടി—(കേട്ടിട്ട്) ഈ നാടകം ആരുണ്ടാക്കിയതാണ്?

സൂത്ര—നടുവത്തു നമ്പൂരി ഉണ്ടാക്കിയതല്ലേ!

നടി—അദ്ദേഹം കൊടുങ്ങല്ലൂർ വിദ്വാൻ കുഞ്ഞിരാമവർമ്മൻ തമ്പുരാൻ അടുക്കൽ പഠിക്കുന്നു എന്നു കേട്ടിട്ടുണ്ട്. നാടകം ഉണ്ടാക്കിയ്ക്കുമോ!

സൂത്ര—അതു മതി നല്ലേ! ഉം! പെണ്ണുങ്ങൾക്കെന്തറിയാം!

കൊച്ചുണ്ണിത്തമ്പുരാൻതൊട്ടഖിലകവികളും
 വന്നൊ മാറിക്കകൊണ്ടും
മെച്ചം പൂണ്ടുള്ള ഭാഷാകൃതിയതിലതിസാ-
 മത്ഥ്യമുണ്ടാകകൊണ്ടും
അച്ഛന്നാം കീത്തി നേടിത്തെളിവൊടു നടുവ-
 ത്തുല്ലസിക്കുന്ന സാക്ഷാ-
ലച്ഛൻ നമ്പൂരിയെക്കേട്ടവനിയിലറിയാ-
 താരെടോ ചാരുശീലേ! 8

നടി—ഓ, ഹോ, അച്ഛൻനമ്പൂരിയോ, അദ്ദേഹത്തിനെ ഞാനറിയുമെന്നല്ല ഈ നാടകവും വായിച്ചിട്ടുണ്ട്. തല്ക്കാലം ഓമ്മയുണ്ടായില്ല.

ഇന്നിസ്സദസ്യരുരചെയ്യൊരു കാര്യമോത്താൽ
നന്നായ് നമുക്കു വരമെന്നു പറഞ്ഞിടേണം
ഒന്നാന്തരം കൃതിയതല്ലിനിയുണ്ടു മെച്ചം
നന്ദാത്മജൻ കഥയിൽ നായകനായിതാനും. 9

ഇവിടത്തോടൊന്നുകൂടി ചോദിക്കാനുണ്ടായിരുന്നു.

സൂത്ര—ചോദിക്കാമല്ലോ.

നടി—അച്ഛൻനമ്പൂരിക്കു ദീനം കലശലാണെന്നു കേട്ടുവല്ലോ. അതു് ആശ്വാസമായോ?

സൂത്ര— അച്ഛൻ മഹീസുരവരന്നുളവായ ദീന-
മിച്ഛാനുകൂലതരമായ ചികിത്സകൊണ്ടു്
കൊച്ചുണ്ണിഭൂമിപതി മാററിയ വത്തമാനം
നൽച്ചാരുചന്ദ്രമുഖി! നീയറിയുന്നതില്ലേ? 10

നടി—ഏതു കൊച്ചുണ്ണിത്തമ്പുരാൻ?

സൂത്ര—ഇക്കാവാകിയ രാജ്ഞിതന്റെ തനയൻ
കഞ്ഞുണ്ണിഭൂപന്റെ നൽ-
ത്തൃക്കാൽസേവകനായ ശിഷ്യനമലൻ
ദേവൌഘസേവാരതൻ
ചൊല്ക്കൊള്ളുന്നൊരു കോടിലിംഗനൃവരൻ
കൊച്ചുണ്ണിഭൂപാലനാ-
ണക്രൂരാമയശാന്തി നൽകിയവിട-
ത്തെക്കാത്തു രക്ഷിച്ചതു്. 11

എന്നുതന്നെയല്ല, അദ്ദേഹം ദീനംമാററിയതിനെക്കുറിച്ചു്,-

'ദീനംകൊണ്ടാത്തനാമെന്നുടെയുടലുടനേ
വിട്ടു ജീവൻ ഗമിപ്പാൻ
താനുത്സാഹിച്ചു നില്ക്കുമ്പൊഴതതിനെയരം
വീണ്ടെടുത്തിണ്ടലെന്ന്യേ
ദാനഞ്ചെയ്തെന്നെ രക്ഷിച്ചൊരു സുകൃതിവരൻ
കൊച്ചു കൊച്ചുണ്ണിഭൂപ-
ന്നൂനംകൂടാതനേകം സമകളമരണം
ഭൂമിയിൽക്ഷേമനായി.' 12

എന്നു് ഒരു മംഗളപത്രം 'മലയാളമനോരമാ'പത്രത്തിൽ പ്രസിദ്ധംചെയ്തിട്ടും ഉണ്ടായിരുന്നുവല്ലോ.

നടി—അല്ലാ കൊച്ചുണ്ണിത്തമ്പുരാനു ചികിത്സയുണ്ടോ?

സൂത്ര—അവിടെയ്ക്കു് എന്തൊരു കോപ്പാണില്ലാത്തതു്? സൂക്ഷ്മം വിചാരിക്കുമ്പോൾ അമാനുഷനാണെന്നു പറയണം.

നടി—ശരിതന്നെ. നമ്മൾ ഇങ്ങിനെ മാസത്തിനെപ്പററി അധികം വിസ്തരിച്ചുതുടങ്ങിയാൽ അതിന്നു മതി യാകും. അതു പോരാത്തതല്ലേ?

സൂത്ര—എന്നാൽ ഋതുവിനെ വർണ്ണിച്ചു പാടു.

നടി—ഏതു് ഋതുവിനെയാണു് വർണ്ണിക്കേണ്ടതു്?

സൂത്ര—എന്താ സംശയിപ്പാൻ? ഈ വസന്തഋതുവിനെ തന്നെ.

നടി—

കാമിനാം മനോഹരം പൂങ്കാവുകളും ലോലഭൃംഗനാദം സന്നിധൌ
വന്നിട്ടും ഉൾക്കുരുന്നിൽ നിറയുന്ന വസന്തം പാരം

സൂത്ര—(നോക്കീട്ടു്)

ധന്യമാം കലശം ധാന്യമെന്നുപോലെ ധനത്താലി—
നന്ദനമാനിനിമാരുടെ ഭാഗ്യമതിന്നു പാര

(ശ്ലോകം 13

ഇനി നമുക്കു ജോലിക്കാരാകാൻ പോവുക.

(എന്നു രണ്ടാളും പോയി)

പ്രസ്താവന കഴിഞ്ഞു.

(അനന്തരം ഭഗവാൻ പ്രവേശിക്കുന്നു.)

ഭഗവാൻ—

ഭൂമിയിന്നാശ്വസിപ്പാൻ കരുണയിൽ വരമി—
ന്നാശ്രയിച്ചോർത്തിടുമ്പോൾ—
ഇങ്ങാനന്ദം തന്നിൽ ഉമ സഖി വിജയൻ—
തന്നെരക്ഷിപ്പാനായ്

സിദ്ധാന്തം താനൊരാളില്ലമിവനും കര-
ക്കല്ലയും ഭംഗിയായി-
സ്സിദ്ധിച്ചീടില്ല നന്നായൊരു വഴി പിഴയാ-
തോർക്കണം ലാക്കിലിപ്പോൾ. 14

മന്നം യുദ്ധത്തിനാരോ പറയുവതവരോ-
ടൊത്തു പോയീടണം താ-
നെന്നാണല്ലോ നൃപന്മാരുടെ മുറയതുമി-
ങ്ങാചരിക്കേണ്ടതത്രേ

(ചെവിയോർത്തിട്ടു്)

നന്നായ്ക്കേൾക്കുന്നു കൊട്ടും കുഴലൊടു വെടിയും
ഭേരിയും പാരമാരാൽ
വന്നീടുന്നുണ്ടു ദുര്യോധനനൃപനിവിടെ-
ന്നെന്നു തോന്നുന്നു ചിത്തേ. 15

(അണിയറയിൽ)

'നിങ്ങളൊക്കെ ഇവിടെ നിന്നാൽ മതി ആരും കൂടെപ്പോരേണ്ട' (എന്നു്)

ഭഗവാൻ—(കേട്ടിട്ടു്) ഓ ഹോ! ദുര്യോധനൻതന്നെ. ഈ വിദ്വാൻ മുമ്പിൽക്കടന്നു ക്ഷണിച്ചാൽ ദുർഘടമായി. (വിചാരിച്ചിട്ടു്) ആട്ടെ, അർജ്ജുനൻ വരുവോളം ഒരു കള്ളൊറക്കംതന്നെ തരം. (അങ്ങിനെ ചെയ്യുന്നു)

(പിന്നേയും അണിയറയിൽ)

'ഹേ, ഹേ, ഹരിക്കാരൻ,—സ്വാമി—കൃഷ്ണൻ എവിടെയാണു്—പള്ളിയറയിലാണു്—അങ്ങോട്ടു കടക്കയ

തെ—ആവാമല്ലോ. ഇവിടെയ്ക്കു സമയം നോക്കാനു ണ്ടോ?"(എന്നു്)

(അനന്തരം ദുൎയ്യോധനൻ പ്രവേശിക്കുന്നു)

ദുൎയ്യോധനൻ—(പുററിനടന്നിട്ടു്)

കണ്ണൻ, ഞാൻ വന്ന കാൎയ്യം കരളിലുടനറി-
ഞ്ഞെങ്കിലത്യന്തമോദാൽ
തുണ്ണം വന്നാദരിക്കാൻ്ലതിനൊരു വഴിയി-
ല്ലില്ല തെല്ലും വിവാദം.

(നോക്കീട്ടു്)

കണ്ണും ചീമ്മിശ്ശയിക്കുന്നതുസമയമരം
നിദ്രയാണെന്തിനിപ്പോ-
ഉണ്ഡിപ്പിക്കുന്നു, തെല്ലൊന്നിവിടമതിലിരി-
ക്കാം വിളിക്കാം പതുക്കെ. 16

(നാലു പുറത്തും നോക്കീട്ടു്)

നന്ദ്യാ മുകുന്ദൻെറ മുടിപ്രദേശം
തന്നിൽക്കിടക്കും മണിപീഠമദ്ധ്യേ
ചെന്നാങ്ങിരിക്കാമുണരുന്നതായാ-
ലെന്നെക്കണിക്കും തരമായിരിക്കും. 17

(പീഠത്തിന്മേലിരുന്നു ജനാലിൽക്കൂടി നോക്കീട്ടു്)

ചാരുതചമേറുന്നൊരു ദിവ്യനുണ്ടു
ദൂരത്തുനിന്നിങ്ങു വരുന്നതാരോ?

(സൂക്ഷിച്ചുനോക്കീട്ടു്) ആഹാ,

കാറൊത്തവൎണ്ണനകതാരലിഞ്ഞ
കൂറൊത്ത കുന്തീസുതനാണറിഞ്ഞു. 18

(അനന്തരം അൎജ്ജുനൻ പ്രവേശിക്കുന്നു.)

അൎജ്ജുനൻ—ഇവിടെ എഴുന്നെള്ളീട്ടില്ലെന്നുണ്ടോ? ശബ്ദമൊന്നും കേൾക്കുന്നില്ല. (പള്ളിയറയിലേയ്ക്കുനോക്കീട്ടു്)

പള്ളിക്കുറുപ്പു ഭഗവാൻ പരിചോടു ചെയ്തു-
കൊള്ളുന്ന നേരമധുനാ തരമില്ല കാണ്മാൻ
കൊള്ളാം തദീയമതിമോഹനദിവ്യരൂപ-
മുള്ളത്തിലോൎത്തു ചരണാന്തികദേശവാസം. 19

(അടുത്തു ചെന്നു നോക്കീട്ടു് വിചാരം) ഏ്

മുന്നം വന്നുവശായി ദുൎഘടമതി-
ദ്ദുൎയ്യോധനൻ
തന്നെത്താനൊരു പീഠമേറി മരുവീ-
ടുന്നു ഞെളിഞ്ഞിങ്ങിനെ
മന്ദിച്ചീടിന ഭാഗ്യമുള്ള പുരുഷൻ
ലോകം പ്രദേശങ്ങളിൽ-
ച്ചെന്നെത്തുന്നു വിപത്തുമെന്നു വിദുഷാം
വാക്കിന്നു ഭോഷ്ക്കാകുമോ? 20

അതെന്തെങ്കിലുമാവട്ടെ പള്ളിക്കുറുപ്പുണരുന്നാവരെ ത്രുക്കാല്ക്കൽ നില്ക്കുകതന്നെ. (അങ്ങിനെ ചെയ്യുന്നു)

ഭഗവാൻ—(ഉണൎന്ന നാട്യത്തിൽ കണ്ണു മിഴിച്ചു്, അൎജ്ജുനനെ നോക്കീട്ടു്) ഏ് അൎജ്ജുനനോ? കുറച്ചു നേരമായോ വന്നിട്ടു്?

അൎജ്ജുനൻ—ഇല്ല, ഇപ്പോൾതന്നെ.

ഭഗവാൻ—(സ്നേഹത്തോടുകൂടി)

അല്ലേ ധനഞ്ജയ! സഖേ! സുഖമായ്വസിക്കു-
ന്നില്ലേ ഭവാനുമയി ബന്ധുജനങ്ങളും തേ
ഇല്ലത്തുമെന്നു കരുതുന്നു വിശേഷമിപ്പോൾ
ചൊല്ലേണമെന്തിനിവിടേക്കു ഗമിച്ചതെന്നും. 21

അർജ്ജുനൻ—ഞങ്ങൾക്കൊക്കെ ഒരുവിധം സുഖമാണ്.
(സ്വകാര്യമായിട്ട്) ദുര്യോധനജ്യേഷ്ഠൻ തലയ്ക്കൽവന്നി
രിക്കുന്നുണ്ട്, കണ്ടില്ലെന്നുണ്ടോ?

(ഭഗവാൻ ദുര്യോധനനെ നോക്കി പരിഭ്രമിച്ച് എഴുന്നേ
ല്ക്കുന്നു.

ദുര്യോധനൻ—എയ്, ഇരിക്കു, ഇരിക്കു.

ഭഗവാൻ—'ഇരുന്നിട്ട്)

അയ്യോ ഭവാനിവിടെയെത്തിയ വർത്തമാന-
മിയ്യുള്ളവന്നറിയുവാനിടവന്നതില്ലേ
പൊയ്യല്ല വന്നു പിടിപെട്ടൊരു നിദ്രകൊണ്ടു
വയ്യാതലഞ്ഞു കുറെയൊന്നു കിടന്നുപോയി. 22

മാനം പെരുത്തുള്ള ഭവാനിവണ്ണം
താനേ വരാനുള്ള നിമിത്തമെന്തും
ഞാനോർത്തുകണ്ടിട്ടറിയുന്നതില്ലേ
നൂനം വിശേഷാലുളവായതിപ്പോൾ? 23

ദൂതന്മാരിലൊരാളൊടല്പമുരചെയ്തിങ്ങോട്ടയച്ചെങ്കിൽ ഞാ
നേതുംതന്നെ മടിച്ചിടാതചിടെവന്നെത്താതിരുന്നീടുമോ?
ചേതസ്സിങ്കലശേഷവും കരുതിയില്ലിപ്പോൾ ഭവദ്ദർശനം
ചെയ്തീടുന്ന കുതൂഹലം മനസി മേ ചൊല്ലാവതല്ലുത്തമം.

മന്നവരണിമണിമൌലേ!
വന്ന വിശേഷം കഥിച്ചു വഴിപോലെ
നന്ദി നമുക്കതിനാലേ
വന്നീടും പാക്കിലിന്നു മേന്മേലേ! 25

ദുൎയ്യോധനൻ— ഈ പാണ്ഡവന്മാക്ക് പകുതി രാജ്യം കൊടുക്കുന്ന കാൎയ്യം അനുജന്മാക്കും അച്ഛനും മററും അശേഷം മനസ്സില്ല. അവരും യുദ്ധം ചെയ്തിട്ടെങ്കിലും കിട്ടാതെകണ്ടു കഴിയില്ലെന്നു കൂടിയിരിക്കുന്നു. അതുകൊണ്ടു ലൌകികമല്ലെങ്കിലും യുദ്ധം കൂടാതെ കഴികയില്ലെന്നും വന്നു. എന്നുമാത്രമല്ല, അതിന്നു വേണ്ടുന്ന വട്ടങ്ങളും കൂട്ടിക്കഴിഞ്ഞു. യുദ്ധം ചെയ്യുക എന്നു വരുമ്പോൾ അവരവരുടെ നില നോക്കാതെ കഴികയില്ലല്ലോ. എന്നാൽ നിങ്ങൾ സഹായിപ്പാൻ വിചാരിക്കുന്നുണ്ടെങ്കിൽ നല്ല സമയമാണ്. യുദ്ധത്തിന്നു ക്ഷണിപ്പാനാണ് ഞാൻ വന്നത്. ഞാനെത്തിയതിൽ പിന്നെയാണൎജ്ജുനൻ വന്നത്.

യാദവൎക്കു കുരുപാണ്ഡവാദിയിൽ
ഭേദമെന്തു നിരുപിച്ചുനോക്കിയാൽ
മോദമോടിവിടെയാരു മുമ്പിൽവ-
ന്നാദരിക്കുമവരോടു ചേരണം. 26

എന്നാണ് ന്യായം.

അൎജ്ജുനൻ—(പരിഭ്രമത്തോടുകൂടി ഭഗവാനോട്)

അന്ധത പെരുകുന്നവരാം
കുന്തീതനയൎക്കു പാക്കിലിക്കാലം

ഗിരിശകമലിനിയുടെ ചരണാ-
മ്പുജമല്ലാതെയില്ലൊരവലംബം. 27

എന്ന തിരുമനസ്സറിയിച്ചു് ഇപ്പോൾത്തന്നെ ഒരുമിച്ചു് കളിക്കാനൊരു ചൊല്ലണമെന്ന വലിയ ജ്യേഷ്ഠൻ കല്പിച്ചിട്ടാണു് ഞാൻ വന്നതു്.

ഭഗവാൻ—(വിചാരം) ഒരാൾ ന്യായം പറഞ്ഞിട്ടും മററാൾ അനുസരിയ്ക്കില്ലട്ടും. രണ്ടാളും കഴിഞ്ഞുകൊള്ളുന്ന വട്ടമല്ല. കാര്യം ഗൗരവമായി. ആട്ടെ വഴിയുണ്ടാവും.

(സ്പഷ്ടം)

വേണമെന്നപോലെനിരൂപിയ്ക്കുകിൽ മന്നിൽ നിങ്ങൾ
രണ്ടാളുകളുമുണ്ട്, പറയാമതിനുള്ള ഭേദം
കണ്ടെത്തിയ ദുഷ്ടനെ മുമ്പിവിടത്തിൽ മന്നു-
കണ്ടെത്തി കൗരവധരാതലരാജരാജൻ. 28

എന്നിട്ടു രണ്ടാളും ഭേദമില്ല.

ദുര്യോധനൻ—(വിചാരം) ഈ കണ്ണന്റെ കണ്ണിലുണ്ണിയുടെ പുറപ്പാട കണ്ടപ്പോൾത്തന്നെ നല്ല കണക്കിലാവില്ലെന്നു നിശ്ചയിച്ചിട്ടുണ്ടു്.

അർജ്ജുനൻ—(വിചാരം) ആവൂ! അസാരം ഭേദമായി. ഇപ്പോഴത്തെ തെളിവു് ഒന്നു കുറഞ്ഞു.

ഭഗവാൻ—(ഒന്നുകൂടി ആലോചിച്ചിട്ടു്)

പോരാമെങ്കിലൊരാൾക്കവേണ്ടിയ പര-
ന്നോകാം നമുക്കെല്ലാരി-
പ്പാരെ പാരമതെന്നപോലെ വിലസും
സേനാഗണം തൽക്ഷണം

നേരൊക്കെപ്പറയാം നിരായുധനതാൻ
നില്ക്കുന്നതല്ലാതെ വ-
മ്പോരിന്നൊപ്പമായുധം തൊടുകയും
പൊയ്യല്ല ചെയ്യില്ല ഞാൻ. 29

എന്നാലിങ്ങിനെയാണ് വസ്തുത.

നിങ്ങൾക്കമ്മവായിട്ടമൊ-
രിംഗിതമുടനേ കഥിച്ചുകൊണ്ടാലും
അങ്ങിനെ ചെയ്യാനൊരു തട-
വിങ്ങില്ലെന്തിനു താമസം പാഴിൽ? 30

അർജ്ജുനൻ—

മതി മതി ഭഗവാൻമാത്രം
കൊതി പുനരിന്നില്ലെനിക്കു സൈന്യത്തിൽ
ഹിതമിതു മാമകമിപ്പോ-
ളിതിനു ദയാലോ! മനസ്സുവെച്ചാലും. 31

ദുര്യോ—(വിചാരം) നൂറു ഗുണമുണ്ടെങ്കിലും ആയുധമെടുക്കാത്താളെ യുദ്ധത്തിനു കൊള്ളില്ല. എനിക്കു പടജ്ജനം മതി.

(സ്പഷ്ടം)

സ്വർല്ലോകാധിപനന്ദനൻ തരമറി-
ഞ്ഞാദ്യം ഭവാനെ ക്ഷണി-
ച്ചല്ലോ കാര്യമതെന്തിനിന്നു പഴതേ
ചൊല്ലുന്നു വല്ലെങ്കിലും
തെല്ലെങ്കൊണ്ടനുഗമിച്ചിടാമിഹ ഭവ-
ത്സൈന്യങ്ങളെസ്സാദരം

[illegible]
[illegible] ൩൪

ഭഗവാൻ— അതിനെന്താ. ദ്വാസ്ഥാ! പാർത്ത് കേട്ടോ (ഉറക്കെ) ആരാണവിടെ?

പരിക്കാരൻ—(വന്നിട്ട്) സ്വാമി! ഞാൻ.

ഭഗവാൻ— കൃതവർമ്മാവിനോട് വേഗത്തിൽ ഇവിടെ വരാൻ പറയൂ.

പരി— കല്പനപോലെ (എന്നു പോയി)

(അനന്തരം കൃതവർമ്മാവു പ്രവേശിക്കുന്നു.)

കൃതവർമ്മാവ്—(തൊഴുതുംകൊണ്ടു ഭഗവാനോട്) ഞാനിതാ വന്നു. (അർജ്ജുനനെ നോക്കീട്ട്) കുറച്ചു നേരമായോ വന്നിട്ട്?

അർജ്ജുനൻ—ഉവ്വ്.

കൃതവ—(ദുര്യോധനനെ നോക്കീട്ട് ആദരവോടുകൂടി) ഇവിടുന്നും അസാരം നേരമായിരിക്കും!

ദുര്യോ—(ചിരിച്ചുംകൊണ്ട്) ഉവ്വ്. ഒരു രണ്ടു നാഴികയായി.

ഭഗ—(കൃതവർമ്മാവിനോട്) പാണ്ഡവന്മാരും കൌരവന്മാരും തമ്മിൽ യുദ്ധം തീർച്ചയാക്കി. ഇവർ രണ്ടുപേരും നമ്മളെ ക്ഷണിക്കുവാനാണ് വന്നിരിക്കുന്നത്.

എന്നാൽ—

നോക്കിൽപ്പാണ്ഡവന്മാരും കുരുപ്രവരരും
തമ്മിൽപ്പിണങ്ങുമ്പൊഴി

നോക്കിന്നൊന്നൊരുഭേദമാണിരുപുറ-
ക്കാൎക്കും സഹായിക്കണം
ഇക്കാൎയ്യത്തിലിവൎക്കിരിച്ചൊരഭിലാ-
ഷംപോലെ ചെയ്തീടുവാ-
നൎക്കാമ്പികലുറച്ചു കേവലമതും
ചൊല്ലാം ഭവാനോടു ഞാൻ. 33

നമ്മുടെ വക നാരായണന്മാർ എന്നു പേരായ ഒരക്ഷൌഹിണി സൈന്യത്തെ ദുൎയ്യോധനമഹാരാജാവിന്നു കൊടുപ്പാനും നിരായുധനായ ഞാൻ മാത്രം പാണ്ഡവന്മാൎക്കു സഹായിക്കാൻ പോവാനുമാണു് നിശ്ചയിച്ചതു്. അതുകൊണ്ടു് അവരൊക്കെയും ഇദ്ദേഹം ഒരുമിച്ചുതന്നെ പോകുന്നതിന്നു വേണ്ടവിധം തയ്യാറാക്കു. അങ്ങും അങ്ങയുടെ സൈന്യങ്ങളോടുകൂടി ഒരുമിച്ചുതന്നെ പോകണം. വേണ്ട സഹായങ്ങളും ചെയ്യണം.

കൃത—അങ്ങിനെതന്നെ (എന്നു പോയി)

(അണിയറയിൽ)

'വീരന്മാരായ നാരായണഭടവരരേ!
കേൾക്കുവിൻ നിങ്ങളെല്ലാം
പോരിങ്കൽ പിന്തുണപ്പാൻ കുരുകുലവരനോ-
ടൊത്തു പോയീടവേണം
പോരാ പേറിട്ടൊരക്ഷൌഹിണിയൊടുമിഹ ഞാൻ
കൂടിമുമ്പിട്ടുകൂടെ-
പ്പോരാനാണാജ്ഞയെന്നാലിനിയതിനതിസ-
ന്നദ്ധരായ്ക്കൊത്തുനില്പിൻ. 34

ഇതാ ഞങ്ങളും തയ്യാറായി'—(എന്നു്)

ഉദ്ധ്വോ—(കേട്ടിട്ടു ഭഗവാനോടു്) കൃതവൎമ്മാവു സൈന്യങ്ങളോടും സൈന്യങ്ങളും അദ്ദേഹത്തിനോടും പറയുന്നതാണിതു കേട്ടതു്. എല്ലാം തയ്യാറായി എന്നു തോന്നുന്നു. എന്നാൽ പോട്ടെ? (എന്നു് എഴുന്നേല്ക്കുന്നു)

ഭഗവാൻ—(എഴുന്നേററിട്ടു്) താമസിയ്ക്കാതെ കണ്ടുകൊള്ളാം.

ഉദ്ധ്വോ—എന്നാൽ അങ്ങിനെതന്നെ. (എന്നു പോകുന്നു)

ഭഗവാൻ—(ചിരിച്ചുംകൊണ്ടു്) ആട്ടെ നമുക്കിനി ഇരിയ്ക്കുക. (എന്നിരിക്കുന്നു.)

(അൎജ്ജുനൻ സിംഹാസനത്തിന്മേൽ നോക്കുന്നു)

ഭഗവാൻ—ഇവിടെത്തന്നെ (എന്നു കയ്യുപിടിച്ചു കട്ടിന്മേൽ ഇരുത്തീട്ടു്)

എടോ! സഖേ! തെററി തനിക്കു പാരം
പടയ്ക്കു വേണ്ടും പരിവാരമെല്ലാം
മിടുക്കുകൂടും കുരുപുംഗവൻ കൾ
ക്കുടക്കി കാൎയ്യം വെറുതേ കളഞ്ഞു. ൪൫

ആയുധവുംകൂടി എടുക്കാത്ത എന്നെ എന്തു കാൎയ്യം വിചാരിച്ചാണു് വരിച്ചതു്?

അൎജ്ജുനൻ—

എന്തെന്നോടരിവണ്ണമിപ്പോഴരുളി-
ച്ചെയ്യുന്നു? ശത്രുക്കളോ-
ടെന്തിന്നും മതിയാകുമിയ്യിവർ ഭവാൻ
ചാരത്തിരുന്നീടുകിൽ

ചെന്താർസായകവൈരിയായ ഭഗവാൻ
ഭൂതേശനെത്തീടിലും
ചിന്താലേശമതില്ലെനിക്കു നിതരാം
നിസ്സാരമിസ്സംഗരം. 86

നേരെ തേരു നടത്തുവാനൊരുവനുണ്ടായിട്ടുവന്നീടിലെൻ-
നേരെപോരിനെതിർക്കുവാനൊരുവരുംപോരാധരാഭ്യന്തരേ
പാരം ക്രൂരരതാം നിവാതകവചന്മാരെപ്പുരാ സംഗരേ
കേറിക്കൂലകാലകേയസഹിതം ഭസ്മീകരിച്ചില്ലയോ? 87

ഭഗവാൻ—അതിനു വിഷമിക്കേണ്ട, തേരു ഞാൻ തെളിക്കാം.

അർജ്ജുനൻ—(സന്തോഷത്തോടുകൂടി)

എല്ലാമിവിടത്തെക്കൃപ-
യല്ലാതുണ്ടോ നിനക്കിൽ ഞങ്ങൾക്കു്
തെല്ലു കുറച്ചിലിതെങ്കിലു-
'മെല്ലാം ചെയ്യാം മഹത്തുകൾക്കല്ലോ' 88

ഭഗവാൻ—ആട്ടെ, നമുക്കു ധർമ്മപുത്രരുടെ അടുക്കലേക്കു പോക.

(എല്ലാവരും പോയി.)

ഒന്നാമങ്കം കഴിഞ്ഞു.

രണ്ടാമങ്കം

(അനന്തരം അഭിമന്യുവും ഘടോല്ക്കചനും പ്രവേശിക്കുന്നു)

അഭിമന്യു—ഇവിടുന്നിപ്പോഴാണ് വരുന്നതേയുള്ളു? ഈ കഥയൊന്നും അറിഞ്ഞില്ല അല്ലേ?

ഘടോല്ക്കചൻ — ഏതു കഥ?

അഭിമന്യു—ഉത്തമപുരുഷൻതാൻ സമ-
വർത്തിതനൂജൻ തുടങ്ങിയെല്ലാരും
ഒത്തൊരു പാണ്ഡവസഭയതി-
ലിത്തിരി പറവാൻ വിശേഷമുണ്ടായി.

ഘടോ—അതുവ്വോ? ഞാനറിഞ്ഞില്ലല്ലോ. എന്താണത്

അഭി—കേട്ടോളു, ഹസ്തിനപുരത്തിങ്കൽനിന്നു ധൃതരാഷ്ട്ര[ർ] പറഞ്ഞയച്ചിട്ടു സഞ്ജയൻ വന്നു മഹാരാജാവു ധർ[മ്മ]പുത്രരോടു സന്ധി സംസാരിക്കുകയും അവിടുന്നു മറു[]പടി പറകയും മറ്റും നല്ല നേരമ്പോക്കായിരുന്നു.

ഘടോ—ഐ, സന്ധിക്കു് ഇങ്ങോട്ടു് ആളെ അയച്ചു തു[ട]ങ്ങിയോ? യുദ്ധംനിശ്ചയിച്ചപ്പോഴയ്ക്കുംതന്നെ മൂപ്പരുടെ കഥ പരുങ്ങലായോ? ഇതു ദുര്യോധനൻ അറിഞ്ഞിട്ടോ[?]

അഭിമന്യു—അതാവില്ല. ആ വൃദ്ധൻെറ വ്യസനമായിരിക്കണം.

ഘടോ—ആട്ടെ, ഒക്കെ കഴിച്ചു പോയോ?

ആത്രേ—ഇല്ല.

വാസന്തി—കഷ്ടം! [illegible] കേൾക്കാൻ കഴിഞ്ഞില്ലല്ലോ!

ആത്രേ—[illegible] എന്തായിരുന്നു?

വാസന്തി—[illegible] ഉണ്ടായിരുന്നു. പക്ഷേ യു[illegible] [illegible] സൈന്യങ്ങൾ വന്നു ചേർന്നതിൽ [illegible] [illegible] മറ്റും വളരെ നിഷ്കർഷയാണ്. [illegible] വന്നുപോയി. ഈ [illegible] [illegible] [illegible]. [illegible], അനുജൻ കൂടെ [illegible]. [illegible] വിസ്തരിച്ചു മുഴുവനും പറയണം.

ആത്രേ—

[illegible] [illegible] [illegible]-
[illegible] [illegible]
[illegible] [illegible] [illegible]
[illegible] [illegible]
[illegible] കേൾക്കണമെങ്കിലെത്ര രസമു-
ണ്ടല്ലാതെയുണ്ടായതീ-
[illegible] ഞാൻ കടന്നു പറകിൽ-
[illegible] വരാ [illegible]. 2

വാസന്തി—ഇത്രേടത്തോളം [illegible] കേൾക്കാത്തതിൽ ഖേദമാ[illegible].

ആത്രേ—എന്നാൽ പറയാം.

[illegible] [illegible] [illegible]
[illegible] [illegible] [illegible]

...ലികക്കാരിയുടെ ചപ്പ വിധത്തമാദ്യം
...ന്നതിലെന്നോ പറഞ്ഞു സഞ്ജയൻതാൻ. 8

ധർമ്മാധർമ്മവിചാരമില്ല തനയ-
ന്മാർക്കിന്നൊരാൾക്കുമില്ലും
...ശ്ശീലരാണവർ നിശ്ച നിതരാ-
മവരോടു പറയല്ലെന്നു ഞാൻ
ഭാഗ്യവാൻ ശകുനിക്കിതൊക്കെ രസമാ-
ണിഷ്ടമുള്ളവൻ സാരമി-
ല്ലിപ്പോൾ ...പിടത്തിലെ ...തിയതെ-
ന്നർത്ഥമോർത്തീടണം. 4

അതിൽവെച്ചു ദുര്യോധനന്റെ ഭാവത്തിങ്കൽ ലോകനാഥൻതന്നെ താനാണ്, മറ്റൊരാളു പറഞ്ഞു കേൾക്കില്ലെന്നു മാത്രമല്ല താൻ പറയുന്നതു് എല്ലാവരും കേൾക്കുകയും വേണമെന്നുണ്ട്. എന്തു ചെയ്യാം?

എന്നാലിന്നു ദുര്യോധനനോർത്തിടുമ്പോൾ
തന്നിഷ്ടമല്ലാതൊരു കാര്യമില്ല
എന്നോടൊരാലോചനയൊട്ടുമില്ല
പിന്നിൽസ്സ്വപ്രായത്തിനു കണ്ണനാണ്. 1

അതുകൊണ്ടു് ഇവരെപ്പറഞ്ഞു നേരെ നടത്താമെന്നുള്ള വ്യാമോഹം എനിക്കില്ല. എല്ലാംകൊണ്ടും വളരെ വ്യസനമായി.

നിസ്സാരമാണ നിരൂപിക്കിൽ മനുഷ്യജന്മം
അതോർത്താൽ അമ്മേ! ഭോഷനറിവുള്ളതല്ലേ?

ഞാനീവണ്ണമിരുന്നിടുന്ന സമയം
പററാൻ പ്രയാസപ്പെടും
ഊനം ചെന്നു പറഞ്ഞുകൊൾക കുരു-
ക്ഷ്മാപാലനോടീവിധം. 11
ലാക്ഷാനിർമ്മിതമന്ദിരത്തിലിവരെ-
ക്കൊണ്ടിട്ടു തീവെച്ചതും
രൂക്ഷത്വം കലരുന്ന ഭീമനെ വിഷ-
ച്ചോറൂട്ടിയെന്നുള്ളതും
അക്ഷത്തിൽ ച്ചതിചെയ്തുകൊണ്ടഖിലവും
തട്ടിപ്പറിപ്പിച്ചതും
സൂക്ഷ്മത്തോളമെനിക്കു നല്ലൊരറിവു-
ണ്ടെന്നും പറഞ്ഞീടണം. 12

എന്നുതന്നെയല്ല,
മാന്യന്മാർ പലരും നിറഞ്ഞ സഭയിൽ
ദുർബ്ബുദ്ധി ദുശ്ശാസനൻ
ചെന്നാദ്രൌപദിദേവിതന്റെ ചികുരം
ചുററിപ്പിടിച്ചങ്ങിനെ
നിന്നീടാതെ വലിച്ചിഴച്ചതു കിട-
ക്കട്ടേ മഹാകഷ്ടമാ-
ത്തന്വംഗിമണിതന്നുടുപ്പുടവ തൻ
കൈകൊണ്ടഴിച്ചീലയോ? 13
അന്നേരത്തരയന്നഗാമിനി പരം
ഖിന്നത്വമോടുള്ളഴ-
ന്നെന്നെക്കാത്തരുളേണമെന്നവശയാ-
യെന്നോടപേക്ഷിച്ചതും

ഒന്നും മാമകചിത്തതാരിൽ ഭാവാന്-
വന്നില്ലതെന്നും ഭവാൻ
നന്നായ്ച്ചൊന്ന പറഞ്ഞതിങ്ങെനിക്കമാൻ-
തന്നോടു മന്ഥരം. 14

അത്രതന്നെയല്ല, അഗ്രജനായി സത്യസന്ധനായിരിക്കുന്ന ധർമ്മപുത്രന് അനുവാദം കൊടുത്തെങ്കിൽ ഉഗ്രപരാക്രമനായിരിക്കുന്ന ഭീമസേനനൊരാൾ മതി, ശത്രുവംശം മുഴുവനും മുടിക്കാൻ. അതിന്നു പുറമെ, സാക്ഷാൽ ത്രിപുരാന്തകനായിരിക്കുന്ന പരമേശ്വരനോടു യുദ്ധം ചെയ്തു വരം വാങ്ങിച്ച അർജ്ജുനന്റെ യുദ്ധസാമർത്ഥ്യവും വിശേഷാലിവർക്ക് സഹായിപ്പാൻ ഞാനൊന്നുണ്ടായിട്ടുള്ളതും വഴിപോലെ വിചാരിക്കേണമെന്നും താമസം കൂടാതെ കൌരവവംശം നാമാവശേഷമായി തീരുമെന്നും കൂടി ധൃതരാഷ്ട്രരോടു പറഞ്ഞേക്കു' എന്നും മറ്റും ഭഗവാനരുളിച്ചെയ്തപ്പോഴയ്ക്കും സഭാവാസികൾ ഭയത്തോടും ഭക്തിയോടും പരിഭ്രമത്തോടും കൂടി വശായി.

ഖേടോ— ആവൂ, ഇതു കേട്ടാൽ പരിഭ്രമിക്കാതെകണ്ടു ആരാനുമുണ്ടാകുമോ? പിന്നെപ്പിന്നെ?

അഭി— ഉടനെ സഞ്ജയൻ യാത്രപറഞ്ഞു പോയി.

ഖേടോ— ഒട്ടു മതിയായി എന്നു തോന്നുന്നു.

അഭി— എന്തെങ്കിലും വേഗം പോയി.

ഖേടോ— പിന്നെപ്പിന്നെ?

അഭി— അതിന്റെ ശേഷം നാമെല്ലാവരും കൂടി ഇനി വേണ്ട കാര്യം ആലോചിക്കുകയാണ്

ഘടോ—അനുജൻ ഇപ്പോൾ എങ്ങോട്ടയ്ക്കാണ് പുറപ്പെട്ടതു്?

അഭി—യുദ്ധത്തിൽ സഹായത്തിന്നായിട്ട വരുത്തിയ രാജാക്കന്മാരെ യഥോചിതം സല്ക്കരിപ്പാനായിട്ടു് അവരുടെ സമീപത്തിങ്കലേയ്ക്കാണു്.

ഘടോ—അനുജനു സഹായിപ്പാൻ ഞാനും പോരാം.

അഭി—അങ്ങിനെതന്നെ. നൊമ്മൾക്കു വേഗത്തിൽ പോകാം.

(എന്നു രണ്ടാളും പോയി)

വിഷ്കംഭം കഴിഞ്ഞു

(അനന്തരം സഭയിലിരുന്നുംകൊണ്ടു ഭഗവാനും പാണ്ഡവന്മാരും പ്രവേശിക്കുന്നു)

ധർമ്മപുത്രർ—(ഭഗവാനോടു്)

ഓർത്താൽ ജഗത്സാക്ഷിയതാം ഭവാങ്കൽ
പ്രത്യക്ഷമാണൊക്കയുമെങ്കിലും ഞാൻ
വൃത്താന്തമല്പം പറയുന്നതുണ്ടീ
മർത്ത്യസ്വഭാവപ്രകൃതം നിമിത്തം. 16

ഇപ്പോൾ അതിബലവാന്മാരായ കൌരവന്മാരായിട്ടിടഞ്ഞാൽ ശരിയല്ല, സന്ധിക്കാണു് നോക്കേണ്ടതു് എന്നും; അതല്ല യുദ്ധംതന്നെയാണു് ഗുണം, അല്ലെങ്കിൽ അവകാശപ്രകാരം മുഴുവനും കിട്ടാൻ പ്രയാസമാണെന്നും, ഒന്നും വേണ്ടാ ദൈവേച്ഛപോലെ വരട്ടെ എന്നും;

അങ്ങിനെയല്ല 'ഉത്സാഹി ലഭതേ കാൎയ്യം' എന്നുണ്ടല്ലോ, അതുകൊണ്ടതെങ്കിലും ഉത്സാഹിക്കണം എന്നും; മതിയായിട്ട് ഒരാള് ചെന്നു കൌരവന്മാരോട് ഗുണദോഷം പറഞ്ഞാൽ അവർ ക്രമംപോലെ ഒക്കെ സമ്മതിക്കും എന്നും ഇവിടെപ്പലൎക്കും പല പക്ഷമാണ്. എന്നാൽ ഇതിലൊന്നും തീൎച്ചപ്പെടുത്താനും നടത്താനും എനിക്കു ശേഷിയില്ല. നേരെയാക്കേണ്ട ഭാരം ഒക്കെയും ഇവിടേയ്ക്കുതന്നെയാണ്.

ഭഗവാൻ—അങ്ങിനെ പറഞ്ഞാൽ പോര. ഇവിടുത്തെ അഭിപ്രായമൊന്നു കേൾക്കട്ടെ. അതു നേരെയല്ലാതെ കണ്ടു വരില്ല.

'സതാം ഹി സന്ദേഹപദേഷു വസ്തുഷു
പ്രമാണമന്തഃകരണപ്രവൃത്തയഃ'—എന്നല്ലേ?

ധൎമ്മപുത്രർ—(ആലോചിച്ച്)

ഭൂമൻ! ത്വദീയചരണസ്മരണം പ്രധാനം
ഭൂമണ്ഡലത്തിനു നമുക്കൊരു വാഞ്ഛയില്ല
ഹോമാദികൊണ്ടുമൊടുവിൽ ഫലമില്ല പാൎത്താ-
ലീമാനുഷൎക്കുടയ ജന്മമിതെത്ര തുച്ഛം? 16

പക്ഷേ, ഇതു് അനുജന്മാൎക്കും മററും സമ്മതമില്ല. യുദ്ധം ചെയ്തിട്ടെങ്കിലും തനിക്ക് അവകാശമുള്ള രാജ്യം കൈവശമാക്കി രക്ഷിച്ചെങ്കിലേ ക്ഷത്രിയധൎമ്മത്തിനു മതിയാവുള്ളൂ എന്നാണഭിപ്രായം. എന്നാൽ,

പോരാടുന്നേരമേറെബ്ഭടജനമരണം
പാറുമോൎത്താലിതൊന്നും
പോരാ ബന്ധുക്കളേയും നിരവധി കുലചെ-
യ്യേണ്ടതായ്വന്നുകൂടും
പാരാതേ വന്നുചേരും ദുരിതവുമിതിനാൽ
ജന്മജന്മാന്തരത്തിൽ
തീരാതേയും കിടക്കും ശിവശിവ! വളരെ-
ദ്ദുൎഘടം പോക്കണഞ്ഞാൽ. 17

തങ്ങൾക്കുററജനങ്ങളോടു സമരം
ചെയ്യുന്നതായാൽ പരം
ഭംഗിക്കാ കുറവുണ്ടതിന്നുപുറമേ
ദുഷ്കീൎത്തി വൎദ്ധിച്ചിടും
അങ്ങേക്കീ വിവരങ്ങളൊക്കെയറിവു-
ണ്ടല്ലോ നമുക്കേററവും
മങ്ങീടുന്നു മനസ്സു സംഗരമതിൽ-
ത്തുംഗപ്രഭാവപ്രഭോ! 18

ദുഷ്ടരാണവരു പാൎക്കിലെങ്കിലും
കഷ്ടമീ സ്വജനനിഗ്രഹം പരം
ഇഷ്ടമില്ലിതു നിനച്ചിടുമ്പൊളി-
ന്നൊട്ടുമേ സുഖമിതിങ്കലില്ല മേ. 19

യുദ്ധംകൊണ്ടുണ്ടാവുന്ന ദോഷം വിചാരിക്കുമ്പോൾ ഒന്നും വേണ്ട, വനവാസംതന്നെയാണു് സുഖം എന്നുകൂടി തോന്നുന്നുണ്ടു്. അതെല്ലാവൎക്കും സമ്മതമാവില്ലല്ലോ. അതുകൊണ്ടു ദുൎയ്യോധനനോടു് ഒന്നുകൂടി ഗുണ

ദോഷംപറഞ്ഞു നാട്ടിൽ താമസിപ്പാൻ സമ്മതമുണ്ടാക്കാൻ നോക്കണം. എന്നാൽ രാജ്യാധിപത്യം മുഴുവനും വേണമെന്നില്ലെന്നല്ല, പകുതി രാജ്യംതന്നെ വേണ്ട. അഞ്ചാൾക്ക് അഞ്ചു ദേശം തന്നാൽ മതി. അതിനും സമ്മതമില്ലാത്തപക്ഷം അഞ്ചു ഭവനമായാലും മതിയാക്കാം! എന്നല്ല അഞ്ചാൾക്കുംകൂടി ഒരു ഭവനമേ തരുള്ളൂ എന്നാണെങ്കിൽ അതുകൊണ്ടും കഴിച്ചുകൂട്ടാം. ഈവിധം പറഞ്ഞു സമ്മതിപ്പിക്കാൻ സാമർത്ഥ്യമുള്ളതായിട്ടൊരാൾ പോയിവരണമെന്നാണ് എന്റെ അഭിപ്രായം.

ചതസ്സിങ്കലതീവഭക്തികലരും
ലോകത്തിനെന്തെങ്കിലും
ചെയ്തീടാനതിസക്തിയോടുമരുളും
കാരുണ്യവാരാന്നിധേ!
ഭൂതിന്നിന്നിവിടുന്നുതന്നെയെഴുന്ന
ള്ളീടേണമെന്നാലെനി-
ക്കേതും സംശയമില്ല കാര്യമിതുഴ
ന്നീടാതെ നേടാം ധ്രുവം. 20

ഭഗവാൻ— ഓ! ഹോ! അങ്ങിനെ വേണമെങ്കിലതും ചെയ്യാം. വിശേഷിച്ചു സാദ്ധ്യമൊന്നുമുണ്ടാവുമെന്നു തോന്നുന്നില്ല.

ദുഷ്ടൻ ദുര്യോധനന്നിതി-
ലൊട്ടല്ലോർക്കുമ്പൊഴിന്നു ദുസ്സാർത്ഥ്യം
ചൊട്ടയിലുള്ളൊരു ശീലം
വിട്ടീടില്ലെന്നതുണ്ടു ചുടലവരേ. 21

എന്നാലും പോയിവരാം.

ഭീമസേനൻ—(കറച്ചു ദേഷ്യത്തോടും പരിഹാസത്തോടും കൂടി സാകാക്ഷമായിട്ട്)

കഷ്ടം മൽപ്പൂർവ്വജന്മാവയമിയ നയവാ-
ക്യങ്ങളെക്കേട്ടതെല്ലാം
ശട്ടംകെട്ടാനടൻ നിന്തിരുവടിയെഴുന്ന-
ള്ളുന്നു കൊള്ളാമിതാത്താൽ
പൊട്ടൻ ഞാൻ ചെയ്ത സത്യം പരമൊരു പരിഹാ-
സത്തിനായ്ത്തന്നെക്കൂടും
പെട്ടന്നീ വാർത്തയൊന്നും തിരുമനമതിലാ-
യില്ലയെന്നോ മറന്നോ? ൨൨

എനിക്കിസ്സന്ധി സംസാരിപ്പാനുള്ള യാത്രതന്നെ അശേഷം സമ്മതമില്ല. എന്നുതന്നെയല്ല, യുദ്ധത്തിൽ ദുര്യോധനൻെറ തുട തച്ചൊടിച്ചു ജീവഹാനി വരുത്തുകയും ദുശ്ശാസനൻെറ മാറിടം കത്തിപ്പിളർന്ന് അതിൽനിന്നു പുറപ്പെടുന്ന ചോര കോരിക്കുടിക്കകയും ആ ച്ചോരക്കൈകൊണ്ടു പാഞ്ചാലിയുടെ തലമുടി കെട്ടിക്കുകയും മററും ചെയ്യേണ്ടതാണെന്ന് ആദ്യം സത്യവും ചെയ്തുപോയി. ഇതിനെയാണ് പുറപ്പാട് എന്ന് അപ്പോൾ വിചാരിച്ചില്ലല്ലോ. ഇനിയെങ്കിലും അങ്ങിനെയാ മെന്നുണ്ടെങ്കിൽ സത്യഭംഗം വരാതെ വല്ലതിനേയും ഭക്ഷിച്ചു കഴിച്ചുവരാം.

ഭഗ—(ചിരിച്ചുകൊണ്ട്)

ഹേ! ഹേ! ഭീമ! ഭവാനെന്തീസ്സാഹസം ശരിയല്ലിതു്
ആഹവംതന്നെയുണ്ടാകും മോഹവുംസാദ്ധ്യമാവുകം. 23

ഭീമ—എന്നാൽ മതി. നിങ്ങൾ നിശ്ചയിക്കുന്നതൊക്കെ എനിക്കു സമ്മതമാണു്.

അർജ്ജുനൻ—ബന്ധുക്കളായിട്ടുള്ള വിരോധം വളരെ പ്പോരാത്തതാണു്. സന്ധി സംസാരിക്കുന്നതു് ആവശ്യവുമാണു്. പക്ഷേ അവരുടെ സ്വഭാവം മുഴുവനും നിശ്ചയമുള്ളതുകൊണ്ടു് ആവശ്യമില്ലെന്നാണു് തോന്നുന്നതു്. എങ്കിലും ജ്യേഷ്ഠൻ അഭിപ്രായപ്പെടുകയും ഇവിടുന്നു സമ്മതിക്കുകയും ചെയ്ത അവസ്ഥയ്ക്കു് ഇനി സംശയിപ്പാനില്ല. (സ്വകാര്യമായിട്ടു്)

കുരുകുലനിധനത്തിന്നാ-
പ്പുരരിപുകൃപയാ ലഭിച്ച ദിവ്യാസ്ത്രം
വിരവൊടു വിഫലമതാക്കി-
ടരുതെന്നുംകൂടിയുള്ളിലോർക്കേണം 24

നകുലൻ—ആദ്യംതന്നെ വിരോധികളും വികൃതികളുമായിരിക്കുന്ന ദുര്യ്യോധനാദികളോടു യോജിക്കുന്നമെന്നു സംശയിപ്പാൻതന്നെ അവകാശമില്ലെന്നാണു് എന്റെ പക്ഷം.

ധൂർത്തരായ ധൃതരാഷ്ട്രപുത്രരൊരുനാളി-
ലല്ല പലവട്ടവും
ചെയ്തൊരപരാധമൊന്നുമൊരുവർക്കു-
മിന്നു മറവാകുമോ?

കാന്തിതേടും പാഞ്ചാലിയോടു സന്ധി ശരിയല്ല
തെല്ലുമിതിനിടവരാ
ദുഷ്ടമൃത്യുശതമെന്നെയൊരുമിച്ചണഞ്ഞതാണി-
തിന്ന പകരം പണി. 25

എങ്കിലും നിങ്ങൾ നിശ്ചയിക്കുന്നതിന്ന് എനിക്കു വിരോധമില്ല.

സഹദേവൻ—ഇപ്പോൾ സന്ധി സംസാരിപ്പാൻ ചെന്നാൽ ദുര്യോധനാദികൾക്കു ഗർവ്വ് ഒന്നുകൂടി കൂടും. എങ്കിലും സജ്ജനാശ്രമങ്ങൾ നമ്മുടെ കുറ്റമല്ലെന്നു തോന്നാൻ നന്നെന്നാണ് എന്റെ പക്ഷം.

ദുഷ്ടരാകുമവർ ചെയ്തിടുന്നതും
ശിഷ്ടരുള്ളവരിലുള്ള താഴ്മയും
വിഷ്ടപത്തിൽ വിളികൊണ്ടിരിക്കുവാ-
നിഷ്ടമാണിതതിനില്ല സംശയം. 26

ധർമ്മ— തെറ്റില്ല താണാൽ

ഭീമ— ഗുരു സജ്ജനത്തിൽ

അർജ്ജു— പറ്റില്ല ദുര്യോധനനോടിതൊന്നും

നകു— ഉറ്റത്തിലെന്നും കുറവില്ല-

സഹ— തല്ല
മാറ്റിത്തമോർത്താലതിലേറെയുണ്ട്. 27

ഭഗ—(സന്തോഷത്തോടുകൂടി ധർമ്മപുത്രരോട്)
അല്ലേ ധർമ്മതനൂജ! നിർമ്മലമതേ!
ഇതൻ മോദിന്നു ഞാൻ

(ഭീമനോട്)

എല്ലാം വേണ്ടതുപോലെയാക്കി വരുവൻ

(അൎജ്ജുനനോട്) വേണ്ടാ വിഷാദോദയം

(നകുലനോട്)

ഉല്ലാസത്തോടു വാണുകൊൾക സതതം

(സഹദേവനോട്) നന്നായ്വരും

(എല്ലാവരോടുംകൂടി) നിങ്ങളി-

നെല്ലാരും സുഖമാൻ പാൎപ്പിനുടനേ

ഞാൻ പോയി വന്നീടുവൻ. 28

(എല്ലാവരും തൊഴുത് അനുവദിക്കുന്നു)

ഭഗ — എന്നാലങ്ങിനെയാട്ടെ (എന്നു പോകുന്നു)

(അണിയറയിൽ)

'ഓടുന്നു ജനസംഘമാതപബലാൽ-

പ്പാടുന്നു പക്ഷിവ്രജം

വാടുന്നു തരുജാലമമ്പൊടു പൊഴി-

ച്ചീടുന്നു പുഷ്പങ്ങളെ

ച്ചൂടുന്നു കുട പാന്ഥരൊത്തു തണലിൽ-

ക്കൂടുന്നു മദ്ധ്യസ്ഥനാ-

യീടുന്നു ഭഗവാൻ ദിനേശനധികം

തേടുന്നിതൈശ്വൎയ്യവും.'

(എന്നു് എല്ലാവരും കേൾക്കുന്നു.)

ധൎമ്മപുത്രർ — ഓ! നേരം മദ്ധ്യാഹ്നമായി. മാദ്ധ്യാഹ്നിക-ത്തിന്നു പോകതന്നെ.

(എന്നു് എല്ലാവരും പോയി.)

രണ്ടാമങ്കം കഴിഞ്ഞു.

മൂന്നാമങ്കം

(അനന്തരം കൃതവർമ്മാവും സാത്യകിയും പ്രവേശിക്കുന്നു)

കൃത—എയ്! ഇതെന്തൊരത്ഭുതം! താനെവിടുന്നു വരുന്നു?

സാത്യകി—ഇപ്പോൾ ഉപപ്ലാവ്യത്തിങ്കൽനിന്നാണ്.

കൃത—എന്താ പുറപ്പെട്ടത്?

സാത്യ—പോന്നു.

കൃത—എങ്കിലും കേൾക്കട്ടെ.

സാത്യ—ഭഗവാൻെറ എഴുന്നള്ളത്തോടുകൂടി വന്നു.

കൃത—അല്ലാ എഴുന്നള്ളീട്ടുണ്ടോ, എവിടെ?

സാത്യ—ഇവിടെയുണ്ട്.

കൃത—എന്താ കാര്യം?

സാത്യ—കാര്യംകൂടാതെ എഴുന്നള്ളില്ലല്ലോ.

കൃത—പറയൂ, എന്നോടു സൈന്യങ്ങളെക്കൊണ്ടു ദുര്യോധനനൊരുമിച്ചു പോവാൻ അരുളിച്ചെയ്തു. ഞാൻ അപ്പോൾതന്നെ പോന്നു. പിന്നത്തെക്കഥയൊന്നും അറിവില്ല. താൻ കൂടെത്തന്നെ ഉണ്ടായിരുന്നുവല്ലോ. കേൾക്കട്ടെ.

സാത്യ—

സൈന്യംകൊണ്ടു സുയോധനൻ കുതുകിയാ-
യന്നിങ്ങു പോന്നീലയോ
പിന്നെപ്പങ്കജലോചനൻ വിജയനോ-
ടൊന്നിച്ചു മന്ദതരം

കനിഷ്ഠം കണ്ണകേന ധൎമ്മതനയൻ
വാഴും സമ്രാജ്യന്തരേ
ചെന്നിട്ടായവരൊത്തിരുന്നഖിലവും
ചിന്തിച്ചു ചിട്ടം മുദാ. 1

എല്ലാവരുംകൂടി ആലോചിച്ചതിൽ ദുൎയ്യോധനനോട് ഒന്നുകൂടി സന്ധി സംസാരിച്ചുനോക്കേണമെന്നും അതിന്നു ഭഗവാൻതന്നെ എഴുന്നള്ളണമെന്നുമാണ് നിശ്ചയിച്ചതു്.

കൃത—ഭഗവാൻ ദൂതിന്നെഴുന്നള്ളുകയോ?

സാത്യ—അതെ, അവിടുന്നു ഭക്തന്മാൎക്കുവേണ്ടി എന്തെങ്കിലും ചെയ്യും.

കൃത—ആട്ടെ, അതു നന്നായി. തമ്മിൽ തീരുമോ?

സാത്യ—അതുണ്ടാവില്ല.

കൃത—എന്താ നിശ്ചയം?

സാത്യ—എനിക്കു നിശ്ചയമുണ്ട്.

കൃത—എന്താണെന്നു കേൾക്കട്ടെ.

സാത്യ—പറഞ്ഞാൽ തനിക്കു മുഷിയും.

കൃത—ഇല്ല, പറഞ്ഞോളൂ.

സാത്യ—ഈ കൎണ്ണൻ ഇവിടെയുള്ളപ്പോൾ നേരെയാവില്ല. അതുതന്നെ.

(കൃതവൎമ്മാവു മിണ്ടാതിരിക്കുന്നു.)

സാത്യ—അതുതന്നെയല്ല, ഇന്നെഴുന്നള്ളത്തു പുറപ്പെടുന്ന സമയം പാഞ്ചാലി വന്നു കുറച്ചു തടസ്ഥം പറകയും ഉണ്ടായി. അപ്പോൾ ഭഗവാൻ പറഞ്ഞ ഉത്ത

രംകൊണ്ടും തമ്മിൽ തീരില്ലെന്നാണ് എനിക്കു തോന്നിയതു്.

കൃത—എന്തൊക്കെയാണവർ പറഞ്ഞതു്?

സാത്യ—മുമ്പിൽതന്നെ പാഞ്ചാലി,

'കാരുണ്യാബ്ധേ! രമാനായക! സകലജഗ-
ന്മംഗളാധാരമൂർത്തേ!
താരുണ്യശ്രീ തിളങ്ങും തിരുവടിയൊടിതൊ-
ന്നിന്നുണർത്തിച്ചിട്ടുന്നു
കൌരവ്യന്മാരിരിക്കുംസഭയതിലെഴുന-
ള്ളീട്ടു കാര്യങ്ങളോതും
നേരം നിർഭാഗ്യയാമിദ്ദിവളെയുമകതാ-
രിങ്കലോർന്നോർത്തിടേണം. 2

ദുഷ്ടരാകുമവർ ചെയ്തതൊക്കെയും
കഷ്ടമിന്നു തിരുവുൾക്കുരുന്നിലും
വിട്ടുപോയതു നിനച്ചിടുമ്പൊളെൻ
കഷ്ടകാലമതിനില്ല സംശയം. 3

കല പുലികൾ തുടങ്ങിബ്ഭീതിനൽകുന്നതായി-
പ്പലപല മൃഗജാലം വാണിടും വൻവനത്തിൽ
ഫലജലമശനഞ്ചെയ്തിങ്ങിനെ സഞ്ചരിപ്പാൻ
തലയിലെഴുതിയല്ലോ പത്മജൻ പത്മനാഭ!' 4

കൃത—പാഞ്ചാലിയുടെ വാക്കു കേമംതന്നെ.

സാത്യ—കഴിഞ്ഞില്ല. മുഴുവൻ കേൾക്കു.

'പെണ്ണുങ്ങളെ രക്ഷിക്കുന്നതു ഭർത്താക്കന്മാരുടെ ഭാരമാ

[illegible] [illegible] [illegible] [illegible] [illegible]
[illegible] [illegible] [illegible]

[illegible] [illegible] [illegible] നിന്നപ്പോൾ
[illegible]
[illegible] [illegible] [illegible]പ്രകാരം
[illegible] [illegible] [illegible]?

[illegible] [illegible] [illegible] [illegible] [illegible] [illegible] എന്നാൽ പിന്നെ [illegible]കളാണ് [illegible] [illegible]. [illegible] വിചാരിച്ചാലും ഇവിടെ[illegible] [illegible] [illegible].

[illegible] [illegible] [illegible]
[illegible] [illegible]?
[illegible]
[illegible] [illegible].

[illegible] [illegible] [illegible] [illegible], എന്നല്ല [illegible] [illegible] പിന്നെയും [illegible] [illegible] ഉത്സാഹിച്ചുകൊണ്ടിരിക്കുന്ന[illegible] [illegible] [illegible] [illegible] [illegible].

[illegible] [illegible] [illegible] [illegible] [illegible]! [illegible]?

[illegible] [illegible] [illegible] [illegible] [illegible] [illegible]. എന്നാൽ പിന്നെ ഇവിടു[illegible] [illegible] [illegible]?

പെണ്ണുങ്ങൾക്കെന്നു കാൎയ്യസ്ഥിതി പരമകലെ-
പ്പോണമെന്നിപ്രകാരം
ഖണ്ഡിക്കും വല്ലഭന്മാരിവർ ചിലതുരചെ-
യ്തെങ്കിലോ ശങ്കയില്ല
പൂൎണ്ണാനന്ദസ്വരൂപൻ തിരുവടിയുമിതിൻ-
വൎണ്ണമാവുന്നതായാൽ-
കൎണ്ണീരം കഷ്ടമായിക്കഴിയണമിനിമേ-
ലെന്നതും വന്നുവല്ലോ. 8

മൽക്കേശപാശസ്ഥിതിയും വിശേഷാ-
ലുൾക്കാമ്പിലോൎത്തിട്ടക ദീനബന്ധോ!
ഉൾക്കണ്ണുകൾക്കു നിനച്ചുകണ്ടാൽ
തൃക്കാലൊഴിഞ്ഞില്ലവലംബമൊന്നും.' 9

ഇങ്ങിനെ പാഞ്ചാലി പറഞ്ഞപ്പോൾ കരുണയോടു കൂടി ഭഗവാൻ,

'ധന്യേ! ധൎമ്മപതിവ്രതാവ്രതനിധേ!
കാൎയ്യോചിതാലോചിതേ!
മാന്യേ! മാനിനി! മാൻകിശോരനയനേ!
മഞ്ജുപ്രിയാഭാഷിണി!
ഇന്നിച്ചൊന്നതശേഷവും ശരിയതാ-
ണെന്നുള്ളതെന്നുള്ളിലും
വന്നു സമ്മതമെന്നിരിക്കിലുമര-
ച്ചുന്നു മുറക്കൊന്നു ഞാൻ. 10

ആവോളം ക്ഷമയാണു കാൎയ്യഗുണമെ-
ന്നുള്ളോരു വൃദ്ധോക്തിയിൽ-

ദൈവാധീനായുള്ളവർ നിശ്ചയങ്ങളും
നാശകരം ഭയങ്കരമാമോ!
പോവുന്നു മന്ദസ്മിതം വരുവതി-
ന്നായിട്ടു മുതിർന്നു ഞാ-
നാവില്ലാത്തതിങ്കൽവെച്ചു വെറുതെ
പുലമ്പിയതില്ലിങ്ങനെ ഹരീ. 11

ഏറെത്താമസമെന്നിയേ സമര-
ങ്ങാടീടുമെന്നാലതിൽ-
ത്തിരത്തൊറുമറിഞ്ഞു കൌരവകുലം
വെണ്ണീറടിയ്ക്കും ഉഗ്രം
നീരിൽത്താർമിഴി! നിങ്ങളിപ്പവനിയെ-
പ്പാലിച്ചു പാരിച്ചിടും
ചാതുര്യത്തൊടു വാണിടും ധരണിയിൽ-
പ്പാഞ്ചാലരാജാത്മജ! 12

അല്ലേ! നാരായണൻ ഞാൻ നലമൊടു പറയും
വാക്ക കേട്ടിട്ടുമില്ലോ-
ളില്ലേ വിശ്വാസമേതും? തവ ഹിതമിങ്ങു കൊ-
ണ്ടാടുവാൻ ഞങ്ങളില്ലേ?
ചൊല്ലേറും നിന്നെ മുഗ്ദ്ധസ്നേഹപാവന-
നിച്ചു നേരത്തിലും ഞാ-
നല്ലേ രക്ഷിച്ചതെന്തിങ്ങിനെ മനസി വൃഥാ
ചഞ്ചലം ചഞ്ചലാക്ഷി! 13

ക്കും വ്യസനിക്കേണ്ട. ഇഷ്ടം മുഴുവനും ഞാൻ സാധി പ്പിച്ചേക്കാം. എന്തായാലും ഒന്നു പോയി വരട്ടെ.

കാകിനീമണിയാളേ! നിൻ കാമിതമെല്ലാമശേഷവും
അനായാസിക്കാതെ സാധിക്കും യാമിനീശസമാനനേ! 14

ഇങ്ങിനെ ഭഗവാൻ അരുളിച്ചെയ്തപ്പോൾ പാഞ്ചാലി സന്തോഷത്തോടുകൂടിപ്പോയി. പിന്നെ ഇവിടെ എത്തിയതിന്റെശേഷം ധൃതരാഷ്ട്രരുടെ മാളികയിലേക്ക് എഴുന്നള്ളിയിരുന്നു.

കൃത—എന്നാൽ നമ്മൾക്കും ഭഗവാനെ കാണ്മാൻ പോവുക.

(എന്ന രണ്ടാളും പോയി)

വിഷ്കംഭം കഴിഞ്ഞു

(അനന്തരം ഭഗവാനും ധൃതരാഷ്ട്രരും
സഞ്ജയനും പ്രവേശിക്കുന്നു.)

ധൃത—(തൊഴുതുംകൊണ്ട്)

ശ്രീമൻ മാധവ! കൈടഭാരേ! വിഭോ!
ഗോവിന്ദ! നിന്മായയാം
കാരണാനിർവ്വാണമെ ഭാഗ്യമേന്നാ
ചിന്തിപ്പിക്കേണമേ നാഥ!
ഇഷ്ടായാമയമിത്രപുത്രകള-
ത്രാദിക്കുടുംബാദിനി-
ബന്ധം ചേർത്തു ഭവിച്ച ദുഃഖം
കാർവ്വണ്ണ! കാത്തീടണം. 15

പാണ്ഡുപുത്രരുമഹാരെ-
ക്കുള്ളിലാഞ്ഞിയെങ്കിലും ഭക്തിയോടെ

ഷ്ണുവിരോധമതാണൊത- 16
വണ്ണം തീൎക്കേണമായതിവിടന്നു്.

കാരണം നിസ്സാരമാണു്. അഭിമാനഭ്രമംതന്നെ. ഇനിക്കാണു് രാജ്യാധിപത്യം, ഇനിക്കാണു് രാജ്യാധിപത്യം എന്നാണു് വാദം. മനുഷ്യജന്മംതന്നെ നിസ്സാരം. പിന്നെ രാജതന്ത്രത്തിന്റെ കഥ പറയാനില്ലല്ലോ. അതൊക്കെയും ഇവിടന്നു പറഞ്ഞാൽ രണ്ടു വകക്കാരും സമ്മതിക്കും.

ഭഗ—ആവോ, തമ്മിൽത്തീരുമോ? സമ്മതിക്കുമെന്നു തോന്നുന്നില്ല. ഒരുവിധം ഒത്തുക്കാൻ നോക്കാം. ബന്ധുക്കൾക്കിത്രമാത്രമല്ലേ പാടുള്ളൂ? എന്നാലിപ്പോൾ

നിസ്തുലകീൎത്തേ! പാൎത്ഥാ-
ലസ്തമനത്തിന്നു കാലമൊട്ടായി
വസ്തുതയെല്ലാമിനി ഞാൻ
വിസ്താരത്തോടു നാളെ വന്നോതാം. 17

ധൃത—എന്നാലങ്ങിനെയാകട്ടെ. (സഞ്ജയനോട്ട്) സഞ്ജയ! എന്നെ അകത്തു കൊണ്ടാക്കീട്ടു ഭഗവാനെക്കൊണ്ടുപോയി ദുൎയ്യോധനനെ കാണിക്കുകയും ദുൎയ്യോധനനോടു വേണ്ടതുപോലെ സല്ക്കരിക്കുവാൻ പറയുകയും ചെയ്യു.

സഞ്ജയൻ—കല്പനപോലെ. മഹാരാജാവു് ഇതിലെ ഇതിലെ. (എന്നു ധൃതരാഷ്ട്രരോടുകൂടി പോയിട്ടു രണ്ടാമതും പ്രവേശിക്കുന്നു)

ഭഗ—എന്താ സഞ്ജയ! പു.പ്പെടുകയല്ലേ?

സഞ്ജ—അങ്ങിനെതന്നെ. (വിചാരം)

കൊണ്ടൽക്കാറണിവർണ്ണനായ ഭഗവാൻ
കുന്തീസുതന്മാർക്കുതാൻ-
വേണ്ടിദ്ദൂതിനു വന്ന വസ്തുത ധരി-
ക്കുമ്പോൾ ധരാനായകൻ
വേണ്ടും സൽക്രിയ ചെയ്യുമോ? വികടമേ-
താനും പിണച്ചീടുമോ?
കണ്ടാൽത്താനറിയാമതൊക്കെയുമിനി-
ബ്ഭാഗ്യോദയംപോലെയാം. 18

(സ്പഷ്ടം) ഇതിലെ ഇതിലെ. (രണ്ടാളും ചുററിനടന്നു.)

ഭഗവാൻ—(നോക്കീട്ട്)

മിന്നും രത്നങ്ങളെക്കൊണ്ടതിദൃഢതരമായ്
ഭിത്തി കെട്ടിപ്പടുത്തും
പൊന്നിൻതൂണുജ്ജ്വലിച്ചും പൊലിമ പലമുദി-
ക്കുന്ന ചിത്രം പതിച്ചും
ഔന്നത്യം പാരമാണ്ടും ഗുണഗണമതിരി-
ല്ലാതെകണ്ടുള്ള ഗേഹം
മുന്നിൽക്കാണുന്നിതേതാ?
സഞ്ജ— കുരുപതിയരുളും
രമ്യമാം ഹർമ്മ്യമാണ്. 19

ഭഗ—അമ്പോ ഐശ്വര്യത്തിൻെറ ഒരു ശക്തി! സാക്ഷാൽ സ്വർഗ്ഗത്തിൽത്തന്നെ ഇത്രയുണ്ടോ എന്നു സംശയമാണ്. (സൂക്ഷിച്ചു നോക്കീട്ട്) ശരിതന്നെ. ഇതാ ദുര്യോധനനും കർണ്ണനും ഇരിക്കുന്നു.

ഭഗവദ്ദൂത്

(അനന്തരം ദുൎയ്യോധനനും കൎണ്ണനും പ്രവേശിക്കുന്നു. എല്ലാവരും തമ്മിൽ കണ്ടു യഥോചിതം ഉപചാരം ചെയ്തിരിക്കുന്നു.)

ദുൎയ്യോധനൻ—(ഭഗവാനോട്) കാൎയ്യ നേരമായോ എത്തിട്ട്?

ഭഗവാൻ—ഇപ്പോൾത്തന്നെ.

ദുൎയ്യോ—(സഞ്ജയനോട്) അച്ഛനെക്കാണുക കഴിഞ്ഞില്ലേ?

സഞ്ജ—അവിടന്നാണ് ഇപ്പോൾ എഴുന്നള്ളുന്നത്.

(സാകാംക്ഷമായിട്ട്) വേണ്ടതുപോലെ ഒക്കെ സല്കരിപ്പാൻ ഇവിടത്തെ അറിയിക്കാൻ കല്പനയായിട്ടും ഉണ്ട്.

ദുൎയ്യോ—ആട്ടെ.

കൎണ്ണൻ—ഇപ്പോൾ എവിടന്നാണാവോ എഴുന്നള്ളത്ത്?

ഭഗ—പാണ്ഡവന്മാരുടെ അടുക്കൽനിന്നാണ്.

ദുൎയ്യോ—പാണ്ഡവന്മാൎക്ക് സുഖംതന്നെയല്ലേ?

ഭഗ—വിശേഷം ഒന്നുമില്ല.

കൎണ്ണൻ—ഈ കൌരവന്മാരോടു യുദ്ധത്തിന്നാണ് അവർ ഉത്സാഹിക്കുന്നത് എന്നു കേട്ടു. തമ്മിലൊരുവിധം തീൎക്കുന്നതല്ലേ ഗുണം?

ഭഗ—അങ്ങിനെയാക്കാൻതന്നെയാണ് നമ്മളെപ്പോലെയുള്ള ബന്ധുക്കൾ ശ്രമിക്കേണ്ടത്.

ദുൎയ്യോ—ഞങ്ങൾക്കും യുദ്ധം ചെയ്യേണമെന്നു താല്പൎയ്യമില്ല. പാണ്ഡവന്മാരു യുദ്ധത്തിന്നു വന്നാൽ ഒഴിക്കാൻ പാടില്ലല്ലോ എന്നു വിചാരിച്ചു വട്ടം കൂട്ടുന്നു എന്നേയുള്ളു.

ഭഗ—അവൎക്ക യുദ്ധം ചെയ്യേണമെന്നശേഷം മോഹമില്ല. എന്നല്ല, കൂടാതെ കഴിഞ്ഞാൽ കൊള്ളാമെന്നുമുണ്ട്.

അതേപ്പററി ചിലതു പറവാനായി ധമ്മപുത്രരുടെ ദൂതനായിട്ടാണു് ഞാൻ വന്നിരിക്കുന്നതു്.

ദുയ്യോ—(ചിരിച്ചുംകൊണ്ടു്) ആ ഹ്, അങ്ങിനെയാണു്! എന്താ പറഞ്ഞയച്ചിരിക്കുന്നതു്? കേൾക്കട്ടെ.

ഭഗ—ഇപ്പോൾ നേരം അസമയമായല്ലോ. നാളെ വന്നിട്ടു പറഞ്ഞാൽ പോരേ? നേരത്തെ സഭയിൽ വരാം.

കർണ്ണൻ—വന്നിട്ടു് എന്നു് അരുളിച്ചെയ്യതുകൊണ്ടു് ഇപ്പോൾ എവിടേയ്ക്കോ യാത്രയുണ്ടെന്നു തോന്നുന്നു.

ഭഗ—അങ്ങിനെയാണു് നിരൂപിക്കേണ്ടതു്.

ദുയ്യോ—എവിടെയ്ക്കാണു പോകുന്ന-
തിവിടെത്താമസിച്ചിടാം.
ഭവനം ഞാനൊഴിച്ചൊന്നു 20
തവ വേണെങ്കിലോ തരാം.
ഊണിന്നു നമ്മോടൊരുമിച്ചു കൂടാം
വേണെങ്കിലേതും മടിയില്ലതിന്നു്
ചേണാന്ന വട്ടങ്ങളനേകമുണ്ടു
കാണാമിതെല്ലാം പതിവാണെനിക്കു്. 21

ഭഗ—അങ്ങിനെതന്നെയാണെങ്കിലും എനിക്കു് ഊണു് ഇവിടെയല്ല. എന്താണെന്നല്ലേ?

ഭക്തന്മാരാദരാലേകും ഭുക്തത്തിങ്കൽ പ്രിയം പരം
സക്തിയില്ലതുകൊണ്ടത്ര ഭുക്തിക്കേതും മഹീപതേ! 22
അത്യന്തം ഭക്തനാകും വിദുരരുടെ ഗൃഹ-
ത്തിങ്കലാണിന്നു നന്നാ-
യത്താഴം ഭുക്തിയോത്താലതിരസമതിനു-
ണ്ടേറിടും കൂറുമൂലം

എത്തീടും നാളെ നേരം പുലരുമളവിൽ ഞാൻ
പിന്നെ വേണ്ടും പ്രകാരം
വൃത്താന്തം സർവ്വമാതിത്തരമൊടു പറയാ- 23
മല്ലയോ കല്പവൃക്ഷ!

(ദുര്യോധനൻ കർണ്ണന്റെ മുഖത്തേക്കു നോക്കുന്നു)

കർണ്ണ—(സ്വകാര്യമായിട്ട്)

മര്യാദപോലതിഥിയോടിഹ ലൌകികങ്ങൾ
ചെയ്യാഞ്ഞതിലായതു കുറച്ചു കുറച്ചിലല്ലീ?
ഇയ്യുള്ള നമ്മളതു പാർത്തു പറഞ്ഞിടേണം
വയ്യെങ്കിൽ വേണ്ട നിരൂപിച്ചതുപോലെ പോകട്ടെ. 24

ദുര്യോ—(ഭഗവാനോട്) ഇഷ്ടംപോലെ.

ഭഗ—എന്നാലങ്ങിനെയാകട്ടെ. (എന്നു പോയി)

(അണിയറയിൽ)

'താപം തീരെശ്ശമിച്ചു തരണി ജലധിയിൽ-
ച്ചെന്നു താനേ പതിച്ചു
ദീപം പാരം ജ്വലിച്ചു ദിശി ദിശി ശശിബിം-
ബം പ്രകാശിച്ചുദിച്ചു
ചാപല്യത്തിന്നുറച്ചു ചടുലനയനമാർ
ഭൂഷണൌഘം ധരിച്ചു
ശ്രീ പത്മത്തെത്ത്യജിച്ചു ചിതമൊടു സമയം
സായമേവം ഭവിച്ചു.' 25

ദുര്യോ—ഓ! നേരം അസ്തമനമായി. സന്ധ്യാവന്ദനത്തിനു പോവുക.

(എന്നെല്ലാവരും പോയി)

മൂന്നാമങ്കം കഴിഞ്ഞു.

നാലാമങ്കം

(അണിയറയിൽ)

'തരമൊടു വിദുരൻതന്നാലയത്തിങ്കലപ്പോൾ
പരമപുരുഷനാകും കൃഷ്ണനെത്തൊഴുന്നോനായ്
സരസിജസുമമാല്യംകൊണ്ടു വാഴ്ത്തും പ്രകാരം
വിരവിനൊടെതിരേറ്റുംകൊണ്ടിതാ വന്നിടുന്നു.' 1

(അനന്തരം പറഞ്ഞതുപോലെ വിദുരനും ഭഗവാനും പ്രവേശിക്കുന്നു)

വിദുരൻ—(അർഘ്യപാദ്യങ്ങളെക്കൊണ്ടു പൂജിച്ചിട്ട്)

പൂമാതിൻ പുണ്യമെല്ലാം പുരുഗുണപുരുഷാ-
കാരമാസ്ഥീന്റോരോമൽ-
ഖ്ഭ്രമാവോലും ഭോഗള്ളടിമലരടിയൻ
താണിതാ കൂപ്പിടുന്നു
കാമക്രോധാദിയാകും രിപുഗണമണയാ-
തെപ്പൊഴും കാത്തിടേണം
പ്രേമത്താലേകിടേണം നരഹര! ഭഗവൽ-
ഭക്തിയും മുക്തിയും മേ. 2

(എന്നു നമസ്കരിക്കുന്നു)

ഭഗവാൻ—(പിടിച്ചു് എണീപ്പിച്ചിട്ടു്)

ഭക്തോത്തമ! സഖേ! നിന്നിൽ സക്തി വർദ്ധിക്കകാരണം
നക്തമത്ര ശയിപ്പാനും ഭുക്തിക്കുംകൂടി വന്നു ഞാൻ. 3

വിദു—ഇതിലെ ഇതിലെ. (എന്നു രണ്ടാളും ചുററിനടന്നിട്ടു്) ഈ പീഠത്തിന്മേൽതന്നെ എഴുന്നള്ളിയിരിക്കാം.

(ഭഗവാൻ ഇരിക്കുന്നു)

വിദു — (തൊഴുതുകൊണ്ടു്)

എന്തോ ഞാൻ പണ്ടു ജന്മാന്തരമതിലതിയായ്-
ച്ചെയ്ത പുണ്യപ്രഭാവാ-
ലിന്നോർക്കാതിപ്രകാരം മുരമഥന! ഭവൽ-
സ്സംഗമത്തിന്നു യോഗം
വന്നു ചിൽബ്രഹ്മമെന്നുള്ളതിന്നുടെയഴകേ-
റുന്ന സാക്ഷാൽ തിടമ്പേ!
വന്ദിച്ചീടുന്നവർക്കുള്ളൊരു സുകൃതഫല-
ത്തിന്റെ സാരക്കുഴമ്പേ! 4

ഇന്നു മാമകഗൃഹത്തിലേററവും
നന്ദിയോടുമെഴുന്നള്ളുവാൻ വിഭോ!
വന്ന സംഗതി നിനച്ചിടുമ്പൊളീ
മന്നിലുള്ളവരിൽ മാന്യനായി ഞാൻ. 5

നിന്തിരുവടിയുടെ ഈ എഴുന്നള്ളത്തു സ്വപ്നത്തിൽ പോലും വിചാരിച്ചിരുന്നില്ല. ഇന്നു് ഇതിന്നു സംഗതി വന്നതു് ഇവിടുത്തെ കൃപ തന്നെ.

ഭഗ — ഇന്നത്ര വന്നതുവശാൽക്കളിയല്ലെനിക്കു
കുന്നിച്ചിടുന്നു കുതുകം മനതാരിലേററം
നന്ദിച്ചുകൊണ്ടയി ഭവാനൊരുമിച്ചിരിപ്പാ-
നെന്നുള്ളിലുണ്ടു കൊതി പാരമുദാരബുദ്ധേ! 6

എന്നാലിനി അച്ഛൻപെങ്ങളെ കാണുകയല്ലേ മുമ്പിൽ വേണ്ടതു്?

വിദു— [illegible]

ഭഗ— [illegible]

വിദു— ഇതാ ഇവിടുന്ന് എഴുന്നള്ളിയെന്നു കേട്ടിട്ടാണെ [illegible] ഇതുവരെ [illegible].

ഭഗ— [illegible] (എന്ന് എഴുന്നേറ്റു നില്ക്കുന്നു.)

കുന്തി— (പ്രവേശിച്ചിട്ട്) കൃഷ്ണന് ഇന്നെങ്കിലും എന്നെ കാണ്മാനെന്നു തോന്നിയല്ലോ, ഭാഗ്യംതന്നെ.

വിദു— (കുന്തിയോട്) ഈ പീഠത്തിന്മേൽ എഴുന്നെള്ളിയിരിക്കാം.

കുന്തി— (ഇരിക്കുന്നു.)

ഭഗ— ഇതാ കൃഷ്ണൻ അഭിവാദ്യം ചെയ്യുന്നു (എന്ന് അതു ചെയ്യുന്നു.)

കുന്തി— [illegible] വരട്ടെ (എന്ന് അനുഗ്രഹിക്കുന്നു.)

ഭഗ— (തൊഴുതുംകൊണ്ട്) കൂടക്കൂടെ ഇവിടെ വന്നു കാണണമെന്നു വിചാരിക്കുന്നുണ്ട്. കഴിയുന്നില്ല എന്നേയുള്ളൂ.

കുന്തി— ആ, അതെങ്കിലും ഉണ്ടല്ലോ. എന്നെ മറന്നു എന്നതന്നെയാണ് ഞാൻ വിചാരിച്ചിരുന്നത്. കൃഷ്ണൻ ഇരിക്കൂ.

ഭഗ— വേണ്ട, നിന്നാൽ മതി.

കുന്തി— അതു പോരാ. എനിക്കു കൃഷ്ണനോടു പലതും പറവാനുണ്ട്. അധികം നേരം നിന്നാൽ ശരിയാവില്ല.

ഭഗ— എന്നാലങ്ങിനെയാവാം. (എന്ന് ഇരിക്കുന്നു) വിദുരരിങ്ങിനെ നിന്നാലോ?

കുന്തി— അയ്യോ! വിദുരരിരിക്കൂ.

വിദു— ഇരുന്നോളാം. (എന്നു തൊഴുതിരിക്കുന്നു.)

കുന്തി— അച്ഛന്നു വിശേഷം ഒന്നുമില്ലല്ലോ?

ഭഗ— ഇല്ല, സുഖംതന്നെയാണു്.

കുന്തി— ഞാനിങ്ങിനെ കിടന്നു ദുഃഖിക്കുന്നതു നിങ്ങൾക്കു് അറിവില്ലെന്നു വരാൻ പാടില്ലല്ലോ.

സന്താപാംബുധിതന്നിൽ വീണവശരായ്
നീന്തുന്ന ലോകങ്ങളെ-
ച്ചിന്തും കൌതുകമോടെടുത്തു കരയിൽ-
ത്താൻതന്നെ കേററിടുവാൻ
സന്തോഷം പെരുമാറിടും മധുരിപോ!
കുന്തിക്കെഴും സങ്കടം
ചിന്തിക്കാത്തതിനെന്തു സംഗതി പരം
ബന്ധുത്വമുണ്ടാകയോ? ൭

എന്നോളം പാപിയായിട്ടൊരുവരുമവനീ-
മണ്ഡലത്തിങ്കലൊന്നാ-
ലിന്നോളംകേൾവിയില്ലെൻവിധിവിഹിതമൊരാൾ-
ക്കൊന്നു മാററാവതാമോ?
എന്നാലോചിച്ചു രാവും പകലുമിഹ കഴി-
ക്കുന്നു നാമം ജപിച്ചി-
ട്ടെന്നാലും വന്നിടുന്നു ചലനമതു നര-
കിപ്പൊഴത്തെപ്പറവാൻ. ൮

ഭഗ— ഹേ! അങ്ങിനെയല്ല. ഇവിടത്തെപ്പോലെ ഭാഗ്യമുള്ള സ്ത്രീകൾ ചുരുക്കമാണു്. എന്താണെന്നല്ലേ, സ്ത്രീകൾക്കു മതിയായിട്ടുള്ള പുത്രന്മാരുണ്ടാവുന്നേടത്തോളം ഭാഗ്യം വേറെ ഒന്നുമില്ല, അതുതന്നെ.

എന്റെ ഭാഗ്യം കേമംതന്നെ.

കുന്തി—ം. എന്റെ ഭാഗ്യം കേമംതന്നെ.

ജന്തുക്കളും തങ്ങടെ പുത്രരൊത്തു
സന്തോഷമോടുകൊണ്ടു വസിച്ചുമല്ലോ
കുന്തിക്കു പാർത്താലതുകൂടിയിപ്പോൾ-
ക്കന്തത്തിലാണായതുതന്നെ ഭാഗ്യം!   ൯

പുത്രന്മാരുടെ കഥ വിചാരിക്കുമ്പോൾതന്നെയാണ് എനിക്കു സഹിച്ചുകൂടാത്ത സങ്കടം. വിചാരിച്ചുനോക്കു കൃഷ്ണ! സോമവംശമഹാരാജാക്കന്മാരാണ് എന്റെ പുത്രന്മാർ. ഇപ്പോൾ ക്രമപ്രകാരം രാജ്യഭാരം ചെയ്യാൻ സംഗതിക്കാരുമാണ്. എന്നാൽ അതിനു ശേഷിയില്ലാത്തവരോ, അതും അല്ല. ഇങ്ങിനെയൊക്കെയാണെങ്കിലും അവൎക്കു രാജ്യാധിപത്യവും മററും ഇല്ലാതെയായി. എന്നല്ല, രാജ്യത്തു കടപ്പാൻകൂടി പാടില്ലെന്നു വന്നുപോയല്ലോ. അതു വിചാരിക്കുമ്പോൾ ഞാനെങ്ങിനെ സഹിക്കേണ്ടു? എന്നാൽ കൃഷ്ണൻ പ്രത്യേകിച്ചൊരു ബന്ധുവാണ്. കൃഷ്ണന്റെ കരുണകൊണ്ടു വളരെ ജനങ്ങൾക്കു ഗുണം വന്നു കാണ്മാനുണ്ടു്. എന്റെയും എന്റെ കിടാങ്ങളുടേയും നേരെ കൃഷ്ണനും കരുണ കാണ്മാനില്ല. എന്തെല്ലാം കഷ്ടങ്ങളാണ് കൃഷ്ണ! അവരനുഭവിച്ചതു്.

മത്തേഭം പുലി പന്നി വൻകരടിതൊ-
ട്ടുള്ളോരു ജന്തുക്കളാ-
ലത്യന്തം ഭയമേകിടുന്നൊരു മഹാ-
രണ്യപ്രദേശങ്ങളിൽ

ഭഗവല്ലൂ്

ആക്ഷിപ്പെട്ടു കിടന്നുഴന്നവശരായ്-
കാലം കഴിച്ചോരു മൽ-
പുത്രന്മാരുടെ വാർദ്ധക്യാർത്ഥികമാ-
മുൾത്താരു കത്തുന്നു മേ 1)

കല്ലും മുള്ളുമതല്ലിടുക്കു കുഴിയും
മാടും മലഞ്ചോടിയും
പുല്ലും പുറ്റുമിവറ്റകൊണ്ടു നിറയ-
പ്പെട്ടുള്ള കാട്ടിൽസ്സദാ
അല്ലൽപ്പെട്ടു നടന്നുഴന്നു കരക-
ണ്ടീടാതെ കഷ്ടിച്ചിരു-
ന്നല്ലോ മാമകപുത്രരായവരിന്ന-
ച്ചുൾത്താരു കത്തുന്നു മേ. 11

പാലപ്പം മലർ പായസം മധുഗുളം-
തൊട്ടുള്ള ഭോജ്യങ്ങളെ-
ശ്ശീലിച്ചിങ്ങിനെ രാജധാനിയിൽ വള-
ർന്നോരായൊരെന്നുണ്ണികൾ
മാലേറും ഫലമൂലമെന്നിവ ഭുജി-
ച്ചാർത്ത്യാ വനം വാണൊരാ-
കാലത്തെക്കഥയോർത്തിടുന്ന സമയ-
ത്തുൾത്താരു കത്തുന്നു മേ. 12

കട്ടിന്മേൽ മൃദുമെത്തയിട്ടതിന്മേ-
ലേറെഗ്ഗുണം ചേർന്നിടും
പട്ടും മറ്റുവിശേഷമുള്ളവകളും
നന്നായ്ശ്ശീലിച്ചിങ്ങിനെ

ഇഷ്ടംപോലെ കിടന്നുറങ്ങുമവരാ-
സ്സാറപ്പുറത്താറവും
കഷ്ടപ്പെട്ടു കിടന്നതോർത്തധികമാ-
യുൾത്താരു കത്തുന്നു മേ 13

ഏററം ചുട്ടോരു വൈല്യ മഞ്ഞു മഴയെ-
ന്നെല്ലാം നിനച്ചാൽ കൊടു-
ങ്കാററും മററുമനേകസങ്കടഗണം
സർവ്വം സഹിച്ചങ്ങിനെ
മാററിത്തത്തൊട്ടുമെൻെറ മക്കളധികം
പെട്ടോരു പാടോർക്കിലീ-
പ്പെററമ്മയ്ക്കു സഹിക്കുമോ? പരമതോ-
ർത്തുൾത്താരു കത്തുന്നു മേ. 14

താഞ്ചേരുംപടിയുള്ള വാഹനമതിൽ-
ശ്ശീലിച്ചവർക്കീവിധം
സഞ്ചാരത്തിനു വന്ന സംഗതി വിചാ-
രിച്ചാൽസ്സഹിക്കാവതോ?
അഞ്ചാളായവരോത്തിടുന്ന സമയ-
ത്താണങ്ങളാണോമന..
പ്പാഞ്ചാലിക്കു പിണഞ്ഞ പാടു നിരൂപി-
ച്ചുൾത്താരു കത്തുന്നു മേ. 15

പന്തീരാണ്ടിതുപോലെ കാട്ടിലധികം
കഷ്ണിക്കിലും സങ്കടം
താന്തീരാൻ വഴിവന്നതില്ലതിനുമേ-
ലജ്ഞാതവാസത്തിലും

എന്തെല്ലാം വികടം പിണഞ്ഞിതു ചെ-
റില്ലേൻ നിനക്കുമ്പോഴും
പൊന്നെല്ലാം കരിയായിടും പടികിട-
ന്നുഴന്തൊരു കണ്ണനമ്മേ. 16

എല്ലാ ലോകവുമെല്ലൽതീർത്തു പരിചിൽ-
പ്പാലിച്ചുവാനൊത്രയും
കല്പിതം കലരും മഹാനിലധികം
വിശ്വാസ്യരാം ഞങ്ങളിൽ
തെല്ലെന്നാകിലുമിന്നു താവകകൃപാ-
സാരം ജനിച്ചീലതും
വല്ലാത്തുള്ളോരു കഷ്ടമായതു നിന-
ച്ചാൽത്തൊരു കണ്ണനമ്മേ. 17

എന്തിനിങ്ങിനെ പലതെപ്പറയുന്നു? ഇനി വരുവാനുള്ളതുകൂടി അറിയാവുന്നവനല്ലേ കൃഷ്ണൻ. അതുകൊണ്ടു ഞാനൊന്നും പറയുന്നില്ല. എന്റെ സങ്കടത്തിന്നു് ഒരു നിവൃത്തി വരുത്തിത്തന്നിട്ടേ പോകാവൂ. എനിക്കു മറ്റൊരാളോടു പറവാനില്ല. ഞാൻ എന്റെ മകനാണെന്നുതന്നെയാണു് കൃഷ്ണനെ വിചാരിക്കുന്നതു്. എന്നാൽ ആ സ്മരണ അശേഷം കൃഷ്ണനില്ലാത്തതു് എന്റെ കാലദോഷം!

വിദു—എന്ത്, ഇങ്ങിനെ പരിഭവം പറയരുതു്.

എല്ലാലോകരെയും കാത്തു നല്ലവണ്ണം ഭരിച്ചിടും
മല്ലവൈരിക്കു കാരുണ്യമില്ലാതായി ഭവിക്കുമോ? 18

എന്നല്ല, നിങ്ങളെക്കുറിച്ചു ഭഗവാന്ന് ഒരു പ്രത്യേകം വേറെയാണ്.

കുന്തി—ഞങ്ങളുടെ നേരെ ദയയില്ലെന്നു വിചാരിച്ചു പറയുന്നതല്ല. ആസകലംകൂടി വിചാരിച്ചുനോക്കിയപ്പോൾ ഉണ്ടായ സങ്കടംകൊണ്ടു പുറപ്പെട്ടുപോയതാണ്

ഭഗ—അച്ഛൻപെങ്ങൾ പറഞ്ഞതു ശരിയാണ് ഇവിടേക്കു വളരെ വ്യസനത്തിന്ന് എടയുണ്ടായിട്ടുണ്ട്. എന്നാൽ അതു തീൎക്കേണ്ട ഭാരം എനിക്കുതന്നെയാണ്. അതിന്നു സംശയമില്ല.

വിദു—പ്രായാധിക്യംകൊണ്ടും കൌരവന്മാരുടെ ദുരാലോചന കേൾക്കുന്നതുകൊണ്ടും അവിടുന്നു വളരെ വ്യസനിച്ചു വശായിട്ടുണ്ട്. ഇതൊക്കെയും നിസ്സാരമാണ്. വ്യസനിപ്പാനില്ല താമസിയാതെ പുത്രന്മാർ ശത്രുക്കളെജ്ജയിച്ചു ഭൂമിയെ രക്ഷിക്കുന്നതു് ഇവിടേക്കു കാണ്മാനിടവരുമെന്നും മറ്റും അടിയൻ അറിയിക്കാറുണ്ട്. എന്നാലും ധൈൎയ്യം വരുന്നില്ല.

ഭഗ—ഇന്നുള്ള ദുഃഖമിതശേഷവുമാശു തീരു-
മെന്നുള്ളതുള്ളിൽ വഴിപോലെ നിനച്ചിടേണം
എന്നല്ല ഞാനിനി വിശേഷ മതിത്രമാത്ര-
മൊന്നല്ലൽ തീരുവതിനായ് പറയാം പതുക്കെ. 19

പുത്രന്മാർ വനത്തിൽ കിടന്നു വളരെ ദുഃഖിച്ചുവെന്നാണല്ലോ മുഖ്യമായ വ്യസനം. അതിനെപ്പറ്റിത്തന്നെ മുമ്പിൽ പറയാം.

വനമതിലവർ ചെന്നിട്ടാദരത്തോടു പിന്നെ-
ദ്ദിനകരഭഗവാനെസ്സേവ ചെയ്തോരുദാരം
ഘനതരകുതുകത്താലക്കനക്കാലമേകീ
കനകമയമതാകും പാത്രമോർത്താൽ വിചിത്രം. 20

എന്നാൽ ആ പാത്രത്തിനുതന്നെ കുറച്ച് വിശേഷമുണ്ട്. കേൾക്കു. അക്ഷയപാത്രമെന്നാണ് അതിന്റെ പേർ. കാര്യവും ശരിയാണ്.

ചിത്തത്തിലെന്തു നിരൂപിക്കിലുമാക്ഷണത്തിൽ
പാത്രേ ജനിച്ചിടുമതൊക്കെയൊടുക്കമെന്ന്യേ
ഓർത്താലിതിൽപരമതായൊരു സൌഖ്യമിന്നു
പുത്രർക്കു വേണ്ടതിനിയെന്തു മഹീതലത്തിൽ 21

ഇതു വിചാരിച്ചാൽത്തന്നെ നാട്ടിലിരുന്നിരുന്ന കാലത്തേക്കാൾ വളരെ സുഖമായിരുന്നു കാട്ടിൽ. അത്രതന്നെയല്ല, ദിവ്യന്മാരായിരിക്കുന്ന വളരെ മഹർഷിമാരും എമ്പത്തെണ്ണായിരം ബ്രാഹ്മണരും വനത്തിൽ അവരോടുകൂടി ഉണ്ടായിരുന്നു. എല്ലാവർക്കും ചതുർവ്വിധമായി ഭക്ഷണവും മററും കൊടുത്തിരുന്നു. ഒന്നിനും ബുദ്ധിമുട്ടുണ്ടായിട്ടില്ല.

ഈവിധമുള്ളൊരു സൌഖ്യം
ഭൂവിലൊരുത്തർക്കുമില്ല നോക്കുമ്പോൾ
ദൈവാധീനവുമെന്നാൽ
കേവലമപ്പോഴുമവർക്കു കുറവില്ല. 22

ആ കാലത്ത് ഒരു വിശേഷംകൂടി ഉണ്ടായിട്ടുണ്ട്.

പാൎത്ഥൻ പുരാരാതിപദാരവിന്ദ-
മത്ത്യാദരംപൂണ്ടു ഭജിക്കമൂലം
ശത്രുക്കളെത്തീരെ മുടിപ്പതിന്നു
മൃത്യുഞ്ജയൻ വേണ്ട വരങ്ങളം നൽകി. 23

അത്രതന്നെയല്ല, ശ്രീപരമേശ്വരൻ അൎജ്ജുനന്റെ യുദ്ധപരാക്രമം കാണ്മാൻവേണ്ടി കാട്ടാളനായി വന്നു യുദ്ധം ചെയ്തതിൽ അധികം സന്തോഷിച്ച് ആൎക്കും തടുപ്പാൻ പാടില്ലാത്തതായ പാശുപതം എന്ന സ്വന്തം ദിവ്യാസ്ത്രംകൂടി കൊടുത്തിട്ടുണ്ട്. അതുകൊണ്ട്—

ഈരേഴു പാരിങ്കലുമാരുമിപ്പോൾ
പോരിന്നു നില്ക്കില്ല കിരീടിയോട്
ഈ ദുൎയ്യോധനാദികൾ എന്തു സാരം?
കൌരവ്യരെബ്ഭീമനൊരാളു തന്നെ
പോരും മുടിക്കുന്നതിനില്ല വാദം. 24

ഇതും പ്രത്യേകം വിചാരിപ്പാനുള്ളതാണ്. ധൎമ്മപുത്രർ തുടങ്ങിയുള്ള ഇവിടത്തെ പുത്രന്മാർ കേവലം മനുഷ്യരല്ല:

സൂക്ഷ്മം കേട്ടു ധരിക്കു ധൎമ്മതനയൻ
ശ്രീധൎമ്മരാജാവുതാൻ
'സാക്ഷാൽ മാരുതനാണു ഭീമനഖില-
പ്രദ്വേഷിവിദ്വേഷകൻ
പക്ഷം ഞാൻ പറയുന്നതല്ല നരനാം
ഞാൻതന്നെയാണൎജ്ജുനൻ
ദക്ഷശ്രീസുരവൈദ്യരാണറിവെഴും
മാദ്രേയരോൎത്തീടണം. 25

വിചാരിച്ചാലറിയാമല്ലോ.

ഇവരുടെ ജനനദശായാം
ദേവകൾ സുമവൃഷ്ടിചെയ്തതറിവില്ലേ?
ആവിലമെന്തിനു പഴതേ-
യാവകയോൎത്താലടക്കമുണ്ടല്ലോ. 26

അതുതന്നെ പോരാ. അൎജ്ജുനന്റെ ജനനസമയത്തിൽ 'ഭൂഭാരം തീൎക്കുന്നതിന്നായി ഇവിടത്തെ ഈ പുത്രൻ അനേകം ദുഷ്ടനിഗ്രഹം ചെയ്യും' എന്നു് അശരീരിവാക്കു കേട്ടതും വിചാരിക്കൂ. എന്നാൽ നല്ലവണ്ണം ബോദ്ധ്യംവരും.

ശത്രുക്കളെന്തു പണിചെയ്കിലുമായവൎക്കു
മാത്രം ഫലിക്കുകയതില്ലതിലൊന്നുപോലും
ചിത്തത്തിലോൎത്തിടുക ചോടു കഴിഞ്ഞതായ
വൃത്താന്തമെങ്കിലറിയാമതു നല്ലവണ്ണം. 27

ദുൎയ്യോധനാദികൾ അരക്കില്ലത്തിലിട്ടു കൊള്ളിവയ്ക്കാൻ നിശ്ചയിച്ചു. പാഞ്ചാലിയെ രാജസഭയിൽ നഗ്നയാക്കി നിൎത്തുവാൻ ഭാവിച്ചു. കാട്ടിൽവെച്ചു കോപിഷ്ഠനായ ദുൎവ്വാസസ്സുമഹൎഷിയെക്കൊണ്ടു ശപിപ്പിക്കുവാൻ ശ്രമിച്ചു. അൎജ്ജുനനെ മൂകാസുരനെക്കൊണ്ടു് നിഗ്രഹിപ്പിക്കുവാൻ ഉത്സാഹിച്ചു. എന്നല്ല; ഇങ്ങിനെയുള്ള പല വിഷമാവസ്ഥകളിൽനിന്നും പ്രയാസംകൂടാതെ ഇവിടത്തെ പുത്രന്മാർ നിവൃത്തിച്ചുപോന്നിരിക്കുന്നതു വിചാരിക്കൂ

അത്രതന്നെയുമല്ലോൎത്താൽ ശത്രുക്കളെയശേഷവും.
പുത്രന്മാർകൊന്നുവേഗേന ധാത്രീരക്ഷണചെയ്തിടും 28

എന്നാൽ പോരെ, വ്യസനം ഒട്ടു തീൎന്നില്ലേ?

കുന്തി— എന്നുടെ കഥ പോകട്ടേ
എന്നും ദുഃഖിക്കയെങ്കിലതുമാട്ടെ
നന്ദനരെപ്പാലിപ്പതു
നന്ദജനാകും ഭവാന്റെ ഭരമാണേ! 29

ഭഗ—അങ്ങിനെതന്നെ. ഞാനേററു. അവൎക്കവേണ്ടി ഞാൻ എന്തും ചെയ്യുവാൻ സന്നദ്ധനാണ്. ധൎമ്മപുത്രരുടെ പ്രീതിക്കുവേണ്ടിയാണ് ഇപ്പോൾ പുറപ്പെട്ടതും.

കുന്തി—എന്താ കാൎയ്യം?

ഭഗ— കൌരവന്മാരായിട്ടു യുദ്ധം വേണമെന്നു നിശ്ചയിക്കകയും അതിന്നു വേണ്ടുന്നതു ഒക്കെയും ഒരുക്കുകയും കഴിഞ്ഞു. എങ്കിലും ദുൎയ്യോധനനോട് ഒന്നുകൂടി ഗുണദോഷം പറഞ്ഞുനോക്കണം. അതിനു ഞാൻതന്നെ വേണമെന്നാണ് ധൎമ്മപുത്രരുടെ അഭിപ്രായം. സാദ്ധ്യം ഒന്നും ഉണ്ടാവില്ലെങ്കിലും പരീക്ഷിച്ചുനോക്കണം എന്നുവെച്ചു ദൂതനായിട്ടാണ് ഞാൻ വന്നതു്.

വിദു—(കുന്തിയോട്) നിങ്ങളുടെ നേരെ കരുണയുണ്ടോ എന്നുള്ള സംശയം ഇപ്പോൾ തീൎന്നില്ലേ?

കുന്തി—(ഭഗവാനോട്) ദുൎയ്യോധനനെ കണ്ടുവോ?

ഭഗ—കണ്ടു. കാൎയ്യം കൎത്തവ്യം നാളെ സഭയിൽ വന്നു പറഞ്ഞുകൊള്ളാം എന്നു മാത്രം പറഞ്ഞു പിരികയും ചെയ്തു.

വിദു—(വിചാരം) സഭയിൽ എഴുന്നള്ളുമ്പോൾ ദുൎയ്യോധനാദികൾ എന്തൊക്കെയാണാവോ ഗോഷ്ഠിത്തങ്ങൾ കാണിക്കുവാൻ പോകുന്നതു്!

ഭഗ—എന്നാൽ ദുൎയ്യോധനൻ വല്ല വികൃതിവേഷവും കാണിക്കാതെ ഇരിക്കില്ല. ഞാനും ഒഴിക്കുക എന്നു വിചാരിക്കുന്നില്ല. എന്തെങ്കിലും ഇവരുടെ അവസാനകാലമായി.

കുന്തി—ഞങ്ങൾക്കു കൃഷ്ണനല്ലാതെ ഒരാശ്രയമില്ലേ!

ഭഗ—(ചിരിച്ചുംകൊണ്ടു്) അതു പിന്നെ പറയണമില്ലല്ലോ. ഓ! നേരം അസാരം ആയല്ലോ.

കുന്തി—കൃഷ്ണനെക്കണ്ടിട്ടുള്ള സന്തോഷംകൊണ്ടു നേരം പോയതു് അറിഞ്ഞില്ല. എന്നാൽ ഞാനിനി അകത്തെല്ലു പോകട്ടെ.

ഭഗ—താമസംകൂടാതെ സന്തോഷത്തോടുകൂടി വന്നു കണ്ടുകൊള്ളാം.

കുന്തി—എന്നാലങ്ങിനെയാട്ടെ (എന്നു പോയി.)

ഭഗ—ഇപ്പോൾ അച്ഛൻപെങ്ങളുടെ വ്യസനം ഒട്ടു തീൎന്നില്ലേ?

വിദു—ഉവ്വു്. മുഖത്തു നോക്കിയാൽത്തന്നെ വളരെ വ്യത്യാസം വന്നു. സ്ത്രീകൾക്കു സന്തോഷവും ദുഃഖവും വേഗത്തിൽ പ്രകാശിക്കും.

ഭഗ—ഞാൻ ഇതിലധികം കലശൽക്കൂട്ടമെന്നാണ് വിചാരിച്ചിരുന്നതു്.

വിദു—ഒതുക്കാൻ ശക്തിയുണ്ടു്. ചാപല്യം കുറയും.

ഭഗ—കൌരവരാജാക്കന്മാരുടെ വിരുന്നുസല്ക്കാരം സ്വീകരിക്കാതെയാണ് ഞാൻ ഇങ്ങോട്ടു വന്നതു്. അത്ര ഒ സമമായിരിക്കില്ല. എന്തെങ്കിലും പത്ഥ്യത്തിന്നല്ല ഭാവിക്കുന്നതു്. ദുര്യോധനാദികളുടെ അന്ധാളിത്തം വളരെയുണ്ടു്. കണ്ടാലും കൊണ്ടാലും അറിയില്ല.

വിദു—വേണ്ടവഴി തോന്നില്ല; പറഞ്ഞുകൊടുത്താലും സാദ്ധ്യമില്ല.

ഭഗ—എവൎക്കുമുണ്ടു മരണം പുനരായതൊന്നും
ഭാവിച്ചിടാതെ ചിലരുണ്ടു നടന്നിടുന്നു
ആവശ്യമുള്ളതറിയാതെ കളിച്ചുവെന്നാൽ
പാവുന്നാദനരമറിയാം മറിമായമെല്ലാം. 30

വിദു—വിശ്വൈകവീരനഘമെന്നു മനക്കുരുന്നിൽ
വിശ്വാസമോടധികമായി തെളിഞ്ഞിരുന്നു
വിശ്വംഭരാഭരമതിന്നു ഒരിച്ചു ജന്മം
വിശ്വാദിപോലെ കളയുന്നിതു കശ്മലന്മാർ. 31

ഭഗ—ചതിച്ചു മററുള്ളവരെക്കെടുപ്പാൻ
കൊതിച്ചു കാലം കളയാതെകണ്ടു്
അതിപ്രമാദത്തൊടു സാരമാം സൽ-
ഗ്ഗതിക്കു നോക്കുന്നവനാണു വമ്പൻ. 32

വിദു—ഇവിടുത്തെ കരുണയുള്ളവൎക്കു വേണ്ടതുപോലെ തോന്നുള്ളൂ.

സാത്യകി—(പ്രവേശിച്ചിട്ടു ഭഗവാനോട്) ഭീഷ്മരും ദ്രോണരും ഇവിടുത്തെ കാണ്മാൻ വരുന്നുണ്ട്.

ഭഗവാൻ—ഹേ. അതുവ്വോ! യോഗ്യരായ അവരെ ഞാൻ അവർ ഇരിക്കുന്ന സ്ഥലത്തു ചെന്നു കാണേണ്ടതായിരുന്നു. അത്ര വിചാരിച്ചില്ല. പ്രായാധിക്യവും മററും വിചാരിച്ചാൽ ഇങ്ങോട്ടു വന്ന് എന്നെ കാണുന്നതു് ഒട്ടും ഭംഗിയല്ല. ആട്ടെ. ഏതെങ്കിലും അങ്ങോട്ടു ചെന്ന് എതിരേററു കൊണ്ടുപോരികതന്നെ. പോവുക.

(എന്നെല്ലാവരും പോയി)

നാലാമങ്കം കഴിഞ്ഞു.

അഞ്ചാമങ്കം

(അനന്തരം ഒരു ദാസി പ്രവേശിക്കുന്നു.)

ദാസി— എന്താണെടോ, കണ്ടില്ലെന്നു നടിച്ചുംകൊണ്ടു പോണതു്?

ശിപായി—(പ്രവേശിച്ചിട്ടു്) കണ്ടില്ലെന്നു നടിക്കയല്ല, തമ്പുരാൻ തൃക്കാലാണു് ഞാൻ കണ്ടില്ല.

ദാസി—പിന്ന്യോ, തന്നെ ഞാനറിയില്ലേ? പൊയ്ക്കോളു, അങ്ങോട്ടുതന്നെ.

ശിപാ—എങ്ങോട്ടു്?

ദാസി—ഇന്നലെ രാത്രിയിലത്തെ ദിക്കിലേയ്ക്കു്.

ശിപായി—ഇന്നലെ രാത്രിയിലത്തെ കഥയെന്തു പറയേണ്ടു! ഉറക്കംതന്നെ ഉണ്ടായിട്ടില്ല.

ദാസി—തെല്ലൊറങ്ങട്ടെ എന്നവളോടു പറയായിരുന്നില്ലേ?

ശിപാ—നിയ്യെന്തു നിരീച്ചാ പറേണെ, ഞാൻ ദുര്യോധനൻ പൊന്നുതമ്പുരാൻെറ അടുക്കലായിരുന്നു.

ദാസി—(വാപൊത്തിച്ചിരിച്ചുംകൊണ്ടു്) അല്ലാ തമ്പുരാൻെറ അടുക്കൽ തനിക്കു് എന്തായിരുന്നു പ്രവൃത്തി?

ശിപാ—എയ്, വല്ലതും പറേ? അവിടെ ചില കാര്യവിചാരമായിരുന്നു.

ദാസി—പിന്നല്ലെ, തമ്പുരാൻ തന്നോടല്ലേ കാര്യം വിചാരിക്കണേ?

ശിപാ — അതല്ല. അതിന്നു കർണ്ണനേയും ദുശ്ശാസനൻതമ്പുരാനേയും മററും കൂട്ടിക്കൊണ്ടു വരികയായിരുന്നു എനിക്കു വേല.

ദാസി — രാത്രി ഒറക്കംകൂടി ഇല്ലാതെ വിചാരിക്കത്തക്കോണം ഉണ്ടായതെന്തൊരു കാൎയ്യമാണു്?

ശിപാ — നല്ല നിശ്ചോല്യ. തോന്നണതു പറയാം.

സായംസമയത്തിന്നലെ
മായംവിട്ടിങ്ങു വന്നു മധുമഥനൻ
ആയതുകൊണ്ടായിവരാം;
തായക്കേടൊക്കിലില്ല മററൊന്നും. 1

ദാസി — ശ്രീകൃഷ്ണൻ വന്നാൽ തമ്പുരാനെന്താ തരക്കേട്? അതിനെന്താ അത്ര വിചാരിക്കാനുള്ളതു്?

ശിപാ — അതോ, ശ്രീകൃഷ്ണൻ പാണ്ഡവന്മാർ പറഞ്ഞയച്ചിട്ടാണത്രേ വന്നിരിക്കുന്നതു്.

ദാസി — എന്നാപ്പററി. അവർതമ്മിൽ കീരിയും പാമ്പുമാണല്ലോ. എന്നിട്ടു തമ്പുരാനിപ്പോൾ എന്തെടുക്കണു?

ശിപാ — തമ്പുരാക്കന്മാരും കർണ്ണനും കൂടി ഇപ്പോൾ ആലോചനമുറിയിലേയ്ക്കു് എഴുന്നെള്ളീട്ടുണ്ടു്. എന്നുതന്നെയല്ല എഴുന്നെള്ളുമ്പോൾ എന്നെ വിളിച്ചു്,

'ചെമ്മേ ധൎമ്മജനുള്ള നന്മതമുര-
പ്പാനുണ്ടതെന്നും പറ-
ഞ്ഞുന്മേഷത്തൊടു കൃഷ്ണനങ്ങിവിടെ വ-
ന്നിട്ടേററിഞ്ഞീടണം

നൊമ്മൾക്കായതുകൊണ്ടു വേണ്ടതഖിലം
ചിന്തിച്ചുറച്ചീടുവാ-
നമ്മാമൻ ദൂതമൊാഗമിക്കണമമാ-
ന്തിച്ചാൽ കണക്കല്ലിതിൽ. 2

എന്നു ഞാൻ പറഞ്ഞതായി അമ്മാമൻ ശകുനിയോടു ചെന്നു പറയണം' എന്നു കല്പിച്ചു. അതിന്നാണു ഞാൻ പോണതു്.

ദാസി—എന്നാൽ വേഗം ചെല്ലു. ഞാൻ താമസിപ്പിച്ചില്ല എൻറപ്പോ! ഇവിടെ പൊറുത്തോട്ടെ.

(എന്നു രണ്ടാളും പോയി)

പ്രവേശകം കഴിഞ്ഞു.

(അനന്തരം ആലോചനമുറിയിൽ ഇരുന്നുംകൊണ്ടു ദുര്യോധനനും ദുശ്ശാസനനും കർണ്ണനും വികർണ്ണനും പ്രവേശിക്കുന്നു.)

ദുര്യോ— ചതിയുടെ നിധിയാം കൃഷ്ണൻ
ചിതമൊടു വന്നെത്തുമാശു നൃപസഭയിൽ
മാതുലനെന്തു വരാഞ്ഞാൻ
ഹേതു നിനയ്ക്കുമ്പൊഴൊന്നുമില്ലല്ലോ.

(അണിയറയിൽ) ഞാനിതാ വന്നല്ലോ.

വികർണ്ണൻ—അമ്മാമൻെറ ഒച്ചയാണിതു്.

(അനന്തരം ശകുനി പ്രവേശിക്കുന്നു. എല്ലാവരും തമ്മിൽ ആചാരോപചാരങ്ങൾ ചെയ്തു യഥാക്രമമിരിക്കുന്നു.)

ശകുനി—എന്താണിവിടെ ആലോചിപ്പാനുള്ളതു്?

ദുര്യോ—പറയാം,

കേട്ടില്ലേ നിങ്ങളെല്ലാവരുമതികുതുകാൽ
വെണ്ണ പാലെന്നിതെല്ലാം
കട്ടോരാക്കണ്ണനേറെക്കപടമൊടിവിടം-
തന്നിലും വന്നുവല്ലോ.

കർണ്ണൻ—

ധാർഷ്ട്യം തെല്ലല്ല ധർമ്മാത്മജനുടെ ചില കാ-
ര്യങ്ങളോതീടുവാനാ
യിഷ്ടംകയ്ക്കൊണ്ടുകൊണ്ടാണവനുടെ വരവെ-
ന്നുള്ളതെന്നുള്ളിലായി. 4

ശകുനി—എപ്പോഴാ ഇവിടെ വന്നതു്?

കർണ്ണൻ—ഇന്നലെ വൈകുന്നേരമാണിവിടെ കണ്ടതു്.

ദുര്യോ—ഊണു് ഇവിടെ ആവാമെന്നു ഞാൻ പറഞ്ഞു.

ശകുനി—ഊണു് ഇവിടെ അല്ലേ ഉണ്ടായതു്?

ദുര്യോ—വിദുരൎക്കു ഭക്തിയുണ്ടത്രേ. ഭക്തിയുള്ളവരുടെ ചോറേ ഉണ്ണുള്ളൂ എന്നു പറഞ്ഞു പോയി.

ശകുനി—അതു തരക്കേടില്ല.

ഗോപാലനാണായവനോർത്തിടുമ്പോൾ
ഭൂപാലരൊന്നിച്ചു ഭുജിച്ചുകൂടാ

ദുശ്ശാസനൻ—ആ, അതു ശരിയാണു്.

ആ ഭാഗമെല്ലാം നിരുപിയ്ക്കിലായാൾ-
ക്കാരാസച്ഛൂദ്രാലയമാണു യോഗ്യം. 5

വികർണ്ണൻ—(വിചാരം) ആയി! ഇവൎക്കിന്നാളെ ഇന്നതു പറയാമെന്നില്ല. സജ്ജനനിന്ദയ്ക്കാണു് സാമൎത്ഥ്യം.

(സ്പഷ്ടം) ശ്രീകൃഷ്ണൻ വരാറായി.

കണ്ണൻ—വന്നാലെന്താ?

ദുര്യോ— കണ്ടാലെഴുന്നേല്ക്കുകതാരുമിന്നു
കൊണ്ടോടിയെന്നാലധികം മദിക്കം
വേണ്ടാസനക്കാരണയുന്നനേരം
മിണ്ടാതിരിക്കുന്നതുതന്നെ യുക്തം. 6

ദുശ്ശാ—അരുളിച്ചെയ്തതു ശരിയാണു്.
വന്നാലാദരവെന്തിനു
നിന്നീടട്ടേ മുഷ്കു തിരുമുമ്പിൽ

ശകു— ചൊന്നാലായതിനുത്തര-
മന്നേരം തോന്നുമായതുരചെയ്യാം. 7

ദുര്യോ—(ആലോചിച്ചിട്ടു്) ഒന്നുകൂടി ഉറച്ചു.
കണ്ണൻ നാണയുന്നനേരമെഴുന്നേ-
റ്റീടും ജനത്തെപ്പരം
ദണ്ഡിപ്പിക്കുമെറിക്ക സംശയമതി-
ന്നില്ലിന്നു തെല്ലെങ്കിലും
സ്വർണ്ണം നൂറു തുലാം തരേണമെഴുന്നേ-
റ്റെന്നാജ്ഞ ലംഘിച്ചവൻ
കണ്ണൻതന്നെ പറഞ്ഞുവെങ്കിലുമതിൽ
ഭേദപ്പെടുത്തില്ല ഞാൻ. 8

കണ്ണൻ—(വിചാരം)
ചൊല്ലിക്കേട്ടൊരു പിഴയിതു
തെല്ല കടപ്പത്തിലായിയെന്നുണ്ടോ?
(സ്പഷ്ടം)
എല്ലാം കല്പനപോലെയ-
ല്ലാതുണ്ടോ നമുക്കു മതിഭേദം? 9

കർണ്ണൻ— ഇടപ്പെട്ടു കണ്ടാലെ പിടുന്ന പാണ്ഡ്യം-
നാടിസ്സകൊണ്ടിന്ദ്ര ജെയിച്ചവനൊത്താണ്
കൊടുത്തു ദുശ്ശിക്ഷിതനെന്നിവരൊപ്പം
കടത്തിടും ദുമ്പയതാണ്ടു മതി. 14

ദുര്യോ — ആട്ടെ, ഇന്നിവിടെ വരട്ടെ. മറ്റു പാകത്തിലാക്കാം.

ശകുനി—(ചിരിച്ചുംകൊണ്ടു്) പരിഭ്രമിക്കരുതു്. കാര്യങ്ങളും കമ്പളം വേണം—ഇന്നു വിശേഷമൊന്നും വേണ്ട. വന്നു്, അഭിപ്രായങ്ങളൊക്കെ പറയട്ടെ.

സാമത്ഥ്യം സമരത്തിനില്ല പരമെ-
ന്നോർത്തിട്ടുപായത്തിലീ-
സ്സാമത്തിന്നു പുറപ്പെടുന്നതിവരെ-
ന്നാണൊന്നു തോന്നുന്നതു്
സാമോദം ചിലതിസ്സദസ്സിലുരചെ-
യ്യട്ടെ മുരദ്വേഷ്ടാക്കകിൽ-
സ്സാമാന്യത്തിലൊരുത്തനിന്നു ചതികൊ-
ണ്ടെന്നെജ്ജയിച്ചീടുമോ? 15

ഇവരുടെ പകിട്ടൊന്നും ഇവിടെ പററില്ല.

ദുര്യോ—ആട്ടെ, വന്നോട്ടെ. എന്നാൽ എല്ലാവരും ബഹുമാനിച്ചോളണമെന്നുണ്ടോ?

ശക—എയ് അതു വേണ്ട. അതൊക്കെ മുമ്പിൽ നിശ്ചയിച്ചുവെച്ചതുപോലെ.

കർണ്ണൻ—ഈ കൃഷ്ണൻ സിദ്ധാന്തമില്ലെന്നു നടിക്കും. പരമസിദ്ധാന്തി! പണ്ടേതന്നെ പാണ്ഡവന്മാരുടെ പക്ഷക്കാരനാണു്.

കൃഷ്ണ—ശരിയാണ്, ഈ കള്ളനശേഷം ബുദ്ധിക്കു ഗുണമില്ല.

പാഞ്ചാലിതൻ പുടകൾ നമ്മളഴിച്ചനേരം-
തഞ്ചാതെ ചേലകൾ കൊടുത്തതു കൃഷ്ണനല്ലേ?
പാഞ്ചാലകുലമവരിൽക്കനിവുണ്ടു പാരം
ചാഞ്ചാപലങ്ങളറിയാത്ത മനുഷ്യരുണ്ടോ? 16

വിക—(വിചാരം) അതു ബുദ്ധിയുടെ ഗുണമല്ലേ. കാഃ. ഇവർക്കൊക്കെ വിപരീതമാണല്ലോ.

കൃഷ്ണാ— ദുശ്ശാസന! ഭവാൻ ചെന്നി-
ട്ടിശ്ശാസന നടത്തണം
വിശ്വാസമോടു പോയാലും
വിശ്വവീരശിഖാമണേ! 17

കൃഷ്ണാ—(എണീറ്റിട്ട്)

കല്പനപോലെ നടത്താ-
നല്പവുമില്ലിന്നിനിക്കു സന്ദേഹം
ഇപ്പോളപ്പോ പ്രസ്ഥയിലി
ലിപ്പവരോടൊക്കെയാജ്ഞയറിയിപ്പൻ! 18

(എന്നു പോയി)

കൊറി—ഇതൊക്കെ നന്നായി. എന്നാലും ഇനിയുമൊരു സംശയം—കൃഷ്ണൻ വരുമ്പോൾ ഇതൊന്നും വിചാരിക്കാതെകണ്ട് എഴുന്നേല്ക്കാനും എന്നിരേല്ക്കാനും കാറും ഇതിൽത്തന്നെ ചില പ്രമാണികൾ ചാടി പുറപ്പെടുകയില്ലേ?

കൎണ്ണൻ—അതും ആലോചിപ്പാനുള്ളതാണു്. ചില പക്ഷക്കാരാണു് വിഷമമാക്കിത്തീൎക്കാൻ. അവരോടൊന്നും പറവാനും പാടില്ല.

ദുശ്ശാ—ആരെയോൎത്തും വേണ്ടില്ല. രാജകല്പനയ്ക്കു് ഭേദമില്ല. ബന്ധുവായാലും വേണ്ടില്ല, മിത്രമായാലും വേണ്ടില്ല. തെറ്റുകണ്ടാൽ ശിക്ഷിക്കും.

വിക—കാൎയ്യത്തിന്റെ തീൎച്ചയും മൂൎച്ചയും ഒക്കെ ഇവിടെത്തന്നെയാണു്.

(അണിയറയിൽ)

'എന്നാലിനി നിശാകരാന്വയമതി-
നല്ലോരലങ്കാരമായ്
മിന്നുന്നോരു സുയോധനൻ നൃവരൻ
കല്പിച്ചിരിപ്പോവതും
നന്നായേറ്റു നടന്നുകൊണ്ടവനിതിൽ വെ-
ച്ചാരെങ്കിലും തെറ്റിയാൽ-
പ്പിന്നത്തെല്ലോരു വിട്ടുവീഴ്ചയിവിടെ-
ക്കാണില്ല കേണീടിലും. 19

ധാൎഷ്ട്യത്തിന്നിടകൊടാ പാരമിവരും
കൎണ്ണൻ കടന്നെത്രയും
ഗോഷ്ഠിക്കും ഇടതന്നനേരമിതുകി-
ല്പോകാതിരുന്നീടണം
വിഘ്നിക്കും പിണയുന്നതാകിലധികം
ദോഷങ്ങളുണ്ടാം മഹാ-
നൎത്ഥത്തിനിടയാവുമെന്നു വിശേ-
ഷിച്ചും വിചാരിക്കണം. 20

[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible] 21

ലേശംപോലുമില്ലക്കൊൾകമുവാ-
യീടേണ്ട കൃഷ്ണൻ മഹാ-
ദോശക്കാരനായതോർത്തിടാതെ വെറുതേ
കണ്ടാലെഴുന്നേല്ക്കുകിൽ
വംശത്തോടെ മുടിക്കുവാൻ മടിയെനി-
ക്കില്ലെൻെറ തെററല്ലയും
വാശിക്കിന്നു സുയോധനൻ വിടുകയി-
ല്ലായുസ്സു പോയീടിലും' 22

(എന്നു് എല്ലാവരും കേൾക്കുന്നു)

കൃഷ്ണൻ—ദുശ്ശാസനൻ കല്പിച്ചതിൽ കുന്നുകൂടി ഘനാപ്പിച്ചാണു് സമയിൽച്ചെന്നു പറഞ്ഞതു്.

ദുര്യോ—കുന്നു പറഞ്ഞയച്ചാൽ അതു നടത്താൻ ദുശ്ശാസനനു സാമർത്ഥ്യമുണ്ടു്.

ശകു—നടന്നെങ്കിൽത്തന്നേ പറയാറായുള്ളു.

വിക—(വിചാരം) നടന്നാലും നടന്നില്ലെങ്കിലും മൂപ്പരു കല്പിക്കുകയും എളമിനു പരസ്യം ചെയ്യുകയും കഴി

ഞ്ഞു. ഇനിയത്തെ കഥ കണ്ടാലറിയാം. ഈശ്വരോ രക്ഷതു.

ദുൎയ്യോ—കൃഷ്ണൻ ഇപ്പോഴ് വരാറായിരിക്കും. നമുക്കു് എല്ലാവൎക്കും അതിന്നു മുമ്പിൽത്തന്നെ ആസ്ഥാനമണ്ഡപത്തിൽ ചെന്നു പൌരുഷത്തോടുകൂടി യഥാസ്ഥാനം ഇരിക്കുകതന്നെ.

(എല്ലാവരും പോയി)

അഞ്ചാമങ്കം കഴിഞ്ഞു.

ആരാമങ്കം

(അനന്തരം ദ്രോണരും അശ്വത്ഥാമാവും പ്രവേശിക്കുന്നു)

അശ്വ—ഭഗവാൻ ഇവിടെ എഴുന്നള്ളീട്ടുണ്ടെന്നു കേട്ടു.
ഷോയിക്കാണണ്ടേ?

ദ്രോണ—അല്ലാ കണ്ടില്ലേ?

അശ്വ—കാണുക കഴിഞ്ഞില്ല. എന്നല്ല എപ്പോഴാണ് എഴുന്നള്ളിയത്ത്, എവിടെയാണ് എഴുന്നള്ളിയിരിക്കുന്നത്ത്, എന്താ എഴുന്നള്ളിയ കാൎയ്യം, ഒന്നും മനസ്സിലായില്ല

ദ്രോണ—മൎയ്യാദയേറുന്നൊരു ധൎമ്മജന്റെ
കാൎയ്യങ്ങളോരോന്നിവിടത്തിൽ വന്നു
ദുൎയ്യോധനൻതന്നൊടു ചൊല്ലുവാനായ്
ധൈൎയ്യാലെഴുന്നള്ളി ജഗന്നിവാസൻ. 1

ഇന്നലെ വൈകുന്നേരം ഇവിടെയെഴുന്നള്ളി ധൃതരാഷ്ട്രരേയും ദുൎയ്യോധനനേയും കണ്ടു് അപ്പോൾത്തന്നെ വിദുരരുടെ ഭവനത്തിലേയ്ക്കു് എഴുന്നള്ളി. അവിടെയായിരുന്നു താമസം. ഭീഷ്മരും ഞാനും കൂടി അവിടെപ്പോയിരുന്നു.ഞങ്ങളെ കണ്ടപ്പോൾ ഭഗവാൻ,

"ഉൗറ്റക്കാരായനേകം ഗുണമുടയ ഭവാ-
ന്മാർകളെത്തത്ര വന്നി-
ട്ടേററം മൎയ്യാദ നോക്കമ്പൊഴുതു വഴിയെ ഞാൻ
കണ്ടുപോരേണ്ടതാണു്

തെററാണിച്ചെയ്യതെന്നാൽച്ചിലതിവിടെ നട-
ത്തേണ്ടതോത്തിപ്രകാരം
പററിപ്പോയ് നിങ്ങളോടിപ്പിഴയതിനധുനാ
മാപ്പു ചോദിച്ചിടുന്നു." 2

എന്നും മററും അരുളിച്ചെയ്യുംകൊണ്ടെഴുന്നേററു വന്നു വളരെ ആദരിച്ചു. ഞങ്ങൾ യാത്ര പറഞ്ഞു പിരിയുമ്പോൾ നേരത്തെ കൌരവസഭയിൽക്കാണാമെന്നും അരുളിച്ചെയ്തു. ഇപ്പോൾ എഴുന്നള്ളത്തായിരിക്കും.

അശ്വ—എന്നാലെനിക്കു സഭയിൽവെച്ചു കാണാമല്ലോ.

ദ്രോണ—സഭയിൽവെച്ച് ആരെങ്കിലും ആദരിച്ചുപോയാൽ തല വീശിക്കളയുമെന്നും മററും ദുര്യോധനൻെറ കല്പനയുണ്ടത്രെ.

അശ്വ—ആ് ഹാ! അതു പന്തിയല്ല.

ഗാംഗേയൻ താതനെന്നല്ലറിവെഴുമവർ മാ-
നിച്ചു പൂജിച്ചുപോരും
ഇംഗശ്രീ വാസുദേവൻ കുരുനൃപസഭയിൽ-
ച്ചെന്നു കേറുന്നനേരം
അംഗേശൻ തൊട്ടു കൂട്ടാളികളുടെ പണിയാ-
ലുഴിപൻ സല്കരിക്കാ-
തിങ്ങോരോ തെററുചെയ്യാൻ തുടരുകിലതു ഞാൻ
സമ്മതിക്കുന്നതല്ല. 3

(ആകാശത്തിൽ)

ഗോവിന്ദ! മാധവ! മുകുന്ദ! ഹരേ! മുരാരേ!
കാവ്ണ്ണ! കഞ്ജദളമഞ്ജുളനേത്ര! ശൌരേ!

ഗോവർദ്ധനോദ്ധരണ! ഗോകുലപരിപാല!
ഗീർവ്വാണവന്ദിതപദാംബുജ! തേ നമസ്തേ. 4

ദ്രോണ__(കേട്ടിട്ട്) കാ, എഴുന്നള്ളത്തായി. ആകാശത്തിൽ മഹർഷിമാരുടെ ഭഗവാനെ കണ്ടപ്പോഴത്തെ സന്തോഷമാണിതു്.

(അണിയറയിൽ)

പൊൽപ്പൂമാതിൻമണാളൻതിരുവടിയകല-
ത്തിന്നിതാ വന്നിടുന്നു
കെല്പേറും കാന്തിപൂരം കുരുസഭയിലതിൻ
മുന്നമേ ചെന്നിടുന്നു
അപ്പോൾ വീഴുന്നു ദുര്യോധനനൃപതി വസി-
ക്കുന്ന പീഠത്തിൽനിന്നി-
ട്ടൊപ്പം വീഴുന്നു കർണ്ണൻ കുസൃതികൾ തൊഴുതു-
കൊണ്ടെഴുന്നേറ്റിടുന്നു. 5

ദ്രോണ__(കേട്ടിട്ട്) കല്പനയുടെ ഫലം അനുഭവിക്കുക കഴിഞ്ഞതാ!

അശ്വ__ഇനിയെങ്കിലും നേരെ തോന്നിയാൽകൊള്ളാം.

ദ്രോണ__ഭഗവാന്റെ പ്രസംഗം കാലായി. നമുക്കും കേൾക്കാൻ പോക.

(എന്നു രണ്ടാളും പോയി)

വിഷ്കംഭം കഴിഞ്ഞു

(അനന്തരം ഭീഷ്മനും ധൃതരാഷ്ട്രരും ദുര്യോധനനും കർണ്ണനും ശകുനിയും മറ്റും എഴുന്നേറ്റു നില്ക്കുന്ന കൌരവസഭയിൽ സാത്യകി കൂടെയുംകൊണ്ടു ഭഗവാൻ പ്രവേശിക്കുന്നു.)

ഭഗ—എന്ത്-മഹാരാജാക്കന്മാര് എണീറ്റു? ഇരിക്ക, ഇരിക്ക. (എന്നടുത്തു ചെല്ലുന്നു)

ദുര്യോ—(ഭഗവാനോട്) ഇവിടെ ഇരിക്കാം.

ഭഗ—(സിംഹാസനത്തിന്മേൽ ഇരുന്നിട്ട്) എല്ലാവരും ഇരിക്ക.

(എല്ലാവരും യഥാക്രമം ഇരിക്കുന്നു.)

ദുര്യോ—കുന്തീകുമാരരൊരുമിച്ചു വിരാടഗേഹേ
സന്തോഷഭാവമൊടു വാണുവരുന്നതില്ലേ?
എന്തൊന്നുരച്ചയി ഭവാനെയയച്ചതിപ്പോൾ
ബന്ധുക്കളെ ഝടിതി കൊണ്ടുവരേണമെന്നോ? 6

ഭഗ—അപ്പാണ്ഡവർ വഴിപോലെ നിനച്ചിടുമ്പോ-
ളുൾപ്പൂവിലിന്നു സുഖമെന്നു പറഞ്ഞിടേണം
ഇപ്പാരിടത്തിൽ മതിയായൊരു ബന്ധുലാഭ-
മിപ്പോൾബ്ഭവിച്ചതു നിനച്ചധികം പ്രമോദം 7

ധൃത—ഉണ്ണികൾ പാണ്ഡവന്മാരിവിടെ പറവാൻ വല്ലതും പറഞ്ഞയച്ചിട്ടുണ്ടോ?

ഭഗ—ഉവ്വ്, വിസ്തരിച്ചു പറയാം. നിങ്ങളും പാണ്ഡവന്മാരും തമ്മിൽ കുറച്ചുകാലമായല്ലോ വിരോധികളായി വശായിട്ട്. അത്രതന്നെയല്ല, ഇപ്പോൾ തമ്മിൽ യുദ്ധം വേണമെന്നു നിശ്ചയിച്ചു. എങ്കിലും ധർമ്മപുത്രർക്ക്

ഇനിയും നിങ്ങളോടു ചില ഗുണദോഷങ്ങൾ പറവാനുണ്ടു്. അതിന്നുവേണ്ടി അദ്ദേഹത്തിന്റെ ദൂതനായിട്ടാണു് ഞാൻ വന്നതു്. അഭിപ്രായം എന്താണെന്നു പറയാം. നിങ്ങളെല്ലാവരും പ്രത്യേകിച്ചു മഹാരാജാവു ദുര്യോധനനും ഞാൻ പറയുന്നതു മുഴുവനും വഴിപോലെ കേൾക്കണം.

ഒന്നാണു നിങ്ങളറിയേണ്ടതു ചൊല്ലിടാം ഞാ-
നൊന്നാണു നോക്കിടുകിലീക്കുരുപാണ്ഡവന്മാർ
എന്നുള്ളതുള്ളിൽ നിരൂപിച്ചിടുകെന്നുവെച്ചാ-
ലിന്നുള്ള വൈരമതിനും ശമനം ഭവിക്കും. 8

ശകുനി—(വിചാരം) ഓ ഹോ, എളുപ്പത്തിൽ സാധിക്കും.

ഭഗ—ഒന്നു വിചാരിക്കു,

മർത്ത്യന്മാരുടെ ജന്മമെത്ര ശിഥിലം
വെള്ളത്തിലെപ്പോളപോ-
ലോർത്തീടേണമതിൻ മഹത്വമതിലും
നിസ്സാരമിപ്പൌരുഷം
പ്രത്യേകിച്ചറിയേണ്ടതാണിതു വിശേ-
ഷിച്ചുററ ബന്ധുക്കളായ്
പത്ഥ്യം പൂണ്ടു വസിച്ചുകൊള്ളണമതാ-
ണാവശ്യമാവോളവും. 9

കർണ്ണൻ—(വിചാരം) അല്ലോ, തത്വജ്ഞാനമുപദേശിപ്പാനാണു് വന്നതെന്നുണ്ടോ?

ഗോ—ഭഗവാനെ കൃഷ്ണ നന്ദ മധുസൂദന-
ഹിരണ്മയഗുണ പുരാതനകാർമ്മിക!
എന്നാകിൽ ത്രിഭുവനാധിനാഥനായിരിക്കും
ചന്ദ്രനാഥനാകിലെല്ലാർക്കുമാനന്ദമേകയാകിൽ ൧൦

കൃഷ്ണ—(ചിരിച്ചുംകൊണ്ട്) ആട്ടെ, അങ്ങനെയാകട്ടെ
പുറപ്പാട്! എന്നാൽ പറയാം.
അല്ല കുഞ്ഞേ! നമ്മളിനിയെന്തു ധരാ-
തലത്തിലുണ്ടു വ-
ന്നുള്ളതെന്നറിച്ചു കേൾക്ക മട്ടമാ-
ട്ടൊന്നുമില്ലീയിലെ
കല്യൻ പറഞ്ഞവനായിട്ടുള്ള പുരാണ-
ങ്ങളെല്ലാ കേൾക്കുന്നതി
തെല്ലാക്കം ദുഃഖമുള്ളവരെന്നും വിശേ-
ഷിച്ചുകൊണ്ടുചെല്ലുന്നവൻ ഞാൻ. ൧൧

(കണ്ണനും ഗോപികളും ബ്രാഹ്മണരും നോക്കി ചിരിക്കുന്നു)

ഗോ—(പുഞ്ചിരിയിട്ട്) ശരി! ദുർഗ്ഗുണരായിരിക്കെ അവ
രുടെ ദ്രവ്യലാഭംചെയ്തുവെന്നു മാത്രം പറഞ്ഞുവെച്ചാൽ
പോരാ. അതിന്റെ കാരണവുംകൂടി വിചാരിക്കണം.
നമ്മളിയുടെ മക്കളിൽ ദുർഗ്ഗുണരായ വലിയ ലോകം
പിശാചം കേളുവെച്ചിട്ട് രക്ഷിപ്പാനുള്ളവരെ പ
റിക്കയാണ് പറഞ്ഞവരെ പുരാണ ദ്രവ്യലാഭംചെ
യ്യാൻ സംഗതിയായത്. കാരണവന്മാരും ദോഷ
മുള്ളവരായാൽ ദ്രവ്യലാഭത്തിനു യോഗ്യതയില്ലെന്ന്
അങ്ങേലുണ്ടാവാൻ വഴിയുണ്ടല്ലോ.

കണ്ണുകൾ കൂടാതുള്ളോ-
രണ്ണൻ നിൻതാതനായിരിക്കുമ്പോൾ
പാണ്ഡു മഹീതലമെല്ലാം
പാണ്ഡിത്യത്തോടു ഭരിച്ചതോർത്താലും 12

ആ വഴി വിചാരിച്ചാലും പാണ്ഡുവിൻെറ പുത്രനും അങ്ങയുടെ ജ്യേഷ്ഠനും ആയിരിക്കുന്ന യുധിഷ്ഠിരൻതന്നെയല്ലേ ഇപ്പോൾ രാജ്യഭാരം ചെയ്യേണ്ടതു്?

താതൻെറ രാജ്യം തനയക്കിരിക്ക-
മെന്തെങ്കിലും സംശയമില്ലിതിങ്കൽ
ചാതുര്യമേറുന്ന ഭവാനിതെല്ലാം
ചേതസ്സിലോർത്താൽത്തിരിയുന്നതല്ലേ? 13

ദുര്യോ—(കുറച്ചു ദേഷ്യത്തോടുകൂടീട്ടു്) വസ്തുത നിരൂപിച്ചാൽ ഈ കൌന്തേയന്മാർ പാണ്ഡുവിൻെറ പുത്രന്മാർതന്നെയല്ല. അതുകൊണ്ടു പാണ്ഡുവിൻെറ രാജ്യമാണെങ്കിൽത്തന്നെ ആ രാജ്യത്തിൻെറ പിന്തുടച്ചാവകാശം വലിയച്ഛൻെറ മക്കളായിരിക്കുന്ന ഞങ്ങൾക്കാണു്. അവർക്കും അവരുടെ അച്ഛൻെറ രാജ്യത്തിനു് അവകാശമില്ലെന്നു ഞാൻ പറയുന്നില്ല.

അന്തകമാരുതരാജ്യം
ചന്തംചേരും സുരാധിപതിരാജ്യം
എന്തിനു താമസമീവക
സന്തോഷത്തോടു ചെന്നു വാങ്ങട്ടേ. 14

നാട്ടാരൊത്തു രമിച്ച നേരമുളവാ-
സ്സുന്നുള്ളവൎക്കൊക്കിലി-
നാട്ടിന്നെന്തവകാശമാണതു നിന-
ച്ചീടാതെകണ്ടിങ്ങിനെ
കഷ്ടം! ദൂതു പറഞ്ഞിടുന്നതിനൊ-
ച്ചങ്ങുന്നമിപ്പോൾപ്പുറ-
പ്പെട്ടല്ലോ നിരുപിച്ചിടുന്ന സമയ-
ത്തൊട്ടല്ലെനിയ്ക്കത്ഭുതം. 15

ഭഗ—ക. ഹോ. അത്ര നിഷ്കൎഷ ഭാവമുണ്ടെങ്കിൽ അങ്ങയുടെ മുത്തച്ഛനായ വിചിത്രവീൎയ്യന്റെ പുത്രൻതന്നെയാണോ അച്ഛൻ? അമ്മയ്ക്കു വൈധവ്യം വന്നതിൽ പിന്നെ പരപുരുഷനിൽനിന്നുൽപ്പാദിച്ചുണ്ടായ ആളല്ലേ? അതു വിചാരിച്ചാലും അങ്ങയ്ക്കെന്നല്ല അച്ഛന്നുതന്നെയും ഒരുവിധത്തിലും ഈ രാജ്യത്തിന്നു് അവകാശമില്ല. എങ്കിലും ധൎമ്മപുത്രൻ അതു ഭാവിക്കുന്നില്ല. ഏതെങ്കിലും രണ്ടു താവഴിയായിട്ടും തമ്മിൽ നല്ല ചേൎച്ച പോരാതേയും വരായി. അതുകൊണ്ടു ഭാഗംചെയ്തു പകുതി രാജ്യമെങ്കിലും കിട്ടിയാൽ മതിഎന്നേയുള്ളൂ. അതിന്നുതന്നെ,

വീതംപോലെ സമസ്തവസ്തുവുമുടൻ
ഭാഗിച്ചു ബോധിച്ചതിൽ
പാതിബ്ഭാഗമവൎക്കു നൽകുക മുദാ
തീരട്ടെ കാൎയ്യങ്ങളും

ഭേദം ചെറ്റു തവിട്ടുമെങ്കിലുമതി-
ന്നില്ലിന്നു വാദം ഭവാൻ
ചെയ്താൽ സമ്മതമാണശേഷവുമതിൽ-
ക്കില്ലില്ലവകാശമേ. 16

വിക—(വിചാരം) ലൌകികത്തെ അനുസരിച്ചുള്ള ന്യായമാണവർ പറഞ്ഞയച്ചതു്.

കർണ്ണ—(വിചാരം) ഈ വഴിക്കു പുറപ്പെട്ടാലാണു് നരകം. ഇരന്നാലെങ്കിലെന്തിനാണു് കൊടുക്കാതിരിക്കുന്നതു്?

ദുര്യോ—(വിചാരം) ദുരാഗ്രഹം കുറച്ചല്ലല്ലോ. (സ്പഷ്ടം)

ആജ്യം പഴം പാലവിലപ്പമെന്നാ-
ഭോജ്യങ്ങളെപ്പോലെ കൊതിച്ചിരന്നാൽ
രാജ്യം ലഭിപ്പാൻ കഴിയുന്നതാമോ
പൂജ്യം നിനച്ചാലതിനുള്ള മോഹം. 17

ഭഗ—ഇരക്കുകയല്ല, തരുവാനുള്ളതു ചോദിച്ചു വാങ്ങിക്കുകയാണു്. ആട്ടെ, പകുതി കൊടുപ്പാൻ മടിയുണ്ടെങ്കിൽ ഒരു വഴിക്കൂടിപ്പറയാം.

ദുര്യോ—കേൾക്കട്ടെ.

ഭഗ—വാശി വിട്ടു തെളിവോടിനിപ്പുവാൻ
ദേശമഞ്ചു നരനാഥ! നൽകുകിൽ
ക്ലേശമുണ്ടു പരമോർക്കിലെങ്കിലും
നാശമില്ലിതുമവർക്കു സമ്മതം. 18

ശകുനി—(വിചാരം) കീഴ്പോട്ടിറങ്ങിത്തുടങ്ങി.

ദുര്യോ—കുന്തീസുതന്മാൎക്കവനീതലം ഞാ-
നെന്തിന്നു നൽകുന്നു നിനച്ചിടുമ്പോൾ
ബന്ധുക്കളാണെന്നു പറഞ്ഞു വന്നാൽ
സന്ധിയ്ക്കുവാൻ സമ്മതമില്ല തെല്ലും 19

ഭഗ—(വിചാരം) അമ്പോ! ഇവന്റെ ബുദ്ധിയുടെ കാഠിന്യം മുമ്പേതന്നെ നിരൂപിച്ചിട്ടുള്ളതാണ്. ഒന്നുകൂടി പറഞ്ഞുനോക്കട്ടെ. (സ്പഷ്ടം)

ഓരോ ഗൃഹം വിരവിനോടപരഞ്ചുപേൎക്കും
നേരേ കൊടുക്കുക ഭവാൻ, കഴിയട്ടെ കാൎയ്യം
ഏറെത്തുടങ്ങരുതു കൎക്കശമിന്നു ശേഷ-
ക്കാരാണു താഴ്ച പരമുള്ളവരാണുതാനും. 20

ഭീഷ്മ—(വിചാരം) അമ്പ! ധൎമ്മപുത്രന്റെ ബുദ്ധിയുടെ ഒരു ഗുണം. വല്ല വിധത്തിലും തമ്മിൽ കലഹം കൂടാതെ കഴിച്ചാൽ കൊള്ളാമെന്നുതന്നെ വിചാരിയ്ക്കുന്നു. പക്ഷേ, ഇവിടെ ഫലിയ്ക്കുമെന്നു തോന്നുന്നില്ല. അത്രയുണ്ടിവരുടെ ദുശ്ശാഠ്യം.

ദുര്യോ—കൂറുണ്ടു കുന്തീ സുതരെക്കുറിച്ചു
പാരം ഭവാനെങ്കിലുമിപ്രകാരം
ചേരാത്തമട്ടിൽ പറയേണ്ട കാൎയ്യം
തീരില്ല തമ്മിൽത്തരമില്ലിതൊന്നും 21

ഭഗ—(വിചാരം) ഇവനോടു പറവാൻ ഞാൻ ചാടിപ്പുറപ്പെട്ടുവല്ലോ. ധൎമ്മപുത്രരുടെ പ്രീതിയ്ക്കു പറയാതെകണ്ടും കഴികയില്ലല്ലോ. ഒന്നുകൂടി പരീക്ഷിയ്ക്കട്ടെ.

(സ്വഗതം)

അഞ്ചാറുകൊല്ലംകൂടിയൊരു മന്ദിരമെങ്കിലും നീ-
യഞ്ചാതെ നല്കുക സുയോധന! വേണ്ട ശാഠ്യം
ദ്രോണ്യോ—നിഞ്ചാടുവാണി മതി ത്തുശിമുനസ്ക്കിടത്തെ
ഞാഞ്ചാകിലും ദുഃഖമവർക്ക കൊടുക്കയില്ല. 22

ഭഗ—(കുറച്ചു കോപത്തോടെ) ഞാൻ പാണ്ഡവന്മാരുടെ ദൂതനായിട്ടു വന്ന സ്ഥിതിക്ക് അവരുടെ അഭിപ്രായം നിങ്ങളോടും നിങ്ങളുടെ അഭിപ്രായം അവരോടും പറഞ്ഞാൽ ദോഷമായെന്നില്ല. എങ്കിലും എനിക്ക രണ്ടാളും ഭേദമില്ലായ്കകൊണ്ടും പ്രീതിയുള്ളതുകൊണ്ടും വലുതായ ആപത്തു വരുമ്പോൾ ഗുണദോഷം പറയുന്നതു ബന്ധുക്കളുടെ ഭാരമാകകൊണ്ടും ഇതിൽപ്പററി കുറച്ചുകൂടിപ്പറയുന്നു. വാസ്തവത്തിൽ രാജ്യത്തിന്നവകാശികളായിരിക്കുന്ന പാണ്ഡവന്മാർക്ക് ശേഷം കൊടുക്കില്ലെന്നു പറയുന്നതു ശരിയല്ല.

കാലം ദേശമധർമ്മധർമ്മബലദൌർബ്ബല്യം
വിശേഷിച്ചിതിൻ
മൂലം തങ്ങളിലുള്ള വേഴ്ച വഴിക്കേ-
ടെന്നുള്ളതിന്നുള്ളതിൽ
ആലോചിച്ചു പറഞ്ഞിടേണമതുകൂ-
ടാതേവമായീടുകിൽ-
ച്ചേലല്ലത്രയുമല്ല നിങ്ങളിതിനാൽ
നിർമ്മൂലനാശപ്പെടും. 23

വിശേഷിച്ചു നിങ്ങൾ ഭീമനു വിഷം കൊടുത്തതും, പാമ്പിനെക്കൊണ്ടു കടിപ്പിച്ചതും, ഉറക്കത്തിൽ കെട്ടി

ഗംഗയിലിട്ടതും, അരക്കില്ലം കൊള്ളിവെച്ചതും, കള്ള ച്ചൂതുകൊണ്ടു സകലവും തട്ടിപ്പറിച്ചതും, പാഞ്ചാലി യുടെ തലമുടി പിടിച്ചിഴച്ചു സഭയിൽ വെച്ചു വസ്ത്രാ ക്ഷേപം ചെയ്തതും മററും ഭീമസേനൻ ഇന്നും മറന്നി ട്ടില്ല. അതുകൊണ്ടു പകുതി രാജ്യം കൊടുത്തിട്ടു കാ ര്യം തീൎക്കുന്നതാണ് നല്ലതു്. അല്ലെങ്കിൽ ഭീമൻ കോ പിച്ചു വന്നു നിങ്ങളെ മുഴുവനും നശിപ്പിക്കും.

ഉഗ്രക്കേറുന്ന ബകൻ ഹിഡിംബനധികം
ധീക്കേറിടും കീചകൻ
ചൊൽക്കൊള്ളുന്നൊരു മാഗധൻ മദമെഴും
കൃമ്മീരനീവീരരെ
വെക്കം കൊന്നു മുടിച്ച ഭീമനലറി-
ക്കൊണ്ടിങ്ങടുക്കംവിധൌ
നില്ക്കാൻ നിങ്ങളിലാരുമിന്നു മതിയാ-
കില്ലിങ്ങു കില്ലില്ല മേ. 24

അത്രതന്നെയല്ല. അൎജ്ജുനന്റെ അവസ്ഥ നിരൂപി ച്ചാലിതിലധികമാണ്.

വില്ലേടുത്ത പുമാന്മാരിലെല്ലാം മുമ്പുള്ളോരൎജ്ജുനൻ
തെല്ലു കോപിച്ചുവന്നീടിലില്ലാ നിങ്ങളിലാരുമേ. 25

അൎജ്ജുനന്റെ പരാക്രമം വഴിപോലെ വിചാരിച്ചു നോക്കു.

ലാക്കെയ്തു ഖണ്ഡിച്ചൊരു ക്രൂരസലെന്ന്യേ
ലാക്കോടു പാഞ്ചാലിയെ വീണ്ട വീമൻ
ഇക്കണ്ട നമ്മോടുമിടഞ്ഞു നിന്നു
ചൊൽക്കൊണ്ട ഭ്രോഹരണം കഴിച്ചു. 26

ചണ്ഡതയോടമർചെയ്താ-
ഖണ്ഡലനേയും ജയിച്ചുവെന്നല്ല
ഖാണ്ഡവദാഹം ചെയ്താ-
ഗ്ഗാണ്ഡീവം വാങ്ങി വീരനറിവില്ലേ? 27

അതുതന്നെ പോരാ.

പാരിരേഴിനുമീശനായ ഭഗവാൻ
സംഹാരരുദ്രൻ പരം
പോരാടീട്ടു തെളിഞ്ഞു പാശുപതമാം
ദിവ്യാസ്ത്രമവ്യാകുലം
നേരേതന്നെ കൊടുത്തയച്ച വിവരം
കേൾക്കാതെയാരുള്ളതാ-
വീരൻതന്നുടെ വൎത്തമാനമറിയാ-
ഞ്ഞിട്ടോ കളിക്കുന്നു നീ? 28

വാനോർവരനുടെ ചൊല്പാൽ
ദാനവവൃന്ദം മുടിച്ചു തടവെന്യേ
ആനന്ദത്താൽ ദേവകൾ
ദാനം ചെയ്താർ വരങ്ങളെപ്പേരും. 29

ഇതു വിശേഷിച്ചും വിചാരിപ്പാനുള്ളതാണ്. ചിത്രസേനൻ എന്ന ഗന്ധൎവ്വൻ നിങ്ങളെ പിടിച്ചുകെട്ടിക്കൊണ്ടുപോകുമ്പോൾ അൎജ്ജുനനല്ലേ വിടുവിച്ചതു്? ഗോഗ്രഹണത്തിങ്കൽ നിങ്ങളെ ഒക്കെ യുദ്ധംചെയ്തു ജയിച്ചു ഗോക്കളെ കൊണ്ടുപോയതും അൎജ്ജുനനല്ലേ? ഇങ്ങിനെ അൎജ്ജുനന്റെ വലിപ്പം വിചാരിച്ചാൽ അവസാനമില്ല. അതുകൊണ്ടു വേഗത്തിൽ പാതി രാ

ന്യംകൊണ്ടു് ഭാരതത്തിലും സമ്മതിക്കുന്നതാണ് നിങ്ങൾക്കു യുദ്ധം? അല്ലെങ്കിൽ യുദ്ധത്തിൽ നിങ്ങളെ ദുശ്ശാസനനെയും ഭീമസേനനും, കർണ്ണനെ അർജ്ജുനനും, ദ്രോണരെ ധൃഷ്ടദ്യുമ്നനും, ഭീഷ്മരെ ശിഖണ്ഡിയും, ശല്യരെ ധർമ്മപുത്രനും, ശകുനിയെ സഹദേവനും കൊല്ലും. എന്നല്ല നിങ്ങളുടെ വംശം മുഴുവനും പാണ്ഡവന്മാർ നശിപ്പിക്കുവാനിടവരും.

നാരായണൻ വിരവിൽ ഞാൻ പറയുന്ന വാക്കു
നേരായതാണതിനു നീക്കവുമില്ല തെല്ലും
ഓരാതെ നിങ്ങളൊരു വംശമതിന്നു തമ്മിൽ-
ച്ചേരാതെ തേച്ചുകഴുകിക്കളയേണ്ട പാഴിൽ. 30

ദുര്യോ—(കോപത്തോടുകൂടീട്ടു്) മതി, മതി അങ്ങേയും അങ്ങയുടെ പാണ്ഡവന്മാരേയും നിങ്ങളുടെ വ്യാപാരങ്ങളേയും ഞാനറിയും. പാണ്ഡവന്മാർ അഞ്ചാളുംകൂടി കാമഭ്രാന്തു പിടിച്ചു പാഞ്ചാലിയെ ഭാര്യയാക്കി വെച്ചുംകൊണ്ടിരിക്കുന്നതും അവരുടെ മാഹാത്മ്യങ്ങളുടെ കൂട്ടത്തിലൊന്നുതന്നെയല്ലേ? അവൎക്കു ബന്ധുവായിട്ടൊരാൾ വേണമെങ്കിൽ അങ്ങുതന്നെയാണു് ചേൎച്ച.

കട്ടനാക്കം നിന്നുടെ
വിട്ടുകൾ നമ്മോടു വേണ്ട പോയാലും
പെട്ടന്നിനിയും ചൊന്നാൽ
കിട്ടും സമ്മാനമിന്നു വഴിപോലെ 31

(എന്നു പറഞ്ഞു തിരിഞ്ഞിരിക്കുന്നു.)

ഭീഷ്മർ—(വിചാരം) ആയി! കാൎയ്യം വലിയ ചീത്തയായി ത്തീരുമെന്ന തോന്നുന്നു.

വിക—(വിചാരം) എന്തെങ്കിലുമാവട്ടെ. പറഞ്ഞിട്ട ഫലമില്ലല്ലൊ.

കൎണ്ണ—(വിചാരം) രാജകുമാരോട് അഹിതം പറയരുതല്ലൊ. എന്നാൽ അങ്ങിനെയൊക്കെ കേൾക്കേണ്ടി വരും.

ശകു—(വിചാരം) ഇപ്പോൾ കട്ട പാകത്തിലായൊ? ഇല്ല. മതിയായില്ല.

ധൃത—കാരുണ്യശാലി കമലാപതി ചൊന്ന വാക്യം
നേരോട കേൾക്ക മകനേ! നിലനില്ക്കുമെന്നാൽ
വൈരം മുകുന്ദനു മനസ്സിലുദിച്ചുപോയാൽ-
ക്കൌരവ്യവംശമിതു ഭസ്മമതായ് ഭവിക്കും. 32

ഭീഷ്മ—സാരജ്ഞ! ഭൂരിഗുണ! ഭൂപതിമൌലിമുത്തേ!
ചേരൊല്ല നീരസമശേഷവുമിന്നു ചിത്തേ
നേരിട്ടുരപ്പതിനു ഞാൻ തുടരും ഹിതത്തെ-
ത്തീരെ ത്യജിക്കരുതു കൌരവവംശമുത്തേ! 33

അച്ഛൻ പറഞ്ഞപടി കേട്ടിനിയുള്ള കാലം
വിച്ഛിന്നവൈരമൊട വാഴ്ക മാഴ്കിടാതെ
ഇച്ഛിച്ചിടൊല്ല സമരത്തിനശേഷവും നീ
പുച്ഛിച്ചിടൊല്ല പുരുഷോത്തമനേഷ കൃഷ്ണൻ. 34

ഭൂ പാതി നൽകുക പോരെൻ നടിവേണ്ട തെല്ലു
കാപട്യമൊഴിച്ചു ശമമീടുക ഭേദമത്രേ
ഗോപാലനെന്നു കരുതീടരുതീ മുകുന്ദൻ
കോപിച്ചിൽ നഖമുനയിലും പൊടിഭസ്മമാകും ൪൫

എന്നല്ല ദുർയ്യോധനാധി കർണ്ണനോടും
നന്നല്ലെടോ! ശകുനിതന്നൊടുമുള്ള പത്ഥ്യം
ഇന്നല്ലലിന്നു വഴിയാണു ഭവാനിതേറ-
മെന്നുള്ളതുള്ളിൽ വഴിപോലെയുറപ്പിടേണം ൪൬

ദുര്യോ—(കർണ്ണനോടും ശകുനിയോടും കൂടി കുറച്ചു മാറി നിന്നിട്ടു്) കേട്ടില്ലെ ഇവരുടെ അഭിപ്രായം!

കർണ്ണൻ— വൃദ്ധന്മാർ ഭയംകൊണ്ടു പലതും പറയുന്നു അതു കൂട്ടാക്കാനില്ല.

ശകുനി— അതല്ല വിചാരിക്കേണ്ടതു്. ഈ രാജസഭയിൽ വന്നിട്ടു കൃഷ്ണൻ എന്തൊക്കെയാണു് പറഞ്ഞതു്? ഇതു കേട്ടാൽ നമ്മളെല്ലാം പേടിക്കണമെന്നാണു് വിചാരം. ആദ്യം ഇദ്ദേഹത്തെ ഈ മാന്യസ്ഥാനത്തു കൊണ്ടിരുത്തിയതുതന്നെ ശരിയായില്ല. ഭൂപാലന്മാരും ഗോപാലന്മാരുമായിട്ടുള്ള ഭേദം വിചാരിക്കേണ്ടതായിരുന്നു. ഇനിയെങ്കിലും ഈ അധികപ്രസംഗിയെപ്പിടിച്ചുകെട്ടി കാരാഗൃഹത്തിൽ കൊണ്ടിടുകയാണു് വേണ്ടതു്.

കർണ്ണൻ— സംശയിക്കാനില്ല. ഇങ്ങിനെതന്നെയാണു് വേണ്ടതു്. എന്നാലെന്നല്ല, ഈ കൃഷ്ണനെ പിടിച്ചിട്ടാൽ പിന്നെ പാണ്ഡവന്മാരൊന്നിനും പുറപ്പെടില്ല.

ദുര്യോ— കാൎയ്യം [illegible] [illegible]
[illegible] [illegible] [illegible]
[illegible] [illegible] [illegible]
[illegible] 87

എന്നാൽ [illegible] ധൈര്യം [illegible]. [illegible] അതിലധികം [illegible] [illegible] വുക. (എന്ന [illegible])

സാത്യകി—(പരിഭ്രമിച്ചു [illegible]) [illegible] [illegible] [illegible] [illegible] ദുര്യോധനൻറയും [illegible] [illegible] [illegible] മാറിട്ടാണ്. [illegible]

ധിക്കാരൽ [illegible] [illegible]-
ടൊത്ത ദുര്യോധനൻ [illegible]
[illegible] [illegible] [illegible] [illegible]-
ബ്ബന്ധനത്തിന്നവരായി
[illegible] [illegible] [illegible]-
[illegible] [illegible]
[illegible] [illegible] [illegible] [illegible]-
[illegible] ബന്ധം [illegible]. 88

അതുകൊണ്ടെന്നെ [illegible]?

ഭഗ—(പുഞ്ചിരിയിട്ട്) എന്തൊക്കെ [illegible]? ([illegible])

അല്ലേ! കൌരവരാജ! കൎണ്ണ! ശകുനേ!
നിങ്ങൾക്ക നമ്മെപ്പിടി-
ച്ചുല്ലാസത്തൊടു കെട്ടുവാൻ കൊതി പെരു-
ത്തുൾത്താരിലുണ്ടെങ്കിലോ
തെല്ലുംവേണ്ട വിളംബമങ്ങു വരുവൻ
ഞാനാശു കണ്ടീടുവാ-
നെല്ലാരും വരുവിൻ കുറച്ചു രസമു-
ണ്ടാകാതെ പോകില്ലിതിൽ. ൩൯

(എന്നു ഭഗവാനും പിന്നാലെ എല്ലാവരും പോയി.)

ആറാമങ്കം കഴിഞ്ഞു.

സാത്യ—അവർ പരസ്പരം പറഞ്ഞുകേട്ടതും മറ്റുമതോ?
ധൃഷ്ട—എന്തൊക്കെയാണവിടെ നടന്നു വിശേഷം?
സാത്യ—അവിടെ ചെന്നിട്ടുള്ളതൊക്കെ വിശേഷംതന്നെയാണ്.

ധൃഷ്ട—എന്നാൽ കേൾക്കണമല്ലോ.

സാത്യ—എന്നാലായതു കേവലംപോലെ പറയാ-
നാവില്ല നാഗേശരൻ
വന്നാലും മതിയാകയില്ല പലതും
ചൊല്ലാനുണ്ടാകയാൽ
എന്നാലും പുനരല്പമിപ്പൊഴുരചെ-
യ്തീടാം ഭവാനോടു ഞാ-
നിന്നാലും തെളിവൊടു കേൾക്കുക ജഗ-
ന്നാഥപ്രഭാവോദയം. 2

അവിടെ ചെന്നിട്ട് അപ്പോൾത്തന്നെ ധൃതരാഷ്ട്രരേയും ദുര്യോധനനേയും മറ്റും കണ്ടു എങ്കിലും,
ധൃഷ്ട—വരട്ടെ. അതു കേൾക്കേണമെന്നില്ല. കൗരവസഭയിലേക്ക് എഴുന്നള്ളുന്നവരെയുള്ള വർണ്ണനം ഇവിടെ കേട്ടു.
സാത്യ—സഭയിൽ ചെന്നിട്ടുള്ളതാണല്ലോ കേൾക്കേണ്ടത്. അന്നു സഭയിൽ അവിടെയുള്ള യോഗ്യന്മാരെല്ലാവരും എന്നുതന്നെയല്ല, പുറമേയും വളരെ മഹാന്മാരുണ്ടായിരുന്നു. അവിടെവെച്ചു ഭഗവാൻ ദുര്യോധനനോടു ധർമ്മപുത്രരുടെ അഭിപ്രായം മുഴുവനും പറഞ്ഞുനോക്കി. അതുകൊണ്ടൊരു സാദ്ധ്യവുമുണ്ടായില്ലെന്നല്ല, ശകുനി, കർണ്ണൻ മുതലായവരോട് ആലോചിച്ചതിൽ

ഭഗവാനെ പിടിച്ചു കെട്ടണമെന്നാണ് ദുര്യോധനൻ തീർച്ചപ്പെടുത്തിയതു്.

ധൃഷ്ട — (ചിരിച്ചുംകൊണ്ടു്) അതിന്നു് അവർ വിചാരിച്ചാൽ കഴിയുമോ?

സാത്യ— ആ വിചാരം അവൎക്കില്ല വേണ്ടതു്?

ധൃഷ്ട—എന്നിട്ടോ?

സാത്യ—അപ്പഴത്തെകഥയെന്തു പറയേണ്ടു? ആ സഭ മുഴുവനും ഒന്നിളകിവശായി. എനിക്കപ്പോൾ അവരെ മുഴുവനും കഴിച്ചുകളയാമെന്നു തോന്നി. പക്ഷെ ഭഗവാന്റെ അഭിപ്രായം അങ്ങിനെയായിരുന്നില്ല. ക്ഷമിക്കാനല്ലേ പാടുള്ളു? അപ്പോഴെല്ലാം സഭാദ്വാരത്തിൽനിന്നു്,

ആരാണെൻ നാഥനോടിന്നഹിതമതുളുട-
ങ്ങുന്നു വെന്നൊന്നു ഘോഷി-
ച്ചാരാൽ നാരായണാക്ഷൌഹിണിയൊടുമുടനാ
തന്റെ സൈന്യങ്ങളോടും
ക്രൂരെല്ലാം ദൂരെവെച്ചാക്കുരുകുലമഖിലം
ക്രൂരസൽക്കൂടാതെ കൊൽവാൻ
പോരും ഞാനെന്നടുത്തു ധൃതിയൊടു കൃതവ-
ൎമ്മാവു വില്ലും കലച്ചു് 8

അത്രതന്നെയല്ല

ദുഷ്ടന്മാരിവരക്രമിച്ചുഴകെഴും
മൽസ്വാമി ഗോവിന്ദനെ-
ത്തൊട്ടാലെന്നുടെ മട്ടുമാറുമവരാ-
കൊന്നീടുമെന്നിങ്ങിനെ

പുഷ്ടാമർഷമൊടും പുരാതനപുമാ-
നായോരു ദേവവ്രതൻ
വട്ടക്കണ്ണു ചുമത്തിയിത്തിരി രസ-
ക്കേടോടു നോക്കീടിനാൻ. 4

എന്നല്ല ദ്രോണര്, കൃപര്, അശ്വത്ഥാമാവ് തുടങ്ങിയുള്ള സജ്ജനങ്ങളൊക്കെ വെറുത്തുവശായി. ഭഗവാന്റെ അവസ്ഥയാകട്ടെ,

അക്കാലം ദേവദേഹാൽ ഝടിതി പരമിടി-
ത്തീയിനെപ്പോലെയും ക്രൂ-
രാക്കന്മാർ പത്തുനൂറായിരമൊരുമയൊടൊ-
ത്തുജ്ജ്വലിക്കും പടിക്കും
തീക്കത്തിക്കാളിടുംമട്ടില്ലുമവിടെയതെ-
ന്നല്ല വല്ലാതെകണ്ടീ-
ട്ടിക്കെല്ലാം വ്യാപനം ചെയ്തുജ്ജ്വലിതസുമഹൽ-
ക്കാന്തിപുഞ്ജം ജനിച്ചു. 5

പൃച്ഛ—അയ്യൊ, എന്തൊരു കഥയാണിതു്?

സാത്യ—ഭവാൻ കേൾക്ക.

പിന്നീടാദ്ദേവനുള്ളാരവയവതതിയിൽ-
ക്കൂടി ഞാൻ മുമ്പു ഞാൻ മു-
മ്പെന്നുത്സാഹാൽജ്ജനിച്ചു പുരരിപുവിധിദേ-
വേന്ദ്രമുഖ്യാമരൗഘം
എന്നല്ലീരേഴുപാരിൽപ്പരിചൊടു വിലസും
സർവ്വവസ്തുക്കളും വ-
ന്നൊന്നായ് നന്നായുദിച്ചു പരമിതിലധികം
വിസ്മയം വേണ്ടതുണ്ടോ? 6

ധൃഷ്ട— ഹാ! ഹോ! ആശ്ചര്യഭൂതംതന്നെ. ചുരുക്കി പറഞ്ഞാൽ പോരാ. വിസ്തരിച്ചു പറയണം.

സാത്യ.— ഒന്നാമതു പറഞ്ഞാലൊടുങ്ങുകയില്ല. പിന്നെ ആ പ്രഭുവിന്റെ ശക്തികൊണ്ടും അത്ഭുതംകൊണ്ടും സംഭ്രമംകൊണ്ടും ഒക്കെ വിവരിച്ചു കാണുവാൻ കഴിഞ്ഞതില്ല. എങ്കിലും കണ്ടതു പറയാം. നെററിയിൽനിന്നു സനകാദികളും, സപ്തർഷികളും, നവയോഗികളും, നാരദാദികളും, ബാലഖില്യന്മാർ, വൈഖാനസന്മാർ തുടങ്ങിയ് ബഹുവിധമഹർഷികളോടുകൂടി വേദങ്ങളെ ഉച്ചരിച്ചുംകൊണ്ടു ബ്രഹ്മദേവനുത്ഭവിച്ചു. അത്രതന്നെയല്ല.

അക്കാലത്തുഗ്രഭൂതപ്രവരപരിഷയോ-
ടൊത്തുടൻ പത്തു ദിക്കും
വെക്കം ഞെട്ടിത്തെറിക്കുംപടി ഘടിതകഠോ-
രാട്ടഹാസം മുഴക്കി
മുഷ്ക്കാളും മൂർഖ! ദുര്യോധന! ശഠ! ശകുനേ!
നില്ല നില്ലെന്നു മൂന്നാം
തൃക്കണ്ണല്ലും തുറന്നാപ്പുരരിപു ഹൃദയ-
ത്തട്ടിൽ നിന്നിട്ടു ചാടി. 7

അതു്പോരാ, കൈകളിൽനിന്നു യക്ഷന്മാർ കിന്നരന്മാർ ചാരണന്മാർ ഗന്ധർവ്വന്മാർ വിദ്യാധരന്മാർ ഇവരോടുകൂടി പ്രധാനപ്പെട്ട മുപ്പത്തുമുക്കോടി ദേവകളും ഇന്ദ്രനും പിതൃക്കളോടുകൂടിയ യമധർമ്മരാജാവും സകലജലജന്തുക്കളോടുകൂടിയ വരുണനും വൈശ്രവണനും ഉത്ഭവിച്ചു. പോരാ, മുഖത്തിൽനിന്നു് അഗ്നിയും സൂ

...ൽനിന്ന് അനേകായിരത്തോളം ... ൽനിന്ന് അ
നേകം ... ൽനിന്ന് ... ങ്ങളോടുകൂടിയ
... ഉണ്ടായി.

ശേഷവാസുകി മുഖാഖിലനാഗമുഖ്യന്മാർ
  ... ഉത്ഭവിക്കയാൽ
... വിഷം ... ...
  ... ലോകത്തിൽ
... പിന്നെയസംഖ്യ
  വീരന്മാരെല്ലാവരും
... ശംഖചക്രഗദാദികളെല്ലാം
  സഹ്യം വിധാതാക്കളായവർ. ൪

അത്ഭുതമെന്നേ പറയേണ്ടു, അനന്തൻ വാസുകി തുടങ്ങിയ അഷ്ട
മഹാനാഗങ്ങളും അവരുടെ പരിവാരങ്ങളോടുകൂടി മു
ഖങ്ങളിൽനിന്ന് അഗ്നിജ്വാലകളെപ്പോലെ വിഷജ്വാ
ലകളെ വമിച്ചുംകൊണ്ടു നിർഗ്ഗമിച്ചു. പിന്നെ ശംഖ
ചക്രശാർങ്ഗഗദാദികളായ വലിയ ആയുധങ്ങളോടുകൂ
ടി അനവധി ഗണങ്ങളും ഭഗവാങ്കൽ കാണാറായി.
ശ്ലോകം,

അന്തർമ്മോദമോടു ഗരുഡൻ നിജപക്ഷവാതാ-
സംപ്രയോഗമതുകൊണ്ടു ജഗത്രയേഷു
കീഴ്മേൽ മറിച്ചു ഗഗനാന്തരമായതിങ്കൽ
പ്രേമത്തോടങ്ങനെ വിരാജിതനായിനിന്നു ൫

ആന കുതിര തേർ കാലാൾ എന്ന ചതുരംഗങ്ങളോടു
കൂടിയ അനേകം അക്ഷൗഹിണിപ്പടകളോടുകൂടിയ

ശ്രീമതിയിലുള്ള സാമ്രാജ്യം നരാരാജ്യങ്ങൾ സാമ്രാജ്യപ്രയോഗാദി സങ്കടാവസ്ഥകളും ഉണ്ടായി. ഇവയൊക്കെ വിശ്രാന്ത് ദേശങ്ങളിൽനിന്നാണെന്നു നല്ല നിശ്ചയമില്ല.

പിന്നെ,

സ്ഫാരാഭിഖ്യങ്ങളും യുഗന്താഗ്നിലവമതിചെ-
ല്ലീടുമിക്കൈരവൈരവ്വാഘ-
ഘോഷാതത്തിന്നിതാ ഞാൻ മതിയൊരുനാളിനെ-
നുഗ്രമായ്യുദ്ധ പാർത്ഥൻ
മേഘൌഘാഭ കൃഷ്ണശംഖത്തൊടു പടപൊരുതും
ഘോരഗാണ്ഡീവചാപ-
ജ്യാഘോഷത്തോടുടൻ ദക്ഷിണഭുജമതിൽനി-
ന്നുദ്ധൃതം നിഷ്പതിച്ചു. 10

അതുതന്നെയല്ല,

വാമബാഹുവതിൽനിന്നതിദ്രുതം
കാമപാലഭഗവാൻ തദന്തരേ
ഭീമകോപമൊടു വന്നു ജാതനാ-
ശ്ലാഘമെന്തു പറയാവു പൌരുഷം? 11

അതും പോരാ,

കണ്ണിത്താപം പൂണ്ടിരുമ്പിൻ ഗദ ഝടിതി ചുഴ-
റ്റീട്ടു ദേവൻറെ കണ്ണി-
പ്പൂർവ്വസ്ഥത്തിങ്കൽ നിന്നിട്ടുഗ്ര യമജയമ-
നാരമായ്ഘോരമായി

വട്ടത്തിൽക്കണ്ണുരുട്ടിക്കരയുമ! ശഠ! നീ
നില്ലുനില്ലെന്നു ചൊല്ലി-
ട്ടൊട്ടാകെത്തത്തി സകോപം രിപുജനപടലീ-
ഭീമനാം ഭീമസേനൻ. 12

ശ്രീഭഗവതി, ശ്രീപാർവ്വതി, ശ്രീസരസ്വതി തുടങ്ങിയുള്ള ദിവ്യസ്ത്രീകളും ഉടനെ ജനിച്ചു പല പ്രകാരത്തിലുള്ള സ്തോത്രങ്ങളെക്കൊണ്ടു ഭഗവാനെ സ്തുതിച്ചുതുടങ്ങി. ഇങ്ങിനെ പറഞ്ഞുതുടങ്ങിയാൽ കലാശിക്കില്ല. ചുരുക്കിപ്പറയാം: ഈ പ്രപഞ്ചത്തിലുള്ള സ്ഥാവരജംഗമവസ്തുക്കൾ മുഴുവനും അപ്പോൾ ഭഗവാന്റെ ദേഹത്തിൽ നിന്നുത്ഭവിച്ചു നാനാപ്രകാരത്തിൽ പ്രകാശിച്ചു. ആ സമയം മഹർഷിമാരുടെ നാമോച്ചാരണങ്ങൾകൊണ്ടും നൃത്തംചെയ്യുന്ന ദേവസ്ത്രീകളുടേയും മറ്റും മധുരഗാനങ്ങൾകൊണ്ടും ദേവകളുടെ ദുന്ദുഭിശബ്ദങ്ങൾകൊണ്ടും ഭൂതഗണങ്ങളുടെ കളകളഘോഷങ്ങൾകൊണ്ടും ഭഗവാന്റെ തൃക്കയ്യിലുള്ള പാഞ്ചജന്യത്തിൽനിന്നു താനേ പുറപ്പെടുന്ന ഗംഭീരനാദംകൊണ്ടും ആ കൌരവപുരംതന്നെയെന്നല്ല ഭുവനം മുഴുവനും ശബ്ദമയമായി ഭവിച്ചു.

ധൃഷ്ട— കാ-ഹോ. മഹാഘോഷംതന്നെ. ആട്ടെ, ഈ സമയം ദുര്യോധനാദികളുടെ കഥ എന്താണ്?

സാത്ര— ആക്കഥ നല്ല നേരമ്പോക്കാണ്. കേൾക്ക:

ദുര്യോധനൻ ശകുനി തൊട്ടവരോടുമുള്ള
ദുര്യോഗശക്തിയതിനാലുടനന്ധരായി

വയ്യാതെ വീണു ധരണീതലമായതിങ്ക-
ലയ്യോ! വമിച്ച രുധിരത്തിനൊടുക്കമുണ്ടോ? 13

കഴിച്ചു വിൺമൂത്രമറിഞ്ഞിടാതെ-
യൊഴിച്ചു മണ്ടിച്ചിലരത്രയല്ല
തഴച്ച ഭീത്യാ ചിലർ കണ്ണടച്ചു
മിഴിച്ചുനിന്നു ചിലരുൾഭ്രമത്താൽ 14

വേറെ ഒരു അത്ഭുതം കേൾക്ക.

ജാത്യന്ധനാകും ധൃതരാഷ്ട്രനപ്പോൾ
നേത്രങ്ങൾ രണ്ടും വഴിയേ മിഴിച്ചു
പുത്രാദി മോഹിച്ചു കിടപ്പതെല്ലാം
പ്രത്യേകമീക്ഷിപ്പതിനും കഴിഞ്ഞു. 15

ധൃഷ്ട—ഹോ-ധൃതരാഷ്ട്രർക്ക് കണ്ണു കാണാറാക്കിയോ ഭഗവാൻ! അല്ലെങ്കിൽ ഈ അത്ഭുതമൊക്കെ കാട്ടിയ അവസ്ഥയ്ക്കു മതിയായില്ലല്ലോ.

സാത്യ—അതു കാണ്മാൻ മാത്രമേ കണ്ണുണ്ടായുള്ളു. ഭഗവാന്റെ ആ സ്വരൂപം കണ്ടതിന്റെശേഷം ധൃതരാഷ്ട്രർ എനിക്കിനി വേറെ ഒന്നും കാണ്മാനിടവരുത്തരുതേ, അതുകൊണ്ടു മുമ്പലത്തെപ്പോലെതന്നെയാക്കണേ എന്നു ഭഗവാനോട് അപേക്ഷിക്കുകയും അതിന്നുംതന്നെ ഭഗവാൻ കണ്ണുകാണാതെ ആക്കുകയും ചെയ്തു.

ധൃഷ്ട—ആട്ടെ, അപ്പോഴത്തെ ഭീഷ്മരുടേയും മററും കഥയൊന്നും പറഞ്ഞില്ലല്ലോ.

സാത്യ—അതാണിനിപ്പറയാൻ ഭാവിക്കുന്നതു്. കേൾക്ക. ഭീഷ്മർ, ദ്രോണർ, കൃപർ, വിദുരർ തുടങ്ങിയ ഭക്തന്മാർ.

'അച്യുതാനന്തഗോവിന്ദ! സച്ചിദാനന്ദവിഗ്രഹ!
നിശ്ചലാത്മതമേകേണം വിച്യുതാശേഷവിഭ്രമ! 16

ഹയഗ്രീവനെപ്പണ്ടു കൊല്ലുന്നതിന്നായ്-
സ്സ്വയം മത്സ്യരൂപം ധരിച്ചീലയോ നീ
കയത്തിൽപ്പതിച്ചോരു മന്ദരം വീ-
ണ്ടുയർത്തീടുവാൻ കൂർമ്മമായീലയോ നീ. 17

ഹിരണ്യാക്ഷനാകുന്ന ദൈത്യാധിരാജൻ
പുരാ ഭൂമിയെക്കട്ടനാൾ വീണ്ടെടുപ്പാൻ
വരാഹസ്വരൂപം ധരിച്ചീലയോ നീ
മുരാരേ! ഹരേ! ദേവ! ഗോവിന്ദ! വിഷ്ണോ! 18

ഹിരണ്യാക്ഷസോദര്യനെക്കൊല്ലുവാനായ്
ഹരേ! നാരസിംഹത്വമാർന്നീലയോ നീ
കരുണ്ണിസ്വരൂപം ധരിച്ചിത്രിലോകം
പുരാ മൂന്നു ചോടാലളന്നീലയോ നീ. 19

ധരിത്രീശവംശം മുടിക്കുന്നതിന്നാ-
യ്പുരാ ഭാർഗ്ഗവാകാരനായീലയോ നീ
പരം ക്രൂരനാകും ദശഗ്രീവനെക്കൊ-
ന്നൊരം പ്രീതി ലോകർക്കു നല്കീലയോ നീ. 20

മുദാ സീരിയായിട്ടിരിക്കുന്നതിപ്പോൾ
സദാനന്ദമൂർത്തേ! ഭവാൻതന്നെയല്ലോ

യദൂനാം കുലേ കൃഷ്ണനായിപ്പിറന്നി-
ട്ടിദാനീം കളിക്കുന്ന നീ ദീനബന്ധോ! 31

ഇനിക്കല്ക്കിയായിജ്ജനിക്കുന്നതിന്നായ്
നിനച്ചാദരം പൂണ്ടിരിക്കുന്നതും നീ
ജനങ്ങൾക്കു ജന്മം സുഖം നാശമെല്ലാം
തനിച്ചോർത്തു നൽകുന്നതും നീ നമസ്തേ. 22

അയ്യോ! ഭവാനുടയ ഘോരമതാം സ്വരൂപ-
മിയ്യുള്ളവർക്കുമതിഭീതി വരുത്തിടുന്നു
വയ്യേതവർക്കുമിതു കണ്ടു സഹിച്ചുകൊൾവാൻ
പൊയ്യല്ലൊതുക്കുക വിഭോ! തവ വിശ്വരൂപം.' 28

ഇങ്ങിനെ ഭഗവാനെ സ്തുതിച്ചുതുടങ്ങി. ആ സമയത്ത്,

നീലക്കാർകുന്തലോടും നിടിലമതിൽവിള-
ങ്ങുന്ന നൽഗോപിയോടും
ബാലാദിത്യപ്രകാശത്തൊടുമതിമൃദുവാം
പുഞ്ചിരിക്കൊഞ്ചലോടും
ചേലേറും ചേലയോടും കരമതിൽ വിലസും
ശംഖചക്രാദിയോടും
കാലും കൃഷ്ണസ്വരൂപം കുരുസഭയിലല-
ങ്കാരമായിബ്ഭവിച്ചു. 24

ധൃഷ്ട — ആവൂ! ഇപ്പോഴേ ഒരു മട്ടായുള്ളൂ.

സാത്യ — അപ്പോഴേ ആ സഭയിലുള്ള ആളുകൾക്കൊക്കെ ഒരാശ്വാസമായുള്ളൂ. പിന്നെ ഭഗവാൻ ആ സഭയിലുള്ള മഹാരാജാക്കന്മാരോടൊക്കെയും യാത്ര അരുളി

ച്ചേഷ്ടു് ശുശ്രൂഷണങ്ങൾ ഇവിടെ ശുദ്ധി. ഗാന്ധാരിയോ-
ടൊന്നു ധർമ്മപുത്രനെ ഗാന്ധാരിയോട്ട് ശുശ്രൂഷണമുണ്ടു്.

ധൃത—ശുശ്രൂഷാലിപ്സയെത്ത ഉത്സാഹമെന്തെല്ലാമെന്നെ
ന്നറിയാമല്ലോ. ഞാനുമിപ്പോൾ ഗാന്ധാരിയോട്ട പോവുക.

(എന്നു രണ്ടാളും പോയി)

വിഷ്കംഭം കഴിഞ്ഞു

(അനന്തരം ഭഗവാനും പാണ്ഡവന്മാരും പ്രവേശിക്കുന്നു)

ധർമ്മ—പിന്നെ-പിന്നെ—

ഭഗ—പിറന്നാൾ പ്രഭാതത്തിൽത്തന്നെ ഞാൻ സഭയിലേയ്ക്കു പോയി.

ഹേ! മാനവേന്ദ്രവരരേ! വഴിപോലെ കേൾപ്പിൻ
സാമമാദമാക്കതനൃപന്റെ വിചാരസാരം
സാമാന്യമുള്ള വഴിയല്ലവിടത്തിലൊന്നും
സാമാദികൊണ്ടു ലവലേശവുമില്ല സാദ്ധ്യം. 25

സന്ധിക്കായി പ്രയത്നം പലവിധമവിടെ-
ച്ചെയ്തു ദുര്യോധനന്നു-
ള്ളന്ധത്വം മൂലമെന്നിട്ടൊരു ഫലമതിനു-
ണ്ടായതില്ലെന്നുമല്ല
ബന്ധം കൂടാതെ ദുശ്ശാസനശകുനികളോ-
ടൊത്തു മന്ത്രിച്ചു നമ്മെ-
ബ്ബന്ധിപ്പാനായ്ക്കുടന്നാനതുപൊഴുതവിടെ-
ക്കാട്ടി ഞാൻ വിശ്വരൂപം. 26

ധർമ്മ—ഇവിടത്തെ വൈഭവമിട്ട മാത്രം ശേഷിച്ചു.

ഭഗ—എൻ ഞാനിന്നല്ല ഇന്നയൊക്കെയായിട്ടു പിന്നെയും തമ്മിൽ ചേർന്നാൽ കൊള്ളാമെന്നുവെച്ചു വളരെ പ്രയത്നം ചെയ്യുന്നാകിൽ എന്നു നിങ്ങളുടെനേരെ സജ്ജനങ്ങളാം വളരെ നന്ദിക്കുന്നുണ്ട്. എന്നാലിനി താമസിക്കേണമെന്നില്ല.

ധർമ്മ-എന്നാലിതിങ്കലൊരു സംശയലേശമിപ്പോ-
ളെന്നുള്ളിലില്ല സകലം ഭവദാജ്ഞപോലെ
നന്നായ്‌വരുന്നതിനു താവകപാദപത്മ-
മൊന്നാണെനിക്കു ശരണം കരുണാംബുരാശേ! 27

(ഭീമനോട്) ഭഗവാനരുളിച്ചെയ്തതു കേട്ടില്ലേ?

ഭീമ—ഉവ്വ്—ഇപ്പോഴും പുറപ്പെട്ടുകളയാം. എന്തിനു താമസിക്കുന്നു? ആവൂ, എനിക്കു സുഖമായി!

ചാഞ്ചല്യത്തോടിരിക്കുന്നതു വളരെയതാ-
യ്ക്കാലമെന്നാലുമിപ്പോ-
ളഞ്ചാതെന്നഗ്രജന്മാവരുളിയ മൊഴിയാ-
ലെങ്കലേശ്ശങ്ക തീർന്നു
ഞാനോടിച്ചെന്നു ദുശ്ശാസനനുടെ രുധിരം
മാറുകീറിക്കുടിച്ചാ-
പ്പാഞ്ചാലിക്കുള്ളൊരോമൽത്തലമുടിയുടനേ
കെട്ടുവൻ പുഷ്ടമോദം. 28

ധർമ്മ—വരട്ടെ—പരിഭ്രമിച്ചാൽ ശരിയാവില്ല. ബന്ധുക്കളെയൊക്കെ അറിയിച്ചു വേണ്ടുന്ന ഏർപ്പാടുകളും ചെയ്തു നല്ല നേരവും നോക്കി പുറപ്പെടണം.

ഭീമ—എന്നാലങ്ങിനെയാവാം. ഇപ്പോൾത്തന്നെ കച്ച ശട്ടംകെട്ടിക്കളയാം. വല്ല നേരവും ഉണ്ടാകാം.

ഭഗ—(ചിരിച്ചുകൊണ്ട്) ഉത്സാഹശക്തി ഇങ്ങിനെതന്നെ വേണം. തരക്കേടില്ല. എന്നാലും നല്ല മുഹൂർത്തത്തിൽത്തന്നെ വേണം പുറപ്പെടാൻ. വലുതായിട്ടുള്ള കാര്യത്തിനല്ലേ ആരംഭിക്കുന്നത്?

നകു—ചെറ്റും നമ്മൾ സുഖിച്ചിടാതിഹ പതി-
മ്മൂന്നോളമാസ്സത്സരം
പുറവുന്നു നില കിട്ടിടാതെയിനിമേൽ
നന്നല്ലമാന്തിക്കുകിൽ

സഹദേവൻ—

മറ്റന്നാൾ വിജയാഖ്യമായൊരു മുഹൂ-
ർത്തംകൊണ്ടു പോയീടുകിൽ
തെറ്റൊന്നും പിണയാതെ പോരിൽ വിജയം
നമ്മൾക്കു കൈവന്നിടും. ൨൦

ഭഗ—എന്നാലതു കൊള്ളാം. 'ശുഭസ്യ ശീഘ്രം' എന്നുണ്ടല്ലോ.

ധർമ്മ—എന്താണർജ്ജുന! അങ്ങിനെതന്നെയുറയ്ക്കുകയല്ലേ?

അർജ്ജു—ഭഗവാനരുളിച്ചെയ്യുന്നതു കേട്ട് അതുപോലെ പ്രവർത്തിക്കണം, അത്രയല്ലേ നമുക്കു ഭാരമുള്ളൂ?

ധർമ്മ—അതു ശരിയാണ്. അവിടത്തെ പക്ഷം താമസിക്കേണ്ട എന്നതന്നെയാണ്. അതുകൊണ്ടു യുദ്ധത്തിനു വേണ്ടുന്നതൊക്കെയും തയ്യാറാക്കി ഉടനെ പുറപ്പെടുകതന്നെ.

ഭഗ—എന്താണർജ്ജുനൻ ഇങ്ങിനെ ഭാരം മറ്റൊരാൾക്കാണെന്നു നടിക്കുന്നതു്? യുദ്ധം സമീപിച്ചപ്പോൾ കർണ്ണന്റെ പരാക്രമം വിചാരിച്ചു ഭയം തുടങ്ങിയെന്നുണ്ടോ?

അർജ്ജു—(കയ്യുകൊട്ടിച്ചിരിച്ചിട്ടു്) എനിക്കു കർണ്ണനെ ഭയമോ? (എന്നു ശൌര്യത്തോടുകൂടി ആകാശത്തു ലക്ഷ്യം വെച്ചു കർണ്ണനോടു നേരിട്ടെന്നപോലെ)

രേരേ! കർണ്ണ! രണത്തിനായ്ത്വരിക നിൻ-
സാമർത്ഥ്യവും ബന്ധുവാ-
യോരെക്കൌരവരാജനിത്തിരി സഹാ-
യിക്കുന്നതും കാണണം
മാരാരാതികൃപാവിലാസമിവനു-
ണ്ടെന്നാകിൽ വൈകാതെ നീ
ചേരും കാലനികേതനത്തിലതിനീ
ലക്ഷ്മീശനും സാക്ഷിയാം. 80

ഭഗ—(സന്തോഷത്തോടുകൂടി ധർമ്മപുത്രരോടു്)

ശ്വേതവാഹനരഥം നടത്തുവാൻ
സൂതഭാരമിവനേറ്റു സാമ്പ്രതം
വീതശങ്കമയി! തേ രസത്തിനായ്
ള്ളു ചൊല്ലി,—യിനിയെന്തു വേണ്ടു ഞാൻ? 81

ധർമ്മ—മുമ്പിൽ ഞങ്ങൾക്കു ഗുണം വരുത്തീട്ടുള്ളതും ഇപ്പോൾ വരുത്തുന്നതും ഇനി വരുത്താനിരിക്കുന്നതും ഇവിടുന്നുതന്നെയാണല്ലോ. അതുകൊണ്ടു് ഒക്കെയും ഇവിടുന്നു വേണ്ടതേയുള്ളൂ. എന്നാൽ ഞങ്ങളിലിങ്ങി

ഈ പ്രത്യുപകാരത്തോടുകൂടി ഉപകാരം ചെയ്യുന്നതിന്ന വേറെ നാമെന്താണു ഞങ്ങളെന്താണിഷ്ടം ചെയ്യേണ്ടതു്?

മഹേ—ദുഷ്ടനൃപന്മാരെയും മുടിച്ചുടൻ
ശിഷ്ടലോകപരിരക്ഷയാണു മേ
ഇഷ്ടമായതിനു മാർഗ്ഗമാകയാൽ
ഇഷ്ടനായ്സ്സഫലമായി സർവ്വവും 32

എന്നാലും ഇതിരിക്കട്ടെ.

(ഭരതവാക്യം)

ശ്രീദേവീവല്ലഭൻ കലിയവനകലെപ്പോ-
ട്ടെ നന്നായ് നയത്തിൽ-
ബ്ഭൂപന്മാർ കാത്തിടട്ടേ ഭുവനമിഹ ഭയം
നാട്ടുകാക്കററിടട്ടേ
പാപം വഞ്ചിച്ചിടട്ടേ ക്ഷമ സകലജന-
ങ്ങൾക്കമുണ്ടായ്വരട്ടേ
പ്രാപിക്കട്ടേ മഹത്വം പെരുകമവർ പര
ബ്രഹ്മസാമ്രാജ്യസൌഖ്യം 33

(എന്നെല്ലാവരും പോയി)

ഏഴാമങ്കം കഴിഞ്ഞു.

സമാപ്തം.



ഗ്രന്ഥകർത്താവിന്റെയും മററന്റെയും പുസ്തകങ്ങൾ

1. ഭഗവദ്ദൂത്
2. നടുവം കൃതികൾ
3. അഷ്ടമിയാത്ര
4. അംബോപദേശം
5. ആശ്രമപ്രവേശം
6. സന്താനഗോപാലം
7. കാവ്യശകലങ്ങൾ
8. സ്തവമഞ്ജരി
9. ഘോഷയാത്ര
10. ഭക്തിലഹരി
11. മഹാത്മാ ഗാന്ധി
12. ഗുരുവായൂരപ്പനും പിഷാരിക്കലമ്മയും

മംഗളോദയം ലിമിററഡ്, തൃശ്ശിവപേരൂർ.